# ആരും
# കേണലിനെഴുതുന്നില്ല

**ഗബ്രിയേൽ ഗാർഷ്യ മാർക്കേസ്**

**വിവർത്തനം : പരമേശ്വരൻ**

# ആരും കേണലിനെഴുതുന്നില്ല

## ഗബ്രിയേൽ ഗാർഷ്യ മാർക്കേസ്

കേണൽ കാപ്പിടിന്നിൻെറ അടപ്പ് തുറന്നു. ഒരു ചെറിയ സ്പൂൺ പൊടിയേ അതിലുണ്ടായിരുന്നുള്ളു. അയാൾ കാപ്പിപ്പാത്രം അടുപ്പിൽ നിന്നും മാറ്റി പകുതി വെള്ളം മൺതറയിലേക്ക് ഒഴിച്ചു കളഞ്ഞു. എന്നിട്ട് ഒരു കത്തികൊണ്ട് കാപ്പിടിന്നിൻെറ അടിയിൽ പറ്റിപ്പിടിച്ചിരുന്ന അവസാനത്തെ പൊടിയും തുരുമ്പും കൂടി പാത്രത്തിലേക്കു വീഴുന്നതുവരെ ചുരണ്ടിക്കൊണ്ടിരുന്നു.

അടുപ്പിനടുത്ത് ദൃഢവും നിഷ്കളങ്കവുമായ പ്രതീക്ഷയുടെ ഭാവത്തോടെ വെള്ളം തിളക്കാൻ കാത്തിരിക്കുമ്പോൾ തൻെറ കുടലിൽ പൂപ്പലുകളും വിഷമുല്ലകളും വേരുറപ്പിച്ചതുപോലെ കേണലിനു തോന്നി.

അത് ഒക്ടോബർ മാസമായിരുന്നു. അതുപോലെ അനേകം പ്രഭാതങ്ങൾ അതിജീവിച്ച അയാളെപ്പോലുള്ള ഒരു മനുഷ്യനു പോലും ദുഷ്ക്കരമായ ഒരു പ്രഭാതം.

ഏതാണ്ട് അറുപതു കൊല്ലമായി–ഒടുവിലത്തെ അഭ്യന്തരയുദ്ധത്തിൻെറ അന്ത്യം മുതൽ–കേണൽ മറ്റൊന്നും ചെയ്തില്ല–കാത്തിരിക്കുക മാത്രം. വന്നെത്തിയ ചുരുക്കം ചിലതിലൊന്ന് ഒക്ടോബർ മാസം മാത്രമായിരുന്നു. കാപ്പിയുമായി അയാൾ കിടപ്പുമുറിയിലേക്കു വരുന്നതു കണ്ടപ്പോൾ അയാളുടെ ഭാര്യ കൊതുകുവലയുയർത്തി. തലേ രാത്രി അവൾക്ക് ആസ്ത്മയുടെ ആക്രമണമുണ്ടായിരുന്നു. അതുകൊണ്ട് അവൾ ഒരു മയക്കത്തിൻെറ അവസ്ഥയിലായിരുന്നു. എങ്കിലും അവൾ കപ്പ് വാങ്ങുവാൻ എഴുന്നേറ്റിരുന്നു.

'നിങ്ങളോ'? അവൾ ചോദിച്ചു.

'ഞാൻ കുടിച്ചു.' കേണൽ കള്ളം പറഞ്ഞു. 'എന്നിട്ടും ഒരു വലിയ സ്പൂൺ പൊടി കൂടി ബാക്കിയുണ്ടായിരുന്നു.'

ആ നിമിഷം മണികൾ മുഴങ്ങാൻ തുടങ്ങി. കേണൽ ശവസംസ്കാരത്തിൻെറ കാര്യം മറന്നിരുന്നു. ഭാര്യ കാപ്പി കുടിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ അയാൾ തൂക്കുമഞ്ചത്തിൻെറ ഒരറ്റത്തെ കൊളുത്തൂരി വാതിലിനു പിറകിൽ മറ്റേ അറ്റത്തേക്ക് ചുരുട്ടി വെച്ചു. ആ സ്ത്രീ മരിച്ച മനുഷ്യനെക്കുറിച്ചോർത്തുകൊണ്ടിരുന്നു.

'അയാൾ ജനിച്ചത് 1922ലായിരുന്നു.' അവൾ പറഞ്ഞു, 'നമ്മുടെ മോൻെറ ജനനത്തിനു ശേഷം കൃത്യം ഒരു മാസം കഴിഞ്ഞ്. ഏപ്രിൽ ഏഴാം തീയതി.'

ചരലുപോലെയുള്ള ശ്വാസോച്ഛ്വാസത്തിനിടയിൽ അവൾ കാപ്പി മൊത്തിക്കുടിച്ചുകൊണ്ടിരുന്നു. വളഞ്ഞു വെറുങ്ങലിച്ച നട്ടെല്ലിനു മീതെ നേർത്ത വെളുത്ത പാടപോലെയായിരുന്നു അവൾ. ശ്വാസതടസ്സം കാരണം അവൾ ദൃഢപ്രഖ്യാപനങ്ങൾ പോലെയാണ് സംസാരിച്ചിരുന്നത്. കാപ്പി കുടിച്ചുതീർക്കുമ്പോഴും അവൾ ചിന്തിച്ചിരുന്നത് മരിച്ചുപോയ മനുഷ്യനെക്കുറിച്ചായിരുന്നു.

'ഒക്ടോബറിൽ മറവു ചെയ്യപ്പെടുന്നത് ഭയങ്കരം തന്നെയായിരിക്കണം,' അവൾ പറഞ്ഞു. അയാൾ ശ്രദ്ധിച്ചില്ല. അയാൾ ജനലുകൾ തുറന്നിട്ടു. ഒക്ടോബർ നടുമിറ്റത്തേക്കു നീങ്ങിയിരുന്നു. കടുംപച്ച പൊട്ടിവിതറിയിരുന്ന

സസ്യജാലവും കീടങ്ങൾ മണ്ണിൽ സൃഷ്ടിച്ചിരുന്ന ചെറിയ വരമ്പുകളും നോക്കിനിൽക്കുമ്പോൾ അയാൾക്ക് അപകടകാരിയായ ആ മാസം തൻെറ കുടലുകളിൽ അനുഭവവേദ്യമായി.

'ഞാൻ അസ്ഥികൾ വരെ നനഞ്ഞൊട്ടിയിരിക്കുന്നു,' അയാൾ പറഞ്ഞു.

'ഇതു തണുപ്പുകാലമാണ്,' അവൾ പ്രതിവചിച്ചു. 'മഴ പെയ്യാൻ തുടങ്ങിയതു മുതൽ ഞാൻ പറയുന്നതാണ് സോക്സിട്ടു കിടക്കണമെന്ന്.'

'ഒരാഴ്ചയായി ഞാൻ അവയണിഞ്ഞാണ് കിടക്കുന്നത്.'

മഴ സൗമ്യമായി, എന്നാൽ നിർത്താതെ, പെയ്യുകൊണ്ടിരുന്നു.

കമ്പിളിപ്പുതപ്പുകൊണ്ട് മൂടി തൻെറ തൂക്കുമഞ്ചത്തിലേക്ക് കയറിക്കിടക്കാനാണ് കേണലിന് തോന്നിയത്. എന്നാൽ വിടാതെ തുടരുന്ന ഇടറിയ മണിനാദം അയളെ ശവസംസ്കാരത്തെപ്പറ്റി ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു.

'ഇത് ഒക്ടോബറാണ്' അയാൾ പിറുപിറുത്തുകൊണ്ട് മുറിയുടെ മദ്ധ്യത്തിലേക്ക് നടന്നു. അപ്പോൾ മാത്രമാണ് അയാൾ കട്ടിലിൻെറ കാലിൽ കെട്ടിയിട്ടിരുന്ന പൂവൻകോഴിയുടെ കാര്യം ഓർത്തത്. ഒരു അങ്കക്കോഴിയായിരുന്നു അത്.

കപ്പ് അടുക്കളയിലേക്കു കൊണ്ടുപോയതിനു ശേഷം അയാൾ സ്വീകരണമുറിയിൽ മരത്തിൽ കൊത്തിയ കൂട്ടിൽ വെച്ചിരുന്ന ക്ലോക്കിന് താക്കോൽ കൊടുത്തു. ആസ്ത്മ രോഗികൾക്ക് പറ്റാത്ത തരത്തിലുള്ള ഇടുങ്ങിയ കിടപ്പുമുറിയിൽ നിന്നും വ്യത്യസ്തമായി, സ്വീകരണമുറി വിശാലമായിരുന്നു. പ്ലാസ്റ്ററിൽ നിർമ്മിച്ച പൂച്ചയെ വെച്ചിരുന്ന വിരിപ്പിട്ട ചെറിയ മേശയ്ക്കു ചുറ്റും നാല് കരുത്തുറ്റ ആട്ടുകസേരകൾ നിരത്തിയിരുന്നു. ക്ലോക്കിൻെറ എതിർ വശത്തുള്ള ഭിത്തിയിൽ വലപോലെയുള്ള വസ്ത്രം ധരിച്ച ഒരു സ്ത്രീ റോസാപ്പൂക്കൾ നിറച്ച ഒരു വഞ്ചിയിൽ പ്രേമത്തിൻെറ പ്രതീകമായ ചിറകുള്ള കുട്ടികളുടെ മദ്ധ്യത്തിൽ നില്ക്കുന്ന ഒരു ചിത്രമുണ്ടായിരുന്നു.

ക്ലോക്കിന് താക്കോൽ കൊടുത്തു തീരുമ്പോൾ സമയം ഏഴുമണി കഴിഞ്ഞ് ഇരുപത് മിനുട്ടായിരുന്നു. അയാൾ കോഴിയെ അടുക്കളയിലേക്ക് കൊണ്ടുപോയി സ്റ്റൗവിൻെറ കാലിൽ കെട്ടിയിട്ട്, ടിന്നിലെ വെള്ളം മാറ്റി കോഴിക്ക് ഒരു പിടി ധാന്യം ഇട്ടുകൊടുത്തു.

വേലിപ്പഴുതിലൂടെ ഒരു കൂട്ടം കുട്ടികൾ കടന്നുവന്നു. അവർ കോഴിയുടെ ചുറ്റും കൂടി നിശ്ശബ്ദമായി അതിനെ നോക്കിക്കൊണ്ടു നിന്നു.

'നിങ്ങളതിനെ അങ്ങനെ നോക്കണ്ട, കേണൽ പറഞ്ഞു. 'ഏറെ നോക്കിയാൽ പൂവൻ കോഴികൾ മെലിഞ്ഞുപോവും.'

കുട്ടികൾ അനങ്ങിയില്ല. ഒരുവൻ ഹാർമോണിക്കയിൽ പ്രശസ്തമായ ഒരു പാട്ട് വായിക്കാൻ തുടങ്ങി.

'ഇന്നത് വായിക്കരുത്, കേണൽ പറഞ്ഞു, പട്ടണത്തിൽ ഒരു മരണം നടന്നിട്ടുണ്ട്.'

പയ്യൻ ഉപകരണം കാലുറയുടെ കീശയിലിട്ടപ്പോൾ കേണൽ ശവസംസ്കാരത്തിന് പുറപ്പെടാനായി കിടപ്പുമുറിയിലേക്കു പോയി.

ആസ്ത്മ കാരണം ഭാര്യ വെള്ള സൂട്ട് ഇസ്തിരിയിട്ടിരുന്നില്ല. അതിനാൽ അയാൾക്ക് തൻെറ വിവാഹത്തിനുശേഷം വിശേഷാവസരങ്ങളിൽ മാത്രം ധരിച്ചിരുന്ന പഴയ കറുത്ത സൂട്ട് അണിയേണ്ടി വന്നു. പെട്ടിയുടെ അടിയിൽ പത്രം കൊണ്ടു പൊതിഞ്ഞ്, പാറ്റ കടക്കാതിരിക്കാൻ പാറ്റ ഗുളികകളിട്ടു വെച്ചിരുന്ന സൂട്ട് കണ്ടുപിടിക്കാൻ തന്നെ അല്പം പാടുപെട്ടു.

'അയാൾ ഇതിനു മുമ്പു തന്നെ അഗസ്റ്റിനെ കണ്ടിട്ടുണ്ടായിരിക്കണം,' അവൾ പറഞ്ഞു. 'ഒരു പക്ഷെ, അവൻ പോയതിനു ശേഷം നാം വന്നുപെട്ട സ്ഥിതിവിശേഷത്തെക്കുറിച്ചൊന്നും അയാൾ പറയില്ലായിരിക്കും.'

'ഈ സമയം അവർ പൂവൻ കോഴികളെ കുറിച്ചായിരിക്കും പറയുന്നത്.'

പെട്ടിയിൽ അയാളൊരു വലിയ കുട കണ്ടെത്തി. കേണലിൻെറ പാർട്ടിക്ക് ഫണ്ടുശേഖരണത്തിനായി നടത്തിയ നറുക്കെടുപ്പിൽ അയാളുടെ ഭാര്യക്ക് ലഭിച്ചതായിരുന്നു അത്. അതേ രാത്രി അവർ പുറത്തൊരു പരിപാടിക്കു പോവുകയുണ്ടായി. മഴയുണ്ടായിരുന്നിട്ടും അത് തടസ്സപ്പെട്ടില്ല. കേണലും ഭാര്യയും മകൻ അഗസ്റ്റിനും–അവനന്ന് എട്ടു വയസ്സായിരുന്നു–കുടക്കീഴിലിരുന്ന് പരിപാടി അവസാനം വരെ വീക്ഷിച്ചു. ഇന്ന് അഗസ്റ്റിൻ മരിച്ചിരിക്കുന്നു; തിളങ്ങുന്ന സിൽക്ക് തുണി പാറ്റകൾ നശിപ്പിച്ചിരിക്കുന്നു.

'നോക്ക്, നമ്മുടെ സർക്കസ് കോമാളിയുടെ കുടയുടെ അവശിഷ്ടം.' കേണൽ തൻെറ പഴയ പദപ്രയോഗങ്ങളിലൊന്ന് ഉപയോഗിച്ചു. അയാളുടെ തലക്കു മുകളിൽ ലോഹദണ്ഡുകളുടെ ദുരൂഹമായ ഒരു രൂപം നിവർത്തപ്പെട്ടു. 'ഇപ്പോൾ ഇത് നക്ഷത്രമെണ്ണാൻ മാത്രമേ കൊള്ളുകയുള്ളു.'

അയാൾ പുഞ്ചിരിച്ചു. പക്ഷെ, ഭാര്യ കുടയിലേക്ക് നോക്കിയതേ ഇല്ല. 'എല്ലാം അതുപോലെയാണ് അവൾ പിറുപിറുത്തു 'നമ്മളും ജീവനോടെ ജീർണ്ണിക്കുകയാണ്.' അവൾ മരിച്ച മനുഷ്യനിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനായി കണ്ണുകളടച്ചു.

കൈകൊണ്ട് തടവിക്കൊണ്ട് താടി വടിച്ചതിനു ശേഷം-ഒരുപാട് കാലമായി അയാൾക്കൊരു കണ്ണാടിയുണ്ടായിരുന്നില്ല-കേണൽ നിശ്ശബ്ദം വസ്ത്രമണിഞ്ഞു. മുട്ടിനു താഴെ ചരടുകൊണ്ട് മുറുക്കിക്കെട്ടി, അരയിൽ ബക്കിൾ വെച്ച രണ്ടു പട്ടകൊണ്ട് കെട്ടിയ അയാളുടെ കാലുറ ഒരു അടിവസ്ത്രം പോലെ ഇറുകിയതായിരുന്നു. അയാൾ അരപ്പട്ട ഉപയോഗിക്കാറില്ല. പഴയ മനില പേപ്പറിൻെറ നിറവും അതുപോലെ ബലമായി നിൽക്കുന്നതുമായ അയാളുടെ ഷർട്ട് എടുത്തുമാറ്റാവുന്ന കോളറുമായി ബന്ധിപ്പിച്ചു നിർത്തിയിരുന്നത് ഒരു ചെമ്പിൻെറ സ്റ്റഡു കൊണ്ടായിരുന്നു. പക്ഷെ, കോളർ കീറിയിരുന്നു, അതിനാൽ, ടൈ കെട്ടുക എന്ന ആശയം അയാൾ ഉപേക്ഷിച്ചു.

അയാൾ ഓരോ പ്രവൃത്തിയും ചെയ്തിരുന്നത് ഇന്ദ്രിയാതീതമായ ഒരു അനുഷ്ഠാനം പോലെയായിരുന്നു. അയാളുടെ കൈയെല്ലുകളുടെ ചുറ്റുമുള്ള തൊലി വലിഞ്ഞുമുറുകിയിരുന്നു. അർദ്ധസുതാര്യമായ തൊലിയിൽ അവിടവിടെ കറുത്തപാടുകളുണ്ടായിരുന്നു. കട്ടി തോലുകൊണ്ടുള്ള ഷൂ ധരിക്കുന്നതിനു മുമ്പ് അയാൾ അതിൻെറ തുന്നലിൽ പറ്റിപ്പിടിച്ചിരുന്ന മണ്ണ് ചുരണ്ടിക്കളഞ്ഞു. ആ നിമിഷം കല്യാണ ദിവസത്തിലെന്ന പോലെ വേഷമിട്ടു നില്ക്കുന്ന അയാൾ ഭാര്യയുടെ ശ്രദ്ധയിൽ പെട്ടു. അയാളെത്ര വൃദ്ധനായിരിക്കുന്നു എന്ന കാര്യം അവൾ അപ്പോൾ മാത്രമാണ് ശ്രദ്ധിച്ചത്.

'നിങ്ങൾ എന്തോ വലിയ സംഭവത്തിന് ഒരുങ്ങിയ പോലെ തോന്നുന്നു.' അവൾ പറഞ്ഞു.

'ശവസംസ്കാരം ഒരു വലിയ സംഭവം തന്നെയാണ്.' കേണൽ പറഞ്ഞു. 'വളരെ കൊല്ലങ്ങളായി നമ്മൾ കാണുന്ന ആദ്യത്തെ സ്വാഭാവിക മരണമാണ് ഇത്.'

ഒമ്പതു മണിക്കു ശേഷം കാലാവസ്ഥ തെളിഞ്ഞു. പോകാൻ പുറപ്പെടുമ്പോൾ ഭാര്യ അയാളുടെ കോട്ടിൻെറ കൈ കടന്നുപിടിച്ചു.

'മുടി ചീകൂ.' അവൾ പറഞ്ഞു.

എല്ലുകൊണ്ടുള്ള ചീർപ്പുകൊണ്ട് അയാൾ തൻെറ ഉരുക്കു നിറമുള്ള കുറ്റിരോമങ്ങൾ ഒതുക്കാൻ ശ്രമിച്ചു. പക്ഷെ, അതൊരു വിഫലമായ ശ്രമമായിരുന്നു.

'ഞാനൊരു തത്തയെപ്പോലെ കാണപ്പെടുന്നുണ്ടായിരിക്കണം.' അയാൾ പറഞ്ഞു.

ഭാര്യ അയാളെ സുസൂക്ഷ്മം വീക്ഷിച്ചു. അയാൾ അങ്ങനെയല്ലെന്ന് അവൾക്കു തോന്നി. കേണൽ തത്തയെപ്പോലെ തോന്നിച്ചില്ല.

നട്ടും ബോൾട്ടും കൊണ്ട് ഘടിപ്പിച്ചപോലുള്ള അസ്ഥികളുള്ള അയാൾക്ക് ഒരു വരണ്ട ശരീരപ്രകൃതിയായിരുന്നു. കണ്ണുകളിൽ തുടിക്കുന്ന ജീവൻ കാരണം അയാൾ ഫോർമാലിനിൽ സൂക്ഷിച്ച ജീവിയെപ്പോലെ തോന്നിച്ചില്ല.

'നിങ്ങൾ ഈ വേഷത്തിൽ വളരെ നന്നായിട്ടുണ്ട്.' അയാൾ മുറി വിടുമ്പോൾ അവൾ സമ്മതിച്ചു. 'ഡോക്ടറെ കാണുമ്പോൾ ചോദിക്കൂ, നമ്മൾ അദ്ദേഹത്തിൻെറ മേൽ തിളച്ച വെള്ളം കോരിയൊഴിച്ചോ എന്ന്.' അവൾ കൂട്ടിച്ചേർത്തു.

അവർ ടൗണിൻെറ ഒരറ്റത്ത് ഓലമേഞ്ഞ, കുമ്മായം അടർന്നുവീണുകൊണ്ടിരിക്കുന്ന ചുമരുകളോടുകൂടിയ ഒരു വീട്ടിലാണ് താമസിച്ചിരുന്നത്. മഴ മാറിയെങ്കിലും ഈർപ്പം വിട്ടില്ല. ഇരുവശവും വീടുകൾ തിങ്ങിനിറഞ്ഞ ഒരു ഇടവഴിയിലൂടെ കേണൽ കവലയിലേക്കു നടന്നു. പ്രധാന തെരുവിലേക്കെത്തിയപ്പോഴേക്കും അയാൾ വിറയ്ക്കാൻ തുടങ്ങി. കണ്ണെത്തും വരെ ടൗൺ മുഴുവൻ പൂക്കൾ വിരിച്ചിരുന്നു. കറുപ്പണിഞ്ഞ സ്ത്രീകൾ വാതിൽക്കൽ ശവസംസ്കാരത്തിനു കാത്തിരിക്കയായിരുന്നു.

കവലയിൽ വീണ്ടും മഴ ചാറാൻ തുടങ്ങി. ഹാളിൻെറ ഉടമസ്ഥൻ വീട്ടുപടിക്കൽ നിന്നും കേണലിനെ കണ്ടു. അയാൾ കൈകൾ നീട്ടി വിളിച്ചു പറഞ്ഞു.

‘കേണൽ, നിൽക്കൂ, ഞാനൊരു കുട തരാം.’
കേണൽ തിരിഞ്ഞുനോക്കാതെ മറുപടി പറഞ്ഞു:
‘നന്ദി. ഇത് എനിക്കു സാരമില്ല.’
അതുവരേയും മരണജാഥ പള്ളിയുടെ പുറത്തേക്കു വന്നിട്ടുണ്ടായിരുന്നില്ല. വെള്ള വസ്ത്രങ്ങളും കറുത്ത ടൈയും ധരിച്ച പുരുഷന്മാർ വാതിൽക്കൽ കുടക്കീഴിൽ സംസാരിച്ചുകൊണ്ടു നിന്നിരുന്നു. അവരിലൊരാൾ കവലയിലെ ചെറിയ ചളിക്കുഴികൾ ചാടിക്കടക്കുന്ന കേണലിനെ കണ്ടു.
‘ഇതാ, ഇതിനകത്തേക്കു വരൂ, സുഹൃത്തേ,’ കുടക്കീഴിൽ സ്ഥലമുണ്ടാക്കിക്കൊണ്ട് അയാൾ വിളിച്ചു പറഞ്ഞു.
‘നന്ദി, സ്നേഹിതാ,’ കേണൽ പറഞ്ഞു. ക്ഷണം സ്വീകരിക്കാതെ അയാൾ മരിച്ച ആളുടെ അമ്മയെ സ്വാന്തനിപ്പിക്കാൻ അയാളുടെ വീട്ടിലേക്ക് നടന്നു.
ആദ്യം അയാൾക്കനുഭവപ്പെട്ടത് പലതരം പൂക്കളുടെ മണമായിരുന്നു. അപ്പോഴേയ്ക്കും ചൂടു കൂടി. കേണൽ കിടപ്പുമുറിയിൽ തിങ്ങിനിറഞ്ഞ ആൾക്കൂട്ടത്തിലൂടെ അകത്തേക്കു കടക്കാൻ ശ്രമിച്ചു. പക്ഷെ, ആരോ അയാളുടെ പിന്നിൽ പിടിച്ച് പല മുഖങ്ങളൂടെ ഇടയിലൂടെ മുറിയുടെ പിന്നിൽ തുറസ്സായ ഒരു ഭാഗത്ത് എത്തിച്ചു. അവിടെ നിന്ന് അയാൾക്ക് മരിച്ച് കിടക്കുന്ന മനുഷ്യന്റെ നാസാദ്വാരങ്ങൾ കാണാമായിരുന്നു. മെടഞ്ഞ ഓലകൊണ്ടുള്ള ഒരു വിശറി കൊണ്ട് ശവപ്പെട്ടിയിൽ നിന്ന് ഈച്ചകളെ ആട്ടിക്കൊണ്ട് മരിച്ച ആളുടെ അമ്മ നിന്നിരുന്നു. കറുപ്പു വസ്ത്രമണിഞ്ഞ മറ്റു സ്ത്രീകൾ നദിയിലെ ഒഴുക്കു നോക്കിനില്ക്കുന്നതുപോലെ ശവശരീരം വീക്ഷിച്ചുകൊണ്ടു നിന്നു.
പെട്ടെന്ന് മുറിയുടെ പിൻഭാഗത്തു നിന്നും ഒരു ശബ്ദമുയർന്നു. കേണൽ ഒരു സ്ത്രീയെ മാറ്റിനിർത്തി മരിച്ച മനുഷ്യന്റെ അമ്മയുടെ പാർശ്വഭാഗത്തിനഭിമുഖമായി നിന്ന് കൈ അവരുടെ തോളിൽ വെച്ചുകൊണ്ട് പറഞ്ഞു.
‘എനിക്ക് അതിയായ ദു:ഖമുണ്ട്.’
അവർ തലതിരിക്കാതെ ഒന്നു മുരണ്ടു. കേണൽ ഞെട്ടി. ഒരു വിറയാർന്ന നിലവിളിയോടു കൂടി രൂപം നശിച്ച ആ ആൾക്കൂട്ടം തന്നെ ശവശരീരത്തിലേക്ക് അമർത്തുന്നതായി അയാൾക്കു തോന്നി. ഒരു താങ്ങിനായി അയാളുടെ കൈകൾ പരതി. പക്ഷെ, അയാൾക്ക് ചുമർ കണ്ടെത്താൻ കഴിഞ്ഞില്ല.
അതിന്റെ സ്ഥാനത്ത് ശരീരങ്ങളായിരുന്നു. ആരോ അയാളുടെ ചെവിയിൽ സൗമ്യമായി പറഞ്ഞു:
‘കേണൽ, സൂക്ഷിക്കണം’
മുഖം തിരിച്ചപ്പോൾ കേണൽ ശവശരീരത്തിന് അഭിമുഖമായി. കേണലിന് അയാളെ തിരിച്ചറിയാൻ കഴിഞ്ഞില്ല; അയാൾ അത്രയും വിറങ്ങലിച്ചിരുന്നു. വെള്ള വസ്ത്രങ്ങളിൽ പൊതിഞ്ഞ് കൈകളിൽ കാഹളവുമായി അയാൾ തന്നെപ്പോലെ തന്നെ പരിഭ്രാന്തനായപോലെ കേണലിനു തോന്നി.
കേണൽ ബഹളത്തിനു മുകളിൽ അൽപം വായുവിനു വേണ്ടി തലയുയർത്തിയപ്പോൾ അടച്ച പെട്ടി ഉയർന്നുപൊങ്ങുന്നതും ചുമരിൽ മുട്ടി ഛിന്നഭിന്നമായിപ്പോയ പൂക്കൾ മൂടിയ ഒരു ചെരുവിലൂടെ ചുമരിനു നേരെ കുതിക്കുന്നതും കണ്ടു. അയാൾ ആകെ വിയർത്തു. സന്ധികളിൽ വേദന അനുഭവപ്പെട്ടു.
ഒരു നിമിഷത്തിനു ശേഷം താൻ തെരുവിലാണെന്ന് കേണലിനു മനസ്സിലായി. ചാറ്റൽ മഴ അയാളുടെ കൺപോളകളെ നോവിച്ചു. ആരോ അയാളുടെ കൈപിടിച്ചുകൊണ്ട് പറഞ്ഞു:
‘വേഗം, സ്നേഹിതാ, ഞാൻ നിങ്ങളെ കാത്തുനിൽക്കുകയായിരുന്നു.’
അത് സബാസ് ആയിരുന്നു. തന്റെ മരിച്ചുപോയ മകന്റെ തലതൊട്ടപ്പൻ. രാഷ്ട്രീയ മർദ്ദനത്തിൽ നിന്നും രക്ഷപ്പെട്ട തന്റെ പാർട്ടിയിലെ ഒരേയൊരു നേതാവ്.
‘നന്ദി, ചങ്ങാതി’ എന്നു പറഞ്ഞ് കേണൽ നിശ്ശബ്ദമായി കുടക്കീഴിൽ നടന്നു.
അനുശോചനയാത്രയുടെ ബാൻറ് വാദ്യം മുഴങ്ങി. കേണൽ കാഹളത്തിന്റെ അഭാവം ശ്രദ്ധിച്ചു. ആദ്യമായി അയാൾക്ക് മരിച്ച മനുഷ്യൻ ശരിക്കും മരിച്ചിരിക്കുന്നു എന്ന് ബോദ്ധ്യപ്പെട്ടു.
‘പാവം മനുഷ്യൻ.’ അയാൾ പിറുപിറുത്തു.

സബാസ് തൊണ്ടയനക്കി. അയാൾക്ക് കേണലിനേക്കാൾ ഉയരം കുറവായതുകൊണ്ട് കുട ഇടത്തെ കയ്യിൽ തലയ്ക്കു മീതെ ഉയർത്തിപ്പിടിച്ചു. ജാഥ കവല വിട്ടപ്പോൾ അവർ സംസാരിക്കാൻ തുടങ്ങി. സബാസ് ശോകപൂർണ്ണമായ മുഖത്തോടെ കേണലിനെ നോക്കി പറഞ്ഞു:

'ചങ്ങാതീ, പൂവൻെറ വിശേഷമെന്താണ്?'

'അവനിപ്പോഴും അവിടെയുണ്ട്.' കേണൽ പറഞ്ഞു.

ആ നിമിഷം ഉച്ചത്തിൽ ഒരു കൂവൽ കേട്ടു:

'ആ ശവശരീരവുമായി അവർ എങ്ങോട്ടാണ് പോകുന്നത്?'

കേണൽ ദൃഷ്ടിയുയർത്തി. ബാരക്കിൻെറ ബാൽക്കണിയിൽ മേയർ വിജൃംഭിതമായ ഭാവത്തിൽ നില്ക്കുന്നത് കേണൽ കണ്ടു. ഫ്ലാനൽ കൊണ്ടുള്ള അയഞ്ഞ അടിവസ്ത്രം മാത്രമേ അദ്ദേഹം ധരിച്ചിരുന്നുള്ളു. വടിക്കാത്ത താടി തടിച്ചുവീർത്തിരുന്നു. ഗായകസംഘം നിന്നു. ഒരു നിമിഷത്തിനു ശേഷം മേയറോട് ഉച്ചത്തിൽ വിളിച്ചുപറയുന്ന ആഞ്ചലച്ചൻെറ ശബ്ദം കേണൽ തിരിച്ചറിഞ്ഞു. കുടയുടെ പുറത്ത് മഴയുടെ താളത്തിനിടയിലൂടെ അവരുടെ സംസാരം അയാൾക്കു ഗ്രഹിക്കാൻ കഴിഞ്ഞു.

'എന്താ?' സബാസ് ചോദിച്ചു.

'ഏയ് ഒന്നുമില്ല' കേണൽ പറഞ്ഞു. 'പോലിസ് കെട്ടിടങ്ങൾക്കു മുന്നിലൂടെ ശവം കൊണ്ടുപോകാൻ പാടില്ലായിരിക്കാം.'

'ഓ, ഞാൻ അതു മറന്നുപോയി.' സബാസ് ഉച്ചത്തിൽ പറഞ്ഞു. 'നമ്മൾ പട്ടാളനിയമത്തിലാണെന്ന് ഞാൻ എപ്പോഴും മറക്കും.'

'പക്ഷെ, ഇതൊരു വിപ്ലവമല്ലല്ലോ,' കേണൽ പറഞ്ഞു, 'ഇത് മരിച്ചുപോയ ഒരു പാവം ഗായകനാണ്.'

ജാഥ വഴിമാറി. അയല്പക്കത്തെ പാവപ്പെട്ട സ്ത്രീകൾ നഖം കടിച്ചുകൊണ്ട് ജാഥ പോകുന്നത് നിശ്ശബ്ദം നോക്കിനിന്നു. പെട്ടെന്ന് അവർ വീഥിയുടെ മദ്ധ്യത്തിലേക്കു വന്ന് പ്രശംസയുടേയും കൃതജ്ഞതയുടേയും വിടയുടേയും ഭേരികൾ മുഴക്കി, ശവപ്പെട്ടിയിലിരുന്ന് പരേതൻ അവരുടെ ശബ്ദം ശ്രവിക്കുന്നു എന്ന് കരുതിയിട്ടെന്നപോലെ.

ശവം ചുമക്കുന്നവർക്കു പോകാനായി സബാസ് കേണലിനെ മതിലിനു നേരെ ഉന്തുകയും പുഞ്ചിരിച്ചുകൊണ്ട് അയാളെ നോക്കുകയും ചെയ്തു. എന്നാൽ, കേണലിൻെറ മുഖം ഗൗരവത്തിലായിരുന്നു.

'എന്തുപറ്റി, സ്നേഹിതാ?' സബാസ് ചോദിച്ചു

കേണൽ നെടുവീർപ്പിട്ടു. 'ഇത് ഒക്ടോബറാണല്ലോ!'

അതേ തെരുവിലൂടെ തന്നെ അവർ തിരിച്ചു നടന്നു. തിരക്കൊഴിഞ്ഞിരുന്നു. ആകാശം കടും നീലയായി.

'ഇനിയും മഴ പെയ്യുകയില്ല.' കേണലിനു തോന്നി. അയാൾക്കല്പം സുഖം തോന്നി. എങ്കിലും മ്ലാനത വിട്ടുമാറിയില്ല.

'ഒരു ഡോക്ടറെക്കൊണ്ട് പരിശോധിപ്പിച്ചു കൂടെ?' സബാസ് അയാളുടെ ചിന്തകളുടെ ഗതി തടസ്സപ്പെടുത്തി.

'എനിയ്ക്കസുഖമൊന്നുമില്ല,' കേണൽ പറഞ്ഞു. 'കുഴപ്പമെന്താണെന്നുവെച്ചാൽ, ഒക്ടോബറിൽ എനിക്ക് കുടലിൽ ജന്തുക്കളുണ്ടെന്നു തോന്നും.'

സബാസ് 'ഹാ' എന്നൊരു ശബ്ദം പുറപ്പെടുവിച്ചു.

സ്വന്തം വീടിനു മുന്നിൽ വെച്ച് അയാൾ വിടപറഞ്ഞു. പച്ചിരുമ്പിൻെറ ജനലഴികൾ വെച്ച ഒരു പുതിയ ഇരുനിലക്കെട്ടിടം. കേണൽ തൻെറ സൂട്ട് മാറാനുള്ള വ്യഗ്രതയോടെ വീട്ടിലേക്കു നടന്നു. അല്പനേരം കഴിഞ്ഞ് അയാൾ ഒരു ടിൻ കാപ്പിയും കോഴിക്ക് അര റാത്തൽ ധാന്യവും വാങ്ങാൻ അടുത്തുള്ള കടയിലേക്കു പോയി.

വ്യാഴാഴ്ച്ചകളിൽ സ്വന്തം തൂക്കുമഞ്ചത്തിൽ വെറുതെ കിടക്കാനാണ് അയാൾക്കിഷ്ടമെങ്കിലും അയാൾ കോഴിയെ പരിചരിച്ചു. കുറെ ദിവസത്തേക്ക് തെളിച്ചമുണ്ടായില്ല. ആഴ്ച്ചയുടെ പോക്കിൽ വയറ്റിലെ സസ്യങ്ങൾ പൂത്തു. ഒട്ടു വളരെ രാത്രികൾ അയാൾ ഭാര്യയുടെ ശ്വാസകോശത്തിൻെറ ചൂളം വിളി സഹിച്ച് ഉറക്കമില്ലാതെ കഴിച്ചുകൂട്ടി. പക്ഷെ, വെള്ളിയാഴ്ച്ച വൈകുന്നേരം ഒക്ടോബർ അൽപ്പം ആനുകൂല്യമനുവദിച്ചു. അഗസ്റ്റിൻെറ കൂട്ടുകാർ–അവനെപ്പോലെ തുന്നൽക്കടയിലെ ജോലിക്കാരും

കോഴിപ്പോര്‍ കമ്പക്കാരും–കോഴിയെ പരിശോധിക്കാന്‍ ആ സന്ദര്‍ഭം ഉപയോഗപ്പെടുത്തി. കോഴി നല്ല സ്ഥിതിയില്‍ തന്നെയായിരുന്നു.

വീട്ടില്‍ ഭാര്യയോടൊപ്പം തനിച്ചായപ്പോള്‍ കേണല്‍ കിടപ്പുമുറിയിലേക്കു മടങ്ങി. അവള്‍ സുഖം പ്രാപിച്ചിരുന്നു.

'അവരെന്തു പറയുന്നു?' അവള്‍ ചോദിച്ചു.

'വലിയ ഉത്സാഹം,' കേണലറിയിച്ചു. 'എല്ലാവരും കോഴിയുടെ പേരില്‍ പന്തയം വെക്കാന്‍ പണം മിച്ചം പിടിച്ചുകൊണ്ടിരിക്കുകയാണ്.'

'എനിക്കു മനസ്സിലാവുന്നില്ല, അവരെന്താണ് ആ വൃത്തികെട്ട കോഴിയില്‍ കാണുന്നതെന്ന്,' സ്ത്രീ പറഞ്ഞു. 'അവന്‍ വിലക്ഷണനായിട്ടാണ് എനിക്കു തോന്നുന്നത്. അവന്‍റെ തല കാലുകളെ അനുസരിച്ച് വളരെ ചെറുതാണ്.'

'അവര്‍ പറയുന്നു അവന്‍ ജില്ലയിലെ ഏറ്റവും മികച്ചവനാണെന്ന്.' കേണല്‍ പറഞ്ഞു 'അവന് അമ്പത് പെസോ വിലമതിക്കും.'

ഒമ്പതു മാസം മുമ്പ് കോഴിപ്പോര് നടക്കുമ്പോള്‍ രഹസ്യസാഹിത്യം വിതരണം ചെയ്തതിന് വെടിവെച്ചുകൊല്ലപ്പെട്ട തന്‍റെ മകന്‍റെ സ്വത്തായ കോഴിയെ വിടാതിരിക്കാനുള്ള തന്‍റെ തീരുമാനത്തെ ഈ വാദം സാധൂകരിക്കുന്നു എന്നയാള്‍ക്കുറപ്പായിരുന്നു.

'ഒരു വിലയേറിയ സ്വപ്നം തന്നെ', ആ സ്ത്രീ പറഞ്ഞു. 'ധാന്യം തീരുമ്പോള്‍ അവനെ നമ്മുടെ കരള്‍ തീറ്റേണ്ടി വരും.'

കേണല്‍ ചിന്തിക്കാന്‍ ഒരുപാട് സമയമെടുത്തു. ആ സമയം മുഴുവനും അയാള്‍ അലമാറയിലുള്ള വെളുത്ത ട്രൗസര്‍ നോക്കിയിരിക്കുകയായിരുന്നു.

'ഇത് ഏതാനും മാസങ്ങളേ വേണ്ടൂ.' അയാള്‍ പറഞ്ഞു. 'ജനവരിയില്‍ അങ്കമുണ്ടാവുമെന്ന് ഇപ്പോഴേ അറിയാവുന്നതാണ്. അന്നവനെ കൂടിയ വിലയ്ക്ക് വില്‍ക്കാം.'

കാലുറകള്‍ ഇസ്തിരിയിടാന്‍ വൈകിയിരിക്കുന്നു. സ്ത്രീ അവ അടുപ്പിന്‍ തിണ്ണയില്‍ വിരിച്ച് ഇസ്തിരിപ്പെട്ടികള്‍ കരിയിട്ടു ചൂടാക്കാന്‍ തുടങ്ങി.

'പുറത്തു പോകാന്‍ എന്താണിത്ര ധൃതി?' അവള്‍ ചോദിച്ചു.

'തപാല്‍.'

'ഇന്ന് വെള്ളിയാഴ്ചയാണെന്ന കാര്യം ഞാന്‍ മറന്നുപോയി.' കിടപ്പുമുറിയിലേക്കു തിരിച്ചുവരുമ്പോള്‍ അവള്‍ പറഞ്ഞു.

കേണല്‍ വേഷമണിഞ്ഞു കഴിഞ്ഞിരുന്നു. പക്ഷെ കാലുറയില്ലായിരുന്നു. അവള്‍ അയാളുടെ ഷൂസുകള്‍ ശ്രദ്ധിച്ചു.

'ആ ഷൂസുകള്‍ വലിച്ചെറിയാറായിരിക്കുന്നു. പാറ്റന്‍റ് ലെതര്‍ ഷൂ ധരിച്ചുകൂടേ?'

കേണല്‍ ആകെ തകര്‍ന്നപോലെ തോന്നിച്ചു. 'അവ അനാഥന്‍റെ ഷൂസുകള്‍ പോലെ തോന്നിക്കുന്നു,' അയാള്‍ പ്രതിഷേധിച്ചു. 'അവ ധരിക്കുമ്പോഴെല്ലാം ഒരു അനാഥാലയത്തില്‍ നിന്നും ചാടിപ്പോന്നപോലെയാണ് എനിക്കു തോന്നുന്നത്.'

'നമ്മുടെ മകന്‍ അനാഥരാക്കിയവരാണല്ലോ നാം' ആ സ്ത്രീ പറഞ്ഞു. വീണ്ടും അവള്‍ അയാളെ നിര്‍ബ്ബന്ധിച്ചു.

യന്ത്രബോട്ടുകളുടെ ചൂളംവിളി ഉയരുന്നതിനു മുമ്പ് കേണല്‍ തുറമുഖത്തേക്കു നടന്നു. പാറ്റന്‍റ് ലെതര്‍ ഷൂസുകളും വെള്ള കാലുറയും കഴുത്തില്‍ ചെമ്പുകൊണ്ടുള്ള കുടുക്കു കൊണ്ട് മുറുക്കിയ കോളറില്ലാത്ത ഷര്‍ട്ടും. സിറിയക്കാരന്‍ മോസസിന്‍റെ കടയില്‍ നിന്നും യന്ത്രബോട്ടുകള്‍ കരയ്ക്കണയുന്നത് അയാള്‍ക്ക് കാണാമായിരുന്നു. എട്ടു മണിക്കൂര്‍ നേരത്തെ നിശ്ചലതകൊണ്ടു മരവിച്ച യാത്രക്കാര്‍ ഇറങ്ങിക്കൊണ്ടിരുന്നു. എല്ലായ്പോഴും ഒരേ ആള്‍ക്കാര്‍ തന്നെ. വാണിജ്യാവശ്യത്തിനായി

യാത്രചെയ്യുന്നവരും തലേ ആഴ്ച പോയി പതിവുപോലെ ഈ ആഴ്ച്ച തിരിച്ചെത്തുന്ന പട്ടണത്തിൽ നിന്നുള്ള ആൾക്കാരും.

അവസാനത്തേതാണ് തപാൽ ബോട്ട്. അത് കരയ്ക്കണയുന്നത് ഉത്ക്കടമായ അസ്വാസ്ഥ്യത്തോടെ അയാൾ നോക്കിനിന്നു. ബോട്ടിന്റെ മേൽക്കൂരയിൽ പുകക്കുഴലുകളോട് ബന്ധിച്ച് നനയാത്ത തുണികൊണ്ട് പൊതിഞ്ഞ തപാൽസഞ്ചി അയാൾ കണ്ടു. പതിനഞ്ചു കൊല്ലത്തെ കാത്തിരിപ്പ് അയാളുടെ സഹജാവബോധത്തിന് മൂർച്ച കൂട്ടിയിരുന്നു, കോഴി അയാളുടെ ഉൽക്കണ്ഠയ്ക്കും. പോസ്റ്റ്മാസ്റ്റർ ബോട്ടിൽ കയറിയതു മുതൽ സഞ്ചിയുടെ കെട്ടഴിച്ച് തോളത്ത് വെക്കുന്നതുവരെ കേണൽ അദ്ദേഹത്തെ തന്റെ ദൃഷ്ടിപഥത്തിൽ തന്നെ നിർത്തി. തുറമുഖത്തിനു സമാന്തരമായി, വർണ്ണശബളമായ കച്ചവടസാധനങ്ങൾ നിരത്തിയ നിരവധി ചെറുതും വലുതുമായ കടകൾകൊണ്ട് ശബ്ദമുഖരിതമായ തെരുവിലൂടെ കേണൽ അദ്ദേഹത്തെ പിന്തുടർന്നു. എല്ലാ തവണയും പോലെ, ഇതാവർത്തിക്കുമ്പോൾ, ഭയത്തിൽ നിന്ന് വ്യത്യസ്തമായ, എന്നാൽ, അതുപോലെ അസഹ്യമായ ഒരു ഉൽക്കണ്ഠ അയാളെ മഥിച്ചു. തപാലാപ്പീസിൽ ഡോക്ടർ തന്റെ പത്രങ്ങൾക്കായി കാത്തിരിക്കുകയായിരുന്നു.

'''ഞങ്ങളുടെ വീട്ടിൽ വെച്ച് ഡോക്ടറുടെ മേൽ ഞങ്ങൾ തിളച്ച വെള്ളം കോരിയൊഴിച്ചോ''' എന്ന് എന്റെ ഭാര്യ ചോദിക്കുന്നു,' കേണൽ പറഞ്ഞു.

തലയിൽ തിളങ്ങുന്ന കറുത്ത മുടിയോടുകൂടിയ ഒരു ചെറുപ്പക്കാരനായിരുന്നു ഡോക്ടർ. അദ്ദേഹത്തിന്റെ ദന്തചികിത്സയുടെ പൂർണ്ണതയ്ക്ക് അവിശ്വസനീയമായ എന്തോ ഉണ്ടായിരുന്നു. ഡോക്ടർ ആസ്തമക്കാരിയുടെ ക്ഷേമമന്വേഷിച്ചു. ചെറിയ കള്ളികളിലേക്ക് കത്തുകളിടുന്ന പോസ്റ്റ്മാസ്റ്ററിൽ നിന്ന് കണ്ണുകളെടുക്കാതെ തന്നെ അയാൾ വിശദമായ ഒരു വിവരണം നൽകി. പോസ്റ്റ്മാസ്റ്ററുടെ മന്ദഗതി അയാളെ അരിശം കൊള്ളിച്ചു.

ഡോക്ടർ പത്രങ്ങളോടൊപ്പം തനിക്കുള്ള എഴുത്തുകളും വാങ്ങി. അദ്ദേഹം വൈദ്യസംബന്ധമായ പരസ്യലഘുലേഖകൾ ഒരു വശത്തേക്കു വെച്ച് സ്വകാര്യ എഴുത്തുകളിലൂടെ കണ്ണോടിച്ചു. ആ സമയം പോസ്റ്റ്മാസ്റ്റർ അവിടെ കൂടിയിരുന്നവർക്ക് എഴുത്തുകൾ കൊടുത്തുകൊണ്ടിരുന്നു. കേണൽ തന്റെ പേരിന്റെ ആദ്യാക്ഷരത്തിനായിട്ടുള്ള കള്ളി ശ്രദ്ധിച്ചു.

നീല വക്കുകളുള്ള ഒരു എയർ മെയിൽ കത്ത് അയാളുടെ ഞെരമ്പുകളുടെ പിരിമുറുക്കം കൂട്ടി.

ഡോക്ടർ പത്രങ്ങളുടെ സീൽ പൊട്ടിച്ച് പ്രധാനവാർത്തകൾ വായിക്കാൻ തുടങ്ങി. കേണൽ കണ്ണുകൾ ആ ചെറിയ കള്ളിയിലുറപ്പിച്ച് പോസ്റ്റ്മാസ്റ്റർ അടുത്തുവന്നു നില്ക്കുന്നതും കാത്തു നിന്നു. പക്ഷെ, പോസ്റ്റ്മാസ്റ്റർ വന്നില്ല. ഡോക്ടർ വായന നിർത്തി കേണലിനെ നോക്കി. എന്നിട്ട് ടെലഗ്രാഫ് സ്വിച്ചിന്റെ മുന്നിലിരിയ്ക്കുന്ന പോസ്റ്റ്മാസ്റ്ററെ നോക്കി. വീണ്ടും കേണലിനെ നോക്കി.

'ഞങ്ങൾ പോവുകയാണ്.' അദ്ദേഹം പറഞ്ഞു.

പോസ്റ്റ്മാസ്റ്റർ തലയുയർത്തിയില്ല.

'കേണലിനൊന്നുമില്ല' അയാൾ പറഞ്ഞു.

കേണലിന് ലജ്ജ തോന്നി

'ഞാനൊന്നും പ്രതീക്ഷിച്ചിരുന്നില്ല' അയാൾ നുണ പറഞ്ഞു.

തികച്ചും ബാലിശമായ ഭാവത്തോടെ അയാൾ ഡോക്ടറുടെ നേരെ തിരിഞ്ഞു. 'എനിക്കാരും എഴുതാറില്ല' അവർ നിശബ്ദരായി തിരിച്ചുനടന്നു. ഡോക്ടർ പത്രങ്ങളിൽ ശ്രദ്ധിക്കുകയായിരുന്നു. കേണൽ, തന്റെ സ്വാഭാവികമായ, നഷ്ടപ്പെട്ട നാണയം തിരഞ്ഞ് തിരിച്ചു നടക്കുന്ന ആളുടെ ഭാവത്തിൽ നടന്നു.

അതൊരു പ്രകാശമാനമായ സായാ മായിരുന്നു. കവലയിലെ ബദാം മരങ്ങൾ അവസാനത്തെ ചീഞ്ഞ ഇലകൾ പൊഴിച്ചുകൊണ്ടിരുന്നു.

അവർ ഡോക്ടറുടെ ഓഫീസിന്റെ മുന്നിലെത്തിയപ്പോഴേക്കും നേരം ഇരുട്ടിത്തുടങ്ങിയിരുന്നു.

'എന്താണ് പത്രത്തിലെ വിശേഷങ്ങൾ?'

ഡോക്ടർ അയാൾക്ക് ഏതാനും പത്രങ്ങൾ നൽകി.

'ആർക്കുമറിയില്ല,' ഡോക്ടർ പറഞ്ഞു. 'സെൻസർകാർ അച്ചടിക്കാനനുവദിക്കുന്ന വരികൾക്കിടയിലൂടെ വായിക്കുക ദുഷ്കരമാണ്.'

കേണൽ പ്രധാന തലക്കെട്ടുകൾ വായിച്ചു. ലോകവാർത്ത. മുകളിൽ നാലുകോളങ്ങളിലായി സൂയസ് കനാലിനെപ്പറ്റി ഒരു റിപ്പോർട്ടുണ്ട്. മുൻപേജ് മുഴുവൻ പണം നൽകി പ്രസിദ്ധീകരിക്കുന്ന ചരമ അറിയിപ്പുകളാണ്.

'തെരഞ്ഞെടുപ്പിൻെറ പ്രതീക്ഷ നൽകുന്ന യാതൊന്നുമില്ല.' കേണൽ പറഞ്ഞു.

'ഒരു വിഡ്ഢിയാകാതിരിക്കൂ, കേണൽ,' ഡോക്ടർ പറഞ്ഞു. 'ഒരു രക്ഷകനെ കാത്തിരിക്കാൻ തക്കവണ്ണം ചെറുപ്പമല്ല നമുക്ക്.'

കേണൽ പത്രങ്ങൾ തിരിച്ചുകൊടുക്കാൻ ശ്രമിച്ചു. എന്നാൽ, ഡോക്ടർ നിരസിച്ചു.

'കയ്യിൽ വെച്ചുകൊള്ളൂ,' അദ്ദേഹം പറഞ്ഞു. 'രാത്രി വായിച്ചിട്ട് നാളെ മടക്കിത്തന്നാൽ മതി.'

ഏഴുമണി കഴിഞ്ഞപ്പോൾ മണിമാളികയിൽ നിന്നും ചലചിത്രങ്ങളുടെ തരംതിരിവുകൾ അറിയിക്കുന്ന സെൻസർ അധികൃതരുടെ മണികൾ മുഴങ്ങി. എല്ലാ മാസവും തപാലിൽ എത്തുന്ന മൂല്യസൂചികയനുസരിച്ച് സിനിമകളുടെ സദാചാര തരംതിരിവ് വിളംബരം ചെയ്യാൻ ഏഞ്ചലച്ചൻ ഈ രീതിയാണ് ഉപയോഗിക്കുന്നത്. കേണലിൻെറ ഭാര്യ പന്ത്രണ്ട് മണിയടികൾ എണ്ണി.

'ആർക്കും പറ്റാത്തത്,' അവൾ പറഞ്ഞു, 'സിനിമകൾ ആർക്കും കൊള്ളാത്തതായിട്ട് ഒരു കൊല്ലമായി.'

അവൾ കൊതുകുവല താഴ്ത്തി. 'ലോകം ആകെ ദുഷിച്ചിരിക്കുന്നു,' അവൾ പിറുപിറുത്തു.

കേണൽ ഒന്നും മിണ്ടിയില്ല. കിടക്കുന്നതിനു മുമ്പ് അയാൾ കോഴിയെ കട്ടിലിൻെറ കാലിൽ കെട്ടിയിട്ടു. വീടുപൂട്ടി കിടപ്പുമുറിയിൽ അല്പം കീടനാശിനി തളിച്ചു. എന്നിട്ട് വിളക്ക് താഴെ വെച്ച് തൂക്കുമഞ്ചം തൂക്കിയിട്ട് അതിൽ കിടന്ന് പത്രവായന തുടങ്ങി.

അയാൾ കാലക്രമമനുസരിച്ച് വായിക്കാൻ തുടങ്ങി, ആദ്യത്തെ പുറം മുതൽ അവസാനത്തേതുവരെ, പരസ്യങ്ങളടക്കം. 11മണിക്ക് നിശാനിയമത്തിൻെറ കാഹളം മുഴങ്ങി. അരമണിക്കൂറിനു ശേഷം കേണൽ വായന അവസാനിപ്പിച്ച് നടുമിറ്റത്തേയ്ക്കുള്ള വാതിൽ തുറന്ന്, അഭേദ്യമായ ഇരുട്ടിൽ, കൊതുകുകളുടെ ആക്രമണം സഹിച്ച് മതിലിന്മേലേക്ക് മൂത്രമൊഴിച്ചു. കിടപ്പുമുറിയിലേക്ക് തിരിച്ചെത്തുമ്പോഴേയ്ക്കും ഭാര്യ ഉണർന്നിരുന്നു.

'വിമുക്തഭടന്മാരെ കുറിച്ച് ഒന്നുമില്ലേ?' അവൾ ചോദിച്ചു.

'ഒന്നുമില്ല.' കേണൽ പറഞ്ഞു. കിടക്കയിലേക്ക് കയറുന്നതിനു മുമ്പ് അയാൾ വിളക്കു കെടുത്തി. 'ആദ്യമൊക്കെ അവർ പുതിയ പെൻഷൻകാരുടെ പേരുകൾ പ്രസിദ്ധപ്പെടുത്തുമായിരുന്നു. അഞ്ചുകൊല്ലമായി അവർ ഒന്നും പറയുന്നില്ല.'

കേണൽ ഉറങ്ങാൻ തുടങ്ങിയെങ്കിലും ഉടൻ തന്നെ കുടലുകളെക്കുറിച്ചുള്ള ആധിയാൽ ഉണർന്നു. മേൽക്കൂരയുടെ ഒരു ഭാഗത്ത് അയാൾ ചോർച്ച കണ്ടെത്തി. ചെവി വരെ കമ്പിളികൊണ്ട് മൂടി അയാൾ ഇരുട്ടിൽ ചോർച്ചയുടെ സ്ഥാനം കണ്ടെത്താൻ ശ്രമിച്ചു. ഒരു തുള്ളി തണുത്ത വിയർപ്പ് നട്ടെല്ലിലൂടെ ഒലിച്ചിറങ്ങി. അയാൾക്ക് പനിയ്ക്കുന്നുണ്ടായിരുന്നു. കുഴമ്പു നിറച്ച ഒരു സംഭരണിയുടെ ഉള്ളിൽ ഒരു ബിന്ദുവിനു ചുറ്റും താൻ കറങ്ങുകയാണെന്ന് അയാൾക്കു തോന്നി. ആരോ സംസാരിച്ചു. കേണൽ തൻെറ വിപ്ലവകാരിയുടെ കിടയ്ക്കയിൽ കിടന്ന് മറുപടി പറഞ്ഞു.

'നിങ്ങൾ ആരോടാണ് സംസാരിക്കുന്നത്?' ഭാര്യ ചോദിച്ചു.

'കേണൽ ഒറേലിയാനോ ബെൻഡിയയുടെ താവളത്തിൽ പുലിയുടെ വേഷത്തിൽ പ്രത്യക്ഷപ്പെട്ട ഇംഗ്ലീഷുകാരനോട്,' കേണൽ മറുപടി പറഞ്ഞു. പനികൊണ്ട് പൊള്ളുന്ന അയാൾ കിടയ്ക്കയിൽ തിരിഞ്ഞുകിടന്നു. 'അത് മാൾബറൊയിലെ ഡ്യൂക്കായിരുന്നു.'

പുലർച്ചയ്ക്ക് ആകാശം തെളിഞ്ഞു. കുർബ്ബാനയ്ക്കുള്ള രണ്ടാമത്തെ മണി മുഴങ്ങിയപ്പോൾ കേണൽ തൂക്കു മഞ്ചത്തിൽ നിന്ന് ചാടിയെഴുന്നേറ്റ് കോഴിയുടെ കൂകൽ ത്വരിതപ്പെടുത്തിയ ആശയക്കുഴപ്പത്തിൻേറതായ ഒരു യാഥാർത്ഥ്യത്തിൽ സ്വയം പ്രതിഷ്ഠിച്ചു. അയാളുടെ ശിരസ്സ് അപ്പോഴും ഏകകേന്ദ്രമായ വൃത്തങ്ങളിൽ കറങ്ങുകയായിരുന്നു. അയാൾക്ക് ഛർദ്ദിക്കാൻ തോന്നുന്നുണ്ടായിരുന്നു. നടുമിറ്റത്തേക്ക് കടന്ന് ശൈത്യകാലത്തിൻെറ ദുശ്രാവ്യമായ മന്ത്രണങ്ങളും ഇരുണ്ടമണങ്ങളും തരണം ചെയ്ത് കക്കൂസിലേക്കു നടന്നു. മുകളിൽ തകരപ്പലകയടിച്ച തടികൊണ്ടുള്ള അറയിൽ കക്കൂസിൽ നിന്നുള്ള അമോണിയ ഗന്ധം

നിറഞ്ഞിരുന്നു. കേണൽ അടപ്പു തുറന്നപ്പോൾ ഈച്ചകളുടെ തൃകോണാകൃതിയിലുള്ള ഒരു വ്യൂഹം കുഴിയിൽ നിന്നും ഉയർന്നുപൊങ്ങി.

അതൊരു വ്യാജമുന്നറിയിപ്പായിരുന്നു. പരുക്കൻ പലകകളിൽ കുന്തിച്ചിരുന്ന അദ്ദേഹത്തിന് ശോധനയ്ക്കുള്ള പ്രേരണ വിഫലമായതിൽ അസ്വസ്ഥത തോന്നി. അത് ക്രമേണ കുടലിൽ ഒരു ചെറിയ വേദനയായി മാറി. 'സംശയമില്ല,' അയാൾ പിറുപിറുത്തു. 'ഇത് അതേ ഒക്േടാബർ തന്നെ.' കുടലിലെ പൂപ്പലുകൾ ശാന്തമാവുന്നതുവരെ അയാൾ നിഷ്കളങ്കവും ആത്മവിശ്വാസത്തോടുകൂടിയതുമായ പ്രതീക്ഷയോടെ തൻെറ ഇരുപ്പ് തുടർന്നു. അതിനുശേഷം അയാൾ കിടപ്പുമുറിയിൽ കോഴിയുടെ സമീപത്തേക്ക് മടങ്ങി.

'ഇന്നലെ രാത്രി നിങ്ങൾ പനിച്ച് പിച്ചും പേയും പറയുകയായിരുന്നു,' അയാളുടെ ഭാര്യ പറഞ്ഞു.

ഒരാഴ്ച നീണ്ട ആസ്ത്മബാധയിൽ നിന്നും മുക്തയായ അവൾ മുറിയെല്ലാം അടുക്കിയൊതുക്കുകയായിരുന്നു.

'അത് പനിയായിരുന്നില്ല,' അയാൾ നുണ പറഞ്ഞു. 'ചിലന്തിവലയുടെ സ്വപ്നം വീണ്ടും വന്നതായിരുന്നു.'

എല്ലായ്പ്പോഴും സംഭവിക്കാറുള്ളതുപോലെ രോഗമുക്തയായാൽ അവൾ ഊർജ്ജസ്വലയാവും. രാവിലത്തെ സമയം കൊണ്ട് അവൾ വീടാകെ ഇളക്കിമറിച്ചു. ക്ളോക്കിൻേറയും പെൺകുട്ടിയുടെ ചിത്രത്തിൻേറയുമൊഴികെ എല്ലാറ്റിൻേറയും സ്ഥാനം മാറ്റിയിരുന്നു.

മെലിഞ്ഞ് അത്യധികം ചുറുചുറുക്കോടെ, കറുത്ത വേഷത്തിൽ തുണികൊണ്ടുള്ള പാദാരക്ഷയുമണിഞ്ഞ് നടക്കുന്നതു കണ്ടാൽ അവൾക്ക് ചുമരിലൂടെ സഞ്ചരിക്കാനുള്ള കഴിവുണ്ടെന്നു തോന്നും. പക്ഷെ, പന്ത്രണ്ടു മണിയാവുമ്പോഴേക്കും അവൾ തൻെറ സ്വാഭാവികമായ ശരീരഭാരം വീണ്ടെടുത്തു. കിടയ്ക്കയിൽ അവൾ ശൂന്യമായ സ്ഥലം മാത്രമായിരുന്നു. ഇപ്പോൾ പൂച്ചട്ടികൾക്കിടയിലൂടെ നടക്കുന്ന അവളുടെ സാന്നിദ്ധ്യം വീടാകെ നിറഞ്ഞുകവിഞ്ഞിരിക്കുന്നു. 'അഗസ്റ്റിൻെറ വർഷം കഴിഞ്ഞിരുന്നെങ്കിൽ ഞാൻ പാടാൻ തുടങ്ങുമായിരുന്നു,' ആ ഉഷ്ണമേഖല പ്രദേശത്തിൽ കിട്ടുന്ന ഭക്ഷ്യയോഗ്യമായതെല്ലാം കൊത്തിനുറുക്കി വേവിക്കുന്നതിനിടെ അവൾ പറഞ്ഞു.

'പാടാൻ തോന്നുന്നുണ്ടെങ്കിൽ പാടിക്കൊള്ളു,' കേണൽ പറഞ്ഞു, 'അത് കരളിന് നല്ലതാണ്.'

ഉച്ചഭക്ഷണത്തിനുശേഷം ഡോക്ടർ വന്നു. തെരുവിലേക്കുള്ള വാതിൽ തള്ളിത്തുറന്ന് അദ്ദേഹം വന്നപ്പോൾ കേണലും ഭാര്യയും അടുക്കളയിൽ കാപ്പി കുടിക്കുകയായിരുന്നു. 'എല്ലാവരും മരിച്ചുപോയോ?' അദ്ദേഹം ചോദിച്ചു.

അദ്ദേഹത്തെ സ്വീകരിക്കാൻ കേണൽ എഴുന്നേറ്റു.

'അങ്ങനെയാണ് തോന്നുന്നത്.' സ്വീകരണമുറിയിലേക്കു നടന്നുകൊണ്ട് അയാൾ പറഞ്ഞു. 'ഞാൻ എപ്പോഴും പറയാറുള്ളതുപോലെ താങ്കളുടെ ഘടികാരം കഴുകനെപ്പോലെയാണ് സമയം നോക്കുന്നത്.'

ഭാര്യ പരിശോധനയ്ക്കു തയ്യാറാവാനായി കിടപ്പുമുറിയിലേക്കു പോയി. ഡോക്ടർ കേണലിനൊപ്പം സ്വീകരണമുറിയിൽ നിന്നു. ഉഷ്ണമായിട്ടും അദ്ദേഹത്തിൻെറ അഴുക്കുപുരളാത്ത ലിനൻ സൂട്ട് നവസൗരഭ്യം പരത്തി. സ്ത്രീ തയ്യാറായി എന്നറിയിച്ചപ്പോൾ ഡോക്ടർ മൂന്നു കടലാസ്സുകൾ ഒരു കവറിലാക്കി കേണലിന് നൽകി. 'ഇന്നലെ പത്രങ്ങൾ പ്രസിദ്ധീകരിക്കാത്ത വിവരങ്ങളാണ് അത്.'

കേണൽ അത് ഊഹിച്ചിരുന്നു. രഹസ്യപ്രചരണത്തിനായി പകർത്തിയ രാജ്യത്തെ സംഭവങ്ങളുടെ ഒരു ചുരുക്കമായിരുന്നു അത്. രാജ്യത്തിനകത്തെ സായുധ പ്രതിരോധത്തെക്കുറിച്ചുള്ള വെളിപ്പെടുത്തലുകൾ. പരാജിതനെപ്പോലെ അയാൾക്കു തോന്നി. അടുത്ത മാസത്തെ വാർത്തയെപ്പോലെ വിസ്മയകരമായ ഒരു വാർത്തയുമില്ലെന്ന് പത്തുവർഷങ്ങളിലെ രഹസ്യവാർത്തകൾക്കും അയാളെ പഠിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഡോക്ടർ സ്വീകരണമുറിയിലേക്ക് തിരിച്ചുവന്നപ്പോഴേക്കും അയാൾ വായിച്ചു തീർത്തു.

'ഈ രോഗി എന്നേക്കാൾ ആരോഗ്യവതിയാണ്,' ഡോക്ടർ പറഞ്ഞു. ' ഇതുപോലുള്ള ആസ്ത്മയും വെച്ച് എനിക്ക് നൂറു വയസ്സു വരെ ജീവിക്കാൻ കഴിയും.'

കേണൽ ഡോക്ടറുടെ നേരെ കണ്ണുരുട്ടി. എന്നിട്ട് ഒന്നും മിണ്ടാതെ കവർ തിരിച്ചുകൊടുത്തു. പക്ഷെ, ഡോക്ടർ വാങ്ങാൻ കൂട്ടാക്കിയില്ല. 'അത് കൈമാറുക,' ഡോക്ടർ അടക്കിയ സ്വരത്തിൽ പറഞ്ഞു.

കേണൽ കവർ കാലുറയുടെ കീശയിലിട്ടു.

'അടുത്ത ദിവസങ്ങളിലെന്നെങ്കിലും ഞാൻ മരിച്ചുവീഴും. അപ്പോൾ ഞാൻ നിങ്ങളേയും നരകത്തിലേക്കു കൊണ്ടുപോകും' എന്നു പറഞ്ഞുകൊണ്ട് സ്ത്രീ കിടപ്പുമുറിയിൽ നിന്നും പുറത്തേക്കു വന്നു. ഡോക്ടർ

നിശ്ശബ്ദം ചിരിച്ചുകൊണ്ട് പ്രതികരിച്ചു. അദ്ദേഹം ചെറിയ മേശയ്ക്കരികിലേക്ക് കസേര വലിച്ചിട്ടിരുന്ന് ബാഗിൽ നിന്നും സൗജന്യ സാമ്പിൾ മരുന്നുകളുടെ കുപ്പികൾ പുറത്തെടുത്തു. സ്ത്രീ അടുക്കളയിലേക്കു നടന്നു.

'കാപ്പി ചൂടാക്കുന്നതു വരെ കാക്കുക.'

'വേണ്ട, വളരെ നന്ദി.' ഡോക്ടർ പറഞ്ഞു. അദ്ദേഹം മരുന്നിന്റെ അളവ് കുറിച്ചു. 'അങ്ങനെ എനിക്ക് വിഷം തന്നു കൊല്ലാനുള്ള ഒരവസരവും ഞാൻ നൽകുകയില്ല.'

അവൾ അടുക്കളയിൽ നിന്നും പൊട്ടിച്ചിരിച്ചു. ഡോക്ടർ മരുന്നിനുള്ള കുറിപ്പ് എഴുതിക്കഴിഞ്ഞപ്പോൾ അത് ഉറക്കെ വായിച്ചു, കാരണം, ആർക്കും അത് വായിക്കാൻ കഴിയില്ല. കേണൽ അത് ശ്രദ്ധിച്ചു കേൾക്കാൻ ശ്രമിച്ചു. അടുക്കളയിൽ നിന്ന് മടങ്ങി വരുമ്പോൾ സ്ത്രീ അയാളുടെ മുഖത്ത് തലേദിവസം രാത്രിയിലെ തളർച്ച കണ്ടു.

'വെളുപ്പാൻകാലത്ത് അദ്ദേഹത്തിന് പനിയുണ്ടായിരുന്നു.' അവൾ പറഞ്ഞു. 'രണ്ടു മണിക്കൂറോളം അഭ്യന്തരയുദ്ധത്തെക്കുറിച്ച് പിച്ചും പേയും പറയുകയായിരുന്നു.'

'അത് പനിയല്ലായിരുന്നു,' കേണൽ സമചിത്തത വീണ്ടെടുത്തുകൊണ്ട് പ്രതികരിച്ചു. 'മാത്രമല്ല,' അയാൾ പറഞ്ഞു, 'എനിക്കു രോഗമാണെന്നു തോന്നിയാൽ ആ ദിവസം ഞാൻ എന്നെത്തന്നെ ചവറ്റുകൊട്ടയിലേക്കെറിയും.'

അയാൾ പത്രങ്ങളെടുക്കാൻ കിടപ്പുമുറിയിലേക്കു പോയി.

'നല്ല വാക്കിന് നന്ദി' ഡോക്ടർ പറഞ്ഞു.

അവർ രണ്ടു പേരും കൂടി കവലയിലേക്കു നടന്നു. വരണ്ട അന്തരീക്ഷമായിരുന്നു. തെരുവിലെ ടാർ ഉരുകാൻ തുടങ്ങിയിരുന്നു. ഡോക്ടർ വിട പറഞ്ഞപ്പോൾ കേണൽ പല്ലുകൾ കടിച്ചുപിടിച്ചുകൊണ്ട് അടക്കിയ സ്വരത്തിൽ ചോദിച്ചു, 'ഞങ്ങൾ എത്ര തരാനുണ്ട്, ഡോക്ടർ?'

ഇപ്പോൾ ഒന്നും തരണ്ട' അയാളുടെ തോളത്ത് തട്ടിക്കൊണ്ട് ഡോക്ടർ പറഞ്ഞു, 'കോഴി ജയിക്കുമ്പോൾ ഞാനൊരു കനത്ത ബില്ല് അയയ്ക്കുന്നുണ്ട്.'

രഹസ്യ എഴുത്തുകൾ അഗസ്റ്റിന്റെ കൂട്ടുകാർക്കെത്തിക്കാൻ കേണൽ തയ്യൽകടയിലേക്കു പോയി. തന്റെ സഹപോരാളികളെല്ലാം കൊല്ലപ്പെടുകയോ നാടുകടത്തപ്പെടുകയോ ചെയ്യുകയും താൻ എല്ലാ വെള്ളിയാഴ്ചയും തപാലിനു കാത്തിരിക്കുകയല്ലാതെ മറ്റൊരു തൊഴിലുമില്ലാത്തവനാവുകയും ചെയ്തതു മുതൽ കേണലിന്റെ ഒരേയൊരു അഭയം ആ കടയായിരുന്നു.

വൈകുന്നേരത്തെ ചൂട് സ്ത്രീക്ക് നവോന്മേഷം പകർന്നു. വരാന്തയിലെ ബിഗോണിയ ചെടികൾക്കിടയിൽ, പഴകിയ വസ്ത്രങ്ങൾ നിറച്ച ഒരു പെട്ടിയുടെ അരികിലിരുന്ന് അവൾ ശൂന്യതയിൽ നിന്നും പുതുവസ്ത്രങ്ങളുണ്ടാക്കുന്ന, ഒരിക്കലുമവസാനിക്കാത്ത മാന്ത്രികവിദ്യ വീണ്ടും തുടങ്ങി. കൈകളിൽ നിന്ന് കോളറുകളും പുറംഭാഗത്തുനിന്നുള്ള ചതുരക്കഷണങ്ങളിൽ നിന്ന് കയ്യറ്റങ്ങളുമുണ്ടാക്കി. വിവിധ വർണ്ണങ്ങളുള്ള കഷണങ്ങൾകൊണ്ടാണെങ്കിലും എല്ലാം കുറ്റമറ്റവയായിരുന്നു.

നടുമിറ്റത്ത് ഒരു ചീവീട് കരഞ്ഞു. സൂര്യപ്രകാശം മങ്ങി. ബിഗോണിയ ചെടികൾക്കപ്പുറം സൂര്യൻ താഴ്ന്നത് അവൾ അറിഞ്ഞില്ല. സന്ധ്യയ്ക്ക് കേണൽ വീട്ടിൽ തിരിച്ചെത്തിയപ്പോഴാണ് അവൾ തലയുയർത്തിയത്. അപ്പോൾ അവൾ രണ്ടു കൈകൊണ്ടും തന്റെ കഴുത്ത് അമർത്തി, വിരൽ ഞെട്ടുകൾ പൊട്ടിച്ചു, എന്നിട്ടു പറഞ്ഞു. 'എന്റെ തല ഒരു പലക പോലെ വെറുങ്ങലിച്ചിരിക്കുന്നു.'

'അത് എപ്പോഴും അങ്ങനെത്തന്നെയാണ്,' കേണൽ പറഞ്ഞു. അപ്പോഴാണ് പലവർണ്ണങ്ങളിലുള്ള തുണിക്കഷണങ്ങൾ കൊണ്ട് മൂടിയ അവളെ അയാൾ ശ്രദ്ധിച്ചത്. 'നീയൊരു ആക്രിക്കടക്കാരിയെപ്പോലെയിരിക്കുന്നു.'

'ഒരു അര ആക്രിക്കടക്കാരിയായാലെ നിങ്ങളെ വസ്ത്രമണിയിക്കാനാവുകയുള്ളു.' മൂന്നു നിറത്തിലുള്ള തുണിക്കഷണങ്ങൾ കൊണ്ട് തുന്നിയ ഒരു ഷർട്ട് അവൾ ഉയർത്തിക്കാട്ടി. കോളറും കയ്യറ്റങ്ങളും ഒരേ നിറമായിരുന്നു. 'കാർണിവൽ വേളയിൽ നിങ്ങൾക്ക് ജാക്കറ്റ് ഊരിയാൽ മാത്രം മതി.'

ആറുമണിയടിച്ചത് അവളെ തടസ്സപ്പെടുത്തി. 'പിതാവിൻെറ മാലാഖ മേരിയെ അറിയിച്ചു,' അവൾ കിടപ്പുമുറിയിലേക്കു പോകവേ, ഉറക്കെ പ്രാർത്ഥിച്ചു. കേണൽ സ്കൂൾ വിട്ടു വരുന്ന വഴി കോഴിയെ കാണാൻ വന്ന കുട്ടികളുമായി സംസാരിക്കുകയായിരുന്നു. അപ്പോഴാണ് പിറ്റേദിവസത്തേയ്ക്ക് കോഴിക്ക് കൊടുക്കാൻ ധാന്യമില്ലെന്ന് അയാൾ ഓർത്തത്. ഉടൻ അയാൾ ഭാര്യയോട് പണം ചോദിക്കാൻ കിടപ്പുമുറിയിലേക്കു നടന്നു.

'അമ്പതു സെൻറു മാത്രമേ ഉള്ളു എന്നാണ് തോന്നുന്നത്' അവൾ പറഞ്ഞു.

കിടയ്ക്കക്കടിയിൽ ഒരു തൂവാലയിൽ കെട്ടിയാണ് അവൾ പണം സൂക്ഷിച്ചിരുന്നത്. അത് അഗസ്റ്റിൻെറ തുന്നൽയന്ത്രത്തിൽ നിന്നുള്ള വരുമാനമായിരുന്നു. ഒമ്പതുമാസമായി സ്വന്തം ചെലവിനും കോഴിയുടെ ചെലവിനുമായി ആ പണം ഓരോ ചില്ലിയായി ചെലവഴിക്കുകയായിരുന്നു. ഇനി അതിൽ രണ്ട് ഇരുപത് സെൻറിൻേറയും ഒരു പത്തു സെൻറിൻേറയും തുട്ടുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു.

'ഒരു റാത്തൽ ധാന്യം വാങ്ങിക്കോളൂ,' സ്ത്രീ പറഞ്ഞു. 'ബാക്കിയുള്ള ചില്ലറകൊണ്ട് നാളേയ്ക്കുള്ള കാപ്പിയും നാല് ഔൺസ് പാൽക്കട്ടിയും.'

'ഉമ്മറത്ത് തൂക്കുവാൻ സ്വർണ്ണത്തിൻെറ ഒരാനയും,' കേണൽ കൂട്ടിച്ചേർത്തു. 'ധാന്യത്തിനു മാത്രം വേണം നാൽപ്പത്തിരണ്ട്.'

അവർ ഒരു നിമിഷം ചിന്തിച്ചു.

'പൂവൻ കോഴി ഒരു ജന്തുവാണ്, അതിനാൽ അതിൻെറ കാര്യം പിന്നെ,' സ്ത്രീ ആദ്യം പറഞ്ഞു. എന്നാൽ ഭർത്താവിൻെറ മുഖഭാവം അവളെ വീണ്ടും ചിന്തിക്കാൻ പ്രേരിപ്പിച്ചു. കേണൽ കൈമുട്ട് കാൽമുട്ടിൽ വെച്ച്, നാണയങ്ങൾ കയ്യിലിട്ട് കിലുക്കിക്കൊണ്ട് കട്ടിലിന്മേലിരുന്നു.

'ഇത് എനിക്കു വേണ്ടിയല്ല,' അയാൾ ഒരു നിമിഷത്തിനു ശേഷം പറഞ്ഞു. 'എൻെറ ഇഷ്ടപ്രകാരമായിരുന്നെങ്കിൽ ഞാൻ ഇന്നു രാത്രി തന്നെ ഒരു കോഴിക്കറി വെച്ചേനെ! അമ്പതു പെസോയുടെ ദഹനക്കേട് നല്ലതു തന്നെ.' കഴുത്തിന്മേലുള്ള കൊതുകിനെ ഞെരിച്ചു കൊല്ലാനായി അയാൾ നിർത്തി. അയാളുടെ കണ്ണുകൾ മുറിയിൽ ഭാര്യയെ പിന്തുടർന്നു. 'ആ പാവം പയ്യന്മാർ പണം ശേഖരിക്കുന്നതാണ് എന്നെ അലട്ടുന്നത്.'

അപ്പോൾ അവൾ ആലോചിക്കാൻ തുടങ്ങി. അവൾ കീടനാശിനി സ്പ്രെയുമായി നേരെ തിരിഞ്ഞു. അവളുടെ ഭാവത്തിൽ അസാധാരണമായ എന്തോ ഉണ്ടെന്ന് കേണലിനു തോന്നി. അവൾ വീട്ടിലെ ആത്മാക്കളുടെ ഉപദേശം തേടുന്നതുപോലെ തോന്നിച്ചു. ഒടുവിൽ അവൾ സ്പ്രേ ചുമരിലെ കൂട്ടിൽ വെച്ച് സിറപ്പു നിറമുള്ള കണ്ണുകൾ കൊണ്ട് കേണലിൻെറ സിറപ്പു നിറമുള്ള കണ്ണുകളിലേക്ക് നോക്കി.

'ധാന്യം വാങ്ങിക്കോളൂ,' അവൾ പറഞ്ഞു, 'നമ്മൾ എങ്ങനെ കഴിച്ചുകൂട്ടും എന്ന് ദൈവത്തിനറിയാം.'

'ഇതാണ് ഇരട്ടിക്കുന്ന അപ്പക്കഷണങ്ങളുടെ അത്ഭുതം.' പിറ്റേ ആഴ്ച്ച മേശക്കു മുന്നിലിരിക്കുമ്പോഴെല്ലാം കേണൽ ആവർത്തിച്ചു. തുണികൾ തുന്നുവാനും ഇഴയിടാനും നന്നാക്കാനുമെല്ലാം അതിശയകരമായ കഴിവുള്ള അവൾ വീട്ടിലെ സാമ്പത്തികകാര്യങ്ങൾ പണമില്ലാതെ തന്നെ നടത്തിക്കൊണ്ടുപോകാനുള്ള സൂത്രം കണ്ടുപിടിച്ചപോലെ തോന്നിച്ചു. ഒക്േടാബർ യുദ്ധവിരാമകാലം നീട്ടിവെച്ചു.

ഈർപ്പം ഒരു തരം മയക്കത്തിനു വഴിമാറി. ചെമ്പുപോലെയുള്ള സൂര്യൻ സ്വാസ്ഥ്യം നൽകിയ അവൾ മൂന്നു സായാ ങ്ങൾ തൻെറ സങ്കീർണ്ണമായ കേശാലങ്കാരത്തിൽ വ്യാപൃതയായി.

'വലിയ കുർബ്ബാന തുടങ്ങിയിരിക്കുന്നു,' ഒരു സായ ത്തിൽ അവൾ ഏതാനും പല്ലുകൾ നഷ്ടപ്പെട്ട ചീർപ്പുകൊണ്ട് നീണ്ട നീല മുടിച്ചുരുളുകളിൽ നിന്നും ജഢ കളഞ്ഞുകൊണ്ടിരിക്കുമ്പോൾ കേണൽ പറഞ്ഞു. രണ്ടാമത്തെ സായാ ത്തിൽ നടുമിറ്റത്തിരുന്ന് മടിയിൽ ഒരു വെള്ളത്തുണി വിരിച്ച് അൽപ്പം കൂടി നല്ല ചീർപ്പുകൊണ്ട്, അസുഖസമയത്ത് പെരുകിയിരുന്ന പേൻ കളഞ്ഞു. ഒടുവിൽ, സുഗന്ധജലം കൊണ്ട് തല കഴുകി ഉണക്കി രണ്ടു ഭാഗമാക്കി ചുരുട്ടി കഴുത്തിൻെറ പിൻഭാഗത്ത് ഒരു ക്ളിപ്പുകൊണ്ട് ഉറപ്പിച്ചു. കേണൽ കാത്തിരുന്നു. രാത്രി തുണിത്തൊട്ടിലിൽ മണിക്കൂറുകളോളം കോഴിയുടെ വിധിയെപ്പറ്റി ഓർത്ത് അയാൾ ഉറക്കമില്ലാതെ കിടന്നു. എന്നാൽ ബുധനാഴ്ച്ച രാവിലെ അവർ അവനെ തൂക്കിനോക്കിയപ്പോൾ അവൻെറ സ്ഥിതി മോശമായിരുന്നില്ല.

അതേ സായാ ത്തിൽ അഗസ്റ്റിൻെറ കൂട്ടുകാർ സാങ്കൽപ്പികമായി, കോഴിയിൽ നിന്നുള്ള വരുമാനം കണക്കാക്കിക്കൊണ്ട് വീട്ടിൽ നിന്നും പോയപ്പോൾ കേണലിനും തോന്നി താൻ നന്നായിരിക്കുന്നു എന്ന്. ഭാര്യ അയാളുടെ മുടി വെട്ടി. 'നീ എന്നിൽ നിന്നും ഇരുപതു വർഷം എടുത്തുമാറ്റി.' കൈകൾ കൊണ്ട് തല തടവിനോക്കിയിട്ട് അയാൾ പറഞ്ഞു. അതു ശരിയാണെന്ന് അയാളുടെ ഭാര്യയ്ക്കും തോന്നി.

'എൻെറ അസുഖം മാറിയാൽ എനിക്ക് മരിച്ചവരെ തിരിച്ചു കൊണ്ടുവരാൻ കഴിയും.' അവൾ പറഞ്ഞു. അവളുടെ ആത്മവിശ്വാസം ഏതാനും മണിക്കൂറുകളേ നിലനിന്നുള്ളു. ക്ളോക്കും ചിത്രവുമൊഴിച്ച് മറ്റൊന്നും തന്നെ വീട്ടിൽ വിൽക്കാനായുണ്ടായിരുന്നില്ല.

വ്യാഴാഴ്ച്ച രാത്രിയിൽ, ധനാഗമമാർഗ്ഗങ്ങളെല്ലാമടഞ്ഞപ്പോൾ, അവൾ അവരുടെ ശോച്യാവസ്ഥയിൽ ഉൽക്കണ്ഠ വെളിപ്പെടുത്തി.

'വിഷമിക്കേണ്ട,' കേണൽ അവളെ ആശ്വസിപ്പിച്ചു, 'നാളെയാണ് തപാൽ വരുന്നത്'

പിറ്റേദിവസം അയാൾ ഡോക്ടറുടെ ആപ്പീസിനു മുന്നിൽ യന്ത്രബോട്ടുകൾക്കായി കാത്തുനിന്നു.

'വിമാനം ഒരു അത്ഭുതം തന്നെയാണ്,' കേണൽ പറഞ്ഞു. 'ഒരു രാത്രികൊണ്ട് നമുക്ക് യൂറോപ്പിലെത്താമെന്നാണ് പറയുന്നത്.'

'അതു ശരിയാണ്,' ഡോക്ടർ ഒരു സചിത്രമാസിക കൊണ്ട് വീശിക്കൊണ്ടു പറഞ്ഞു. ബോട്ട് നങ്കൂരമിട്ടാൽ ഉടൻ ചാടിക്കയറാനായി നിൽക്കുന്നവരുടെ കൂട്ടത്തിൽ കേണൽ പോസ്റ്റ്മാസ്റ്ററെ കണ്ടു. പോസററ്മാസ്റ്ററാണ് ആദ്യം ചാടിക്കയറിയത്. അദ്ദേഹം കപ്പിത്താനിൽ നിന്നും അരക്കുകൊണ്ട് മുദ്രവെച്ച ഒരു കവർ വാങ്ങി. എന്നിട്ട് മേൽക്കൂരയിലേക്കു കയറി. തപാൽസഞ്ചി രണ്ടു വീപ്പകൾക്കിടയിൽ കെട്ടിവെച്ചിരിക്കയായിരുന്നു.

'എങ്കിലും അതിന് അതിൻേറതായ അപകടങ്ങളുണ്ട്' കേണൽ പറഞ്ഞു. പോസ്റ്റ്മാസ്റ്റർ ദൃഷ്ടിയിൽ നിന്നും മറഞ്ഞ് വീണ്ടും ലഘുപാനീയങ്ങളുടെ വർണ്ണക്കുപ്പികളുടെ ഇടയിൽ പ്രത്യക്ഷപ്പെട്ടു. 'ഒരു വില നൽകാതെ മനുഷ്യരാശി പുരോഗമിക്കുകയില്ല.'

'ഈ അവസ്ഥയിലും അത് യന്ത്രബോട്ടിനേക്കാൾ സുരക്ഷിതമാണ്,' ഡോക്ടർ പറഞ്ഞു. 'ഇരുപതിനായിരം അടി ഉയരത്തിൽ അതിനെ കാലാവസ്ഥാവ്യതിയാനം ബാധിക്കുന്നില്ല.'

'ഇരുപതിനായിരം അടി' അത്രയും ഉയരത്തെപ്പറ്റി ചിന്തിക്കാൻ പോലുമാവാതെ കേണൽ ആവർത്തിച്ചു.

ഡോക്ടർക്ക് താല്പര്യമുണർന്നു. അദ്ദേഹം മാസിക പരിപൂർണ്ണ നിശ്ചലമാവും വിധം നിവർത്തിപ്പിടിച്ചു. 'അതിന് പരിപൂർണ്ണ സുസ്ഥിരതയുണ്ടായിരിക്കും.'

പക്ഷെ, കേണലിൻെറ ശ്രദ്ധ പോസ്റ്റ്മാസ്റ്ററുടെ പ്രവൃത്തിയിലായിരുന്നു. അദ്ദേഹം ഇടത്തെ കയ്യിൽ പിടിച്ച കുപ്പിയിൽ നിന്നും പതയുന്ന ചുവപ്പു ദ്രാവകം കുടിക്കുന്നതു കാണാമായിരുന്നു. വലതു കയ്യിൽ തപാൽസഞ്ചിയുമുണ്ടായിരുന്നു.

'മാത്രമല്ല, രാത്രി വിമാനങ്ങളുമായി തുടർച്ചയായി ബന്ധം പുലർത്തുന്ന കപ്പലുകൾ കടലിൽ നങ്കൂരമിട്ടിരിക്കും,' ഡോക്ടർ തുടർന്നു. 'ഇത്രയെല്ലാം മുൻകരുതലുള്ളതുകൊണ്ട് അത് യന്ത്രബോട്ടുകളേക്കാൾ സുരക്ഷിതമാണ്.'

കേണൽ അദ്ദേഹത്തെ നോക്കി.

'സ്വാഭാവികമായും,' അയാൾ പറഞ്ഞു, 'അതൊരു പരവതാനിപോലെയായിരിക്കും.'

പോസ്റ്റ്മാസ്റ്റർ നേരെ അവരുടെ അടുത്തേക്കു വന്നു. അടക്കാനാവാത്ത ഉൽക്കണ്ഠയോടെ കേണൽ അല്പം പിറകോട്ട് മാറി സീൽ ചെയ്ത് കവറിലെ പേര് വായിക്കാൻ ശ്രമിച്ചു. പോസ്റ്റ്മാസ്റ്റർ സഞ്ചി തുറന്ന് ഡോക്ടർക്കുള്ള പത്രങ്ങളുടെ പൊതി കൊടുത്തു. അതിനു ശേഷം അയാൾ സ്വകാര്യ എഴുത്തുകളുടെ കവർ പൊട്ടിച്ച്, രശീതിയെല്ലാം കൃത്യമാണെന്നുറപ്പു വരുത്തി, എഴുത്തുകളുടെ മേൽവിലാസം വായിക്കാൻ തുടങ്ങി.

ഡോക്ടർ പത്രങ്ങൾ തുറന്നു.

'സൂയസ് പ്രശ്നം ഇപ്പോഴും തുടരുന്നു.' പ്രധാന തലക്കെട്ടുകൾ വായിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. 'പാശ്ചാത്യരുടെ നില മോശമായിക്കൊണ്ടിരിക്കുന്നു.'

കേണൽ തലക്കെട്ടുകൾ വായിച്ചില്ല. അയാൾ വയർ അമർത്തിപ്പിടിച്ചു. 'സെൻസർഷിപ്പ് തുടങ്ങിയതിനുശേഷം പത്രങ്ങൾ യൂറോപ്പിനെപ്പറ്റി മാത്രമേ പറയുന്നുള്ളു.' അയാൾ പറഞ്ഞു. 'ഏറ്റവും നല്ലത് യൂറോപ്യന്മാരെല്ലാം ഇങ്ങോട്ടു വരുകയും നമ്മൾ യൂറോപ്പിലേക്കു പോവുകയുമാണ്. അങ്ങനെയായാൽ എല്ലാവർക്കും അവരവരുടെ രാജ്യത്ത് സംഭവിക്കുന്നതെന്താണെന്ന് അറിയാൻ കഴിയും.'

'യൂറോപ്പുകാർക്ക് തെക്കെ അമേരിക്ക മീശയും ഗിറ്റാറും തോക്കുമുള്ള ഒരു മനുഷ്യനാണ്.' പത്രത്തിൻെറ മുകളിലൂടെ ചിരിച്ചുകൊണ്ട് ഡോക്ടർ പറഞ്ഞു. 'അവർക്ക് പ്രശ്നം പിടികിട്ടിയിട്ടില്ല.'

പോസ്റ്റ്മാസ്റ്റർ തപാൽ വിതരണം ചെയ്തു. അവശേഷിച്ചത് സഞ്ചിയിൽ നിക്ഷേപിച്ച് വീണ്ടും അടച്ചുവെച്ചു. ഡോക്ടർ തനിക്കുള്ള രണ്ട് സ്വകാര്യ എഴുത്തുകൾ വായിക്കാനൊരുങ്ങി. കവർ തുറക്കുന്നതിനു മുമ്പ് കേണലിനെ നോക്കി. എന്നിട്ട് പോസ്റ്റ്മാസ്റ്ററെ നോക്കി

'കേണലിനൊന്നുമില്ലേ?'

കേണൽ സംഭീതനായി. പോസ്റ്റ്മാസ്റ്റർ സഞ്ചി തോളിലേക്കിട്ട്, തറയിൽ നിന്നുമെഴുന്നേറ്റ് തിരിഞ്ഞുനോക്കാതെ പറഞ്ഞു: 'കേണലിനാരും എഴുതുന്നില്ല.'

പതിവിനു വിപരീതമായി അയാൾ നേരെ വീട്ടിലേക്കു പോയില്ല. തയ്യൽക്കടയിൽ നിന്ന്, അഗസ്റ്റിൻെറ കൂട്ടുകാർ പത്രങ്ങൾ മറിച്ചുനോക്കിക്കൊണ്ടിരിക്കെ, ഒരു കാപ്പി കുടിച്ചു. താൻ വഞ്ചിക്കപ്പെട്ടപോലെ അയാൾക്കു തോന്നി. ഒഴിഞ്ഞ കയ്യോടെ ഭാര്യയെ അഭിമുഖീകരിക്കുന്നത് ഒഴിവാക്കാൻ അടുത്ത വെള്ളിയാഴ്ച വരെ അവിടെത്തന്നെ തങ്ങാനായിരുന്നു അയാളിഷ്ടപ്പെട്ടത്. പക്ഷെ, തയ്യൽക്കട പൂട്ടിയപ്പോൾ അയാൾക്ക് യാഥാർത്ഥ്യത്തെ നേരിടേണ്ടി വന്നു. ഭാര്യ അയാളെ കാത്തിരിക്കുകയായിരുന്നു.

'ഒന്നുമില്ലേ?' അവൾ ചോദിച്ചു.

'ഒന്നുമില്ല,' കേണൽ പറഞ്ഞു.

അടുത്ത വെള്ളിയാഴ്ച വീണ്ടും അയാൾ ബോട്ടുകൾ വരുന്നത് കാക്കാൻ പോയി. എല്ലാ വെള്ളിയാഴ്ചകളിലെന്നപോലെ അന്നും അയാൾ ആശിച്ചിരുന്ന കത്തില്ലാതെ വീട്ടിലേക്കു മടങ്ങി.

'ആവശ്യത്തിലധികമായി ഈ കാത്തിരിപ്പ്,' അന്നു രാത്രി ഭാര്യ പറഞ്ഞു. 'നിങ്ങൾ ചെയ്യുന്നതുപോലെ ഒരു കത്തിനുവേണ്ടി പതിനഞ്ചു കൊല്ലം കാത്തിരിക്കാൻ ഒരു കാളയുടെ ക്ഷമ വേണം.'

കേണൽ പത്രങ്ങൾ വായിക്കാൻ തൂക്കുമഞ്ചത്തിലേക്കു കയറി.

'നമ്മുടെ ഊഴം വരുന്നതുവരെ കാക്കുക തന്നെ വേണം,' അയാൾ പറഞ്ഞു. 'നമ്മുടെ എണ്ണം 1823 ആണ്.'

'നാം കാത്തിരിപ്പ് തുടങ്ങിയതിനുശേഷം ആ അക്കം രണ്ടു തവണ ഭാഗ്യക്കുറിയടിച്ചു,' ഭാര്യ പറഞ്ഞു.

പതിവുപോലെ കേണൽ ആദ്യപേജ് മുതൽ അവസാനം വരെ പരസ്യങ്ങളടക്കം മുഴുവൻ വായിച്ചു. എന്നാൽ, ഇത്തവണ അയാൾക്ക് ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിഞ്ഞില്ല. വായനയ്ക്കിടയിൽ അയാൾ മുൻ സൈനികർക്കുള്ള പെൻഷനെക്കുറിച്ചാലോചിച്ചു. പത്തൊമ്പതു കൊല്ലം മുമ്പ് കോൺഗ്രസ്സ് നിയമം പാസ്സാക്കിയതിനെത്തുടർന്ന് സ്വന്തം അർഹത തെളിയിക്കാൻ എട്ടുകൊല്ലം വേണ്ടിവന്നു. അതുകഴിഞ്ഞ് അർഹരായവരുടെ പട്ടികയിൽ പേരു ചേർക്കാൻ ആറുകൊല്ലം കൂടി വേണ്ടിവന്നു. അതിൻെറയാണ് അയാൾക്ക് ഏറ്റവുമൊടുവിൽ കിട്ടിയ എഴുത്ത്.

കർഫ്യൂ മുഴങ്ങിയതിനുശേഷം അയാൾ വായന അവസാനിപ്പിച്ചു. വിളക്കു കെടുത്താൻ തുടങ്ങുമ്പോൾ ഭാര്യ ഉണർന്നുകിടക്കുകയാണെന്ന് അയാൾക്ക് മനസ്സിലായി.

'ആ പത്രത്തിൽ നിന്നെടുത്ത കഷണം ഇപ്പോഴുമുണ്ടോ?'

സ്ത്രീ ചിന്തിച്ചു

'ഉണ്ട്. മറ്റു കടലാസ്സുകളുടെ കൂട്ടത്തിൽ കാണണം.' അവൾ കൊതുകുവലയിൽ നിന്നും പുറത്തുകടന്ന് അറയിൽ നിന്നും, എഴുത്തുകളെല്ലാം തീയതിയനുസരിച്ച് അടുക്കി റബർ ബാൻഡുകൊണ്ട് കെട്ടി സൂക്ഷിച്ചിട്ടുള്ള ഒരു മരപ്പെട്ടിയെടുത്തു. അതിൽ നിന്നും യുദ്ധപെൻഷനുകളിന്മേൽ സത്വരനടപടി വാഗ്ദാനം ചെയ്ത നിയമസ്ഥാപനത്തിൻെറ പരസ്യം കണ്ടെടുത്തു.

'വക്കീലിനെ മാറ്റണമെന്ന് നിങ്ങളെ ബോദ്ധ്യമാക്കാൻ ഞാൻ പാഴാക്കിയ സമയം കൊണ്ട് നമുക്കാ പണം ചെലവാക്കാമായിരുന്നു,' പത്രത്തിൽ നിന്നും വെട്ടിയെടുത്ത ആ കടലാസ് ഭർത്താവിനു നേരെ നീട്ടിക്കൊണ്ട് സ്ത്രീ പറഞ്ഞു.

'ഇന്ത്യക്കാരോടു ചെയ്യുന്നതുപോലെ നമ്മളേയും ഷെൽഫിൽ മാറ്റിവെക്കുന്നതുകൊണ്ട് നമുക്ക് ഒന്നും നേടാനില്ല.'

രണ്ടു കൊല്ലം മുമ്പത്തെ തീയതി വെച്ച ആ കടലാസ് കേണൽ വായിച്ചു. എന്നിട്ട് വാതിലിനു പിന്നിൽ തൂക്കിയിട്ടിരുന്ന ജാക്കറ്റിന്റെ കീശയിലിട്ടു.

വക്കീലിനെ മാറ്റണമെങ്കിൽ പണം വേണമെന്നതാണ് പ്രശ്നം.

'ഒരിക്കലുമില്ല.' സ്ത്രീ ഉറപ്പിച്ചു പറഞ്ഞു. 'പെൻഷൻ കിട്ടുമ്പോൾ അവർക്കു വേണ്ടത് അതിൽ നിന്നുമെടുത്തുകൊള്ളാൻ അവർക്കെഴുതൂ. അങ്ങനെയാണെങ്കിൽ മാത്രമേ അവർ കേസ് ഏൽക്കേണ്ടതുള്ളു.'

അതിനാൽ ശനിയാഴ്ച്ച വൈകുന്നേരം കേണൽ വക്കീലിനെ കാണാനിറങ്ങി. അയാൾ ഒരു തൂക്കുമഞ്ചത്തിൽ അലസമായി കിടക്കുകയായിരുന്നു.

മുൻവരിയിൽ രണ്ടു പല്ലുകൾ മാത്രമുള്ള പുരാവസ്തു പോലെയുള്ള ഒരു നീഗ്രോ ആയിരുന്നു വക്കീൽ. അയാൾ മരം കൊണ്ടുള്ള അടിയോടുകൂടിയ ചെരിപ്പുകളിലേക്ക് കാലുകൾ വെച്ച് പൊടിപിടിച്ച പിയാനോലയുടെ മീതെയുള്ള ജനൽ തുറന്നു. പിയാനോല പ്രവർത്തിപ്പിക്കാനുള്ള ചുരുളുകൾ വക്കുന്ന കള്ളികളിൽ ആപ്പീസ് കടലാസുകളാണ് തിരുകിയിരുന്നത്. ഔദ്യോഗിക ഗസറ്റിൽ നിന്നുള്ള ഭാഗങ്ങൾ ഒട്ടിച്ച കണക്കുപുസ്തകങ്ങളും വാർത്താപത്രികകളും എല്ലാം അതിലുണ്ടായിരുന്നു. കട്ടകളില്ലാത്ത പിയാനോല ഒരു ഡസ്കിന്റെ അധികജോലി കൂടി നിർവ്വഹിച്ചിരുന്നു. വക്കീൽ ഒരു കറങ്ങുന്ന കസേരയിലിരുന്നിരുന്നു. കേണൽ ആഗമനോദ്ദേശം വെളിപ്പെടുത്തുന്നതിനു മുമ്പു തന്നെ തന്റെ അസ്വാസ്ഥ്യം പ്രകടിപ്പിച്ചു.

'കുറച്ചു ദിവസമെടുക്കുമെന്ന് ഞാൻ മുൻകൂട്ടി പറഞ്ഞതാണല്ലോ.' കേണൽ നിർത്തിയപ്പോൾ വക്കീൽ പറഞ്ഞു. അയാൾ ചൂടുകൊണ്ട് പുഴുകുകയായിരുന്നു. കസേര അല്പം പിന്നിലേക്കു മാറ്റി അയാൾ ഒരു പരസ്യപത്രം കൊണ്ട് വീശി.

'ക്ഷമയോടുകൂടിയിരിക്കാൻ എന്റെ ഏജൻറുകൾ ഇടയ്ക്കിടയ്ക്ക് എഴുതുന്നുണ്ട്.'

'അത് പതിനഞ്ചുകൊല്ലമായി തുടരുന്നു. ഇത് കോഴിയുടെ കഥപോലെയായിരിക്കുന്നു,' കേണൽ പറഞ്ഞു. വക്കീൽ ഭരണപരമായ പ്രശ്നങ്ങൾ അതിവിശദമായി വിവരിച്ചു. കസേരയ്ക്ക് അയാളുടെ തടിച്ചുതൂങ്ങിയ ജഘനം ഉൾക്കൊള്ളാനായിരുന്നില്ല. പതിനഞ്ചു കൊല്ലങ്ങൾക്കു മുമ്പ് ഇത് വളരെ എളുപ്പമായിരുന്നു. അന്ന് രണ്ടു പാർട്ടിയിലേയും അംഗങ്ങളുള്ള വിമുക്തഭടന്മാരുടെ സംഘടനയുണ്ടായിരുന്നു. ശ്വാസകോശങ്ങളിൽ ചുട്ടുപുഴുകുന്ന വായു നിറഞ്ഞ് അയാൾ വാക്കുകൾ അപ്പോൾ കണ്ടുപിടിച്ചപോലെയാണ് പറഞ്ഞത്. അംഗസംഖ്യയിൽ ശക്തിയുണ്ട്.'

'ഇക്കാര്യത്തിൽ അതില്ല,' ആദ്യമായി തന്റെ ഏകാന്തത അറിഞ്ഞുകൊണ്ട് കേണൽ പറഞ്ഞു. 'എന്റെ സഖാക്കളെല്ലാം തപാൽ കാത്ത് മരണമടഞ്ഞു.'

വക്കീലിന് യാതൊരു ഭാവമാറ്റവുമുണ്ടായില്ല.

'നിയമം പാസ്സാക്കിയത് വളരെ വൈകിയാണ്,' അയാൾ പറഞ്ഞു. 'എല്ലാവർക്കും നിങ്ങളെപ്പോലെ ഇരുപതുവയസ്സിൽ കേണലാവാനുള്ള ഭാഗ്യമുണ്ടായില്ല. മാത്രമല്ല, പ്രത്യേക നീക്കിയിരിപ്പൊന്നും വകയിരുത്താത്തതുകൊണ്ട് സർക്കാർ ബജറ്റിൽ തന്നെ ചില നീക്കുപോക്കുകൾ ചെയ്യേണ്ടി വന്നു.'

എല്ലായ്പ്പോഴും ഒരേ പല്ലവി തന്നെ. ഓരോ പ്രാവശ്യം ഇതു കേൾക്കുമ്പോഴും കേണലിന് മൂകമായ അമർഷം തോന്നി. 'ഇതൊരു ജീവകാരുണ്യമല്ല.' അയാൾ പറഞ്ഞു. 'ഇത് ഞങ്ങൾക്കൊരു ഔദാര്യം ചെയ്യുന്നതുപോലെയല്ല. ഈ റിപ്പബ്ലിക്കിനെ രക്ഷിക്കാൻ ഞങ്ങൾ ഞങ്ങളുടെ നട്ടെല്ലൊടിച്ചു.'

വക്കീൽ കൈകൾ വീശി.

'അതെല്ലാം ശരി തന്നെയാണ്,' അയാൾ പറഞ്ഞു. 'മനുഷ്യന്റെ നന്ദികേടിന് ഒരതിരുമില്ല.'

കേണലിനും ആ കഥ അറിയാമായിരുന്നു. നീർലാൻഡിയ ഉടമ്പടിയുടെ അടുത്ത ദിവസം മുതൽ കേൾക്കാൻ തുടങ്ങിയതാണ് ഇത്. അന്ന് നീർലാൻഡിയയിലെ കൂറ്റൻ പരുത്തിമരത്തിന്റെ ചുവട്ടിൽ തമ്പടിച്ച സ്കൂൾ ഉപേക്ഷിച്ചു വന്ന നിരവധി യുവാക്കളടങ്ങിയ വിപ്ലവസേനാംഗങ്ങൾക്ക് ഭരണകൂടം യാത്രാസൗജന്യങ്ങളും നഷ്ടപരിഹാരവും പ്രഖ്യാപിച്ചു. മൂന്നുമാസം കാത്തതിനുശേഷം അവർ സ്വന്തം ചെലവിൽ അവരവരുടെ

വീട്ടിലേക്കു പോയി. എന്നിട്ട് വീണ്ടും കാത്തിരുന്നു. അറുപത് കൊല്ലങ്ങൾക്കു ശേഷം കേണൽ ഇപ്പോഴും കാത്തിരിക്കുകയാണ്.

ഈ ഓർമ്മകളാൽ ഉത്തേജിതനായ കേണൽ ഇന്ദ്രിയാതീതമായ ഒരു ഭാവം കൈക്കൊണ്ടു. വലതു കൈ, ഞരമ്പുകൾ കൂട്ടിത്തുന്നിയ വെറും അസ്ഥി മാത്രമായ തുടയിൽ വെച്ചുകൊണ്ട് അയാൾ മുറുമുറുത്തു.

'ശരി, ഞാൻ നടപടിയെടുക്കാൻ തീരുമാനിച്ചിരിക്കുന്നു.'

വക്കീൽ കാത്തു. 'അതായത്?'

'വക്കീലിനെ മാറ്റാൻ.'

ഒരു തള്ളത്താറാവ് അനേകം കുഞ്ഞുങ്ങളുമായി ആപ്പീസിലേക്കു കയറി. വക്കീൽ അവയെ ആട്ടിയകറ്റാൻ എഴുന്നേറ്റു.

'താങ്കളുടെ ഇഷ്ടം പോലെ, കേണൽ.' അവയെ ഓടിച്ചുകൊണ്ട് വക്കീൽ പറഞ്ഞു. 'താങ്കളുടെ ഇഷ്ടം പോലെത്തന്നെയാവട്ടെ. അത്ഭുതങ്ങൾ പ്രവർത്തിക്കാൻ കഴിയുമായിരുന്നെങ്കിൽ ഞാനീ തൊഴുത്തിൽ ജീവിക്കുമായിരുന്നില്ല.'

നടുമിറ്റത്തേക്കുള്ള വാതിൽക്കൽ മരത്തിൻെറ അഴികൾ എടുത്തുവെച്ച് അയാൾ കസേരയിലേക്കു മടങ്ങി.

'എൻെറ മകൻ ജീവിതം മുഴുവൻ അദ്ധ്വാനിച്ചു.' കേണൽ പറഞ്ഞു. 'എൻെറ വീട് പണയത്തിലാണ്. പെൻഷൻ നിയമം വക്കീൽമാർക്ക് ആജീവനാന്തപെൻഷനായി മാറിയിരിക്കുന്നു.'

'എനിയ്ക്കു വേണ്ടിയല്ല,' വക്കീൽ എതിർത്തു. 'അവസാനത്തെ ചില്ലി പോലും എൻെറ ചെലവുകൾക്കാണ് ചെലവഴിച്ചത്.'

താൻ പറഞ്ഞത് അനീതിയായിപ്പോയി എന്നോർത്ത് കേണൽ പരിതപിച്ചു.

'അതുതന്നെയാണ് ഞാനുദ്ദേശിച്ചത്,' അയാൾ സ്വയം തിരുത്തി. ഷർട്ടിൻെറ കൈകൊണ്ട് അയാൾ നെറ്റി തുടച്ചു. 'ഈ ചൂടിൽ തലയുടെ ആണി വരെ തുരുമ്പിക്കും.'

ഒരു നിമിഷത്തിനുശേഷം വക്കീൽ അധികാരപത്രം തിരഞ്ഞ് ഓഫീസ് കീഴ്മേൽ മറിച്ചു. സൂര്യൻ പരുക്കൻ മരപ്പലകകൾ കൊണ്ടു നിർമ്മിച്ച ആ ചെറിയ മുറിയുടെ മദ്ധ്യത്തിലേക്കു കടന്നു. എല്ലാ സ്ഥലത്തും തിരഞ്ഞത് വെറുതെയായപ്പോൾ അയാൾ നാലുകാലിൽ കുമ്പിട്ട് മുക്കിയും മൂളിയും പിയാനോലയുടെ അടിയിൽ നിന്നും ഒരു കടലാസു ചുരുൾ പുറത്തെടുത്തു.

'ഇതാ ഇവിടെയുണ്ട്.'

ഒരു മുദ്രക്കടലാസ് എടുത്ത് വക്കീൽ കേണലിനു നൽകി. 'പകർപ്പുകൾ റദ്ദു ചെയ്യാൻ ഞാൻ ഏജൻറുമാർക്ക് എഴുതാം.'

കേണൽ കടലാസ് പൊടി തട്ടി ഷർട്ടിൻെറ കീശയിലിട്ടു.

'താങ്കൾ തന്നെ അത് കീറിക്കളഞ്ഞോളൂ.' വക്കീൽ പറഞ്ഞു

'ഇല്ല.' കേണൽ പറഞ്ഞു. 'ഇത് ഇരുപതു വർഷക്കാലത്തെ ഓർമ്മകളാണ്.' വക്കീൽ നോക്കിനിൽക്കുന്നതിനായി അയാൾ കാത്തു. പക്ഷെ, വക്കീൽ നിന്നില്ല. അയാൾ വിയർപ്പു തുടയ്ക്കാനായി തൂക്കുമെത്തയിലേക്കു പോയി. അവിടെ നിന്ന് വെട്ടിജ്ജ്വലിക്കുന്ന അന്തരീക്ഷത്തിലൂടെ അയാൾ കേണലിനെ നോക്കി.

'എനിക്ക് ആ രേഖകൾ കൂടി വേണം,' കേണൽ പറഞ്ഞു.

'ഏതു രേഖകൾ?'

'പെൻഷൻ അവകാശപ്പെടാനുള്ള തെളിവുകൾ.'

വക്കീൽ കൈമലർത്തി.

'നോക്കൂ, കേണൽ, അതസാദ്ധ്യമാണ്.'

കേണൽ ഭയചകിതനായി. മക്കാണ്ടോ ജില്ലയിലെ വിപ്ലവത്തിൻെറ ഖജാൻജിയായിരുന്ന കാലത്ത് അയാൾ ഒരു കഴുതയുടെ പുറത്ത് രണ്ടു പെട്ടികളിലായി യുദ്ധത്തിനു വേണ്ട പണവുമായി ആറു ദിവസം നീണ്ട അതിദുർഘടമായ യാത്ര നടത്തിയിരുന്നു. ഉടമ്പടി ഒപ്പു വെക്കുന്നതിന് അര മണിക്കൂർ മുമ്പ് വിശന്നു ചത്ത കഴുതയേയും വലിച്ചിഴച്ച് അയാൾ നീർലാൻഡിയയിലെ താവളത്തിലെത്തി. വിപ്ലവസൈന്യത്തിൻെറ

അത്‌ലാൻറിക് തീരത്തെ ക്വാർട്ടർമാസ്റ്റർ ജനറലായിരുന്ന കേണൽ ഒറേലിയാനോ ബുവെൻഡിയ ആ പണത്തിനുള്ള രശീതി അയാൾക്കു നൽകുകയും കീഴടങ്ങുമ്പോൾ സമർപ്പിക്കാനുള്ള പട്ടികയിൽ ആ രണ്ടു പെട്ടികളും ഉൾപ്പെടുത്തുകയും ചെയ്തു.

‘ആ രേഖകൾക്ക് വിലമതിക്കാനാവാത്ത മൂല്യമുണ്ട്.’ കേണൽ പറഞ്ഞു. ‘അതിൽ കേണൽ ഒറേലിയാനൊ ബുവെൻഡിയ സ്വന്തം കൈപ്പടയിലെഴുതിയ രശീതിയുണ്ട്.’

‘ഞാൻ സമ്മതിച്ചു.’ വക്കീൽ പറഞ്ഞു. ‘പക്ഷെ, ആ രേഖകൾ ആയിരമായിരം ഓഫീസുകളിലെ ആയിരമായിരം കൈകളിലൂടെ കടന്നുപോയിട്ടു വേണം യുദ്ധമന്ത്രാലയത്തിലെ ദൈവത്തിനു മാത്രമറിയാവുന്ന ഏതോ വകുപ്പിൽ എത്താൻ.’

‘പക്ഷെ ഒരു ഉദ്യോഗസ്ഥനും അതു ശ്രദ്ധിക്കാതിരിക്കാൻ കഴിയില്ല,’ കേണൽ പറഞ്ഞു.

‘പക്ഷെ, കഴിഞ്ഞ പതിനഞ്ചു വർഷത്തിനുള്ളിൽ ഉദ്യോഗസ്ഥന്മാർ പലതവണ മാറിക്കഴിഞ്ഞിരിക്കുന്നു.’ വക്കീൽ ചൂണ്ടിക്കാട്ടി. ‘ഒന്നാലോചിച്ചു നോക്കൂ. ഏഴു പ്രസിഡൻറുമാർ വന്നു; ഓരോ പ്രസിഡൻറും ചുരുങ്ങിയത് പത്തു തവണയെങ്കിലും മന്ത്രിസഭ മാറ്റി; ഈ മന്ത്രിസഭകളിലെ ഓരോ മന്ത്രിമാരും ചുരുങ്ങിയത് നൂറു തവണയെങ്കിലും തൻെറ സ്റ്റാഫിനെ മാറ്റിയിട്ടുണ്ടാവും.’

‘പക്ഷെ, ആർക്കും ആ രേഖകൾ വീട്ടിലേക്കു കൊണ്ടുപോകാൻ കഴിയില്ല.’ കേണൽ പറഞ്ഞു. ‘ഓരോ പുതിയ ഉദ്യോഗസ്ഥനും അവ അതാതു ഫയലുകളിൽ കണ്ടിട്ടുണ്ടാവണം.’

വക്കീലിന് ക്ഷമ നശിച്ചു.

‘മാത്രമല്ല, ഇനി മന്ത്രാലയത്തിൽ നിന്നും ആ കടലാസുകൾ ഇപ്പോൾ മാറ്റിയാൽത്തന്നെ അവയ്ക്ക് പട്ടികയിൽ സ്ഥാനം ലഭിക്കാൻ വീണ്ടും കാത്തിരിക്കേണ്ടിവരും.’

‘അതു സാരമില്ല.’ കേണൽ പറഞ്ഞു.

‘അതിന് നൂറ്റാണ്ടുകളെടുക്കും.’

‘അതു സാരമില്ല. വലിയ കാര്യങ്ങൾക്ക് കാത്തിരിക്കാമെങ്കിൽ ചെറിയ കാര്യങ്ങൾക്കും കാത്തിരിക്കാം.’

അയാൾ വരയുള്ള കടലാസ്സിൻെറ ഒരു പാഡും പേനയും മഷിക്കുപ്പിയും ഒപ്പുകടലാസും സ്വീകരണമുറിയിലെ ചെറിയ മേശപ്പുറത്ത് വെച്ചു. വേണ്ടിവന്നാൽ, ഭാര്യയോട് എന്തെങ്കിലും സംശയം ചോദിക്കാനായി കിടപ്പുമുറിയുടെ വാതിൽ തുറന്നു വെച്ചു. അവൾ കൊന്ത ജപിക്കുകയായിരുന്നു.

‘ഇന്ന് എത്രയാ തീയതി?’

‘ഒക്ടോബർ 27’

അയാൾ, സ്കൂളിൽ പഠിപ്പിച്ചപോലെ, ശ്വാസം സുഗമമാക്കാൻ നട്ടെല്ല് നിവർന്നിരുന്ന് പേന പിടിച്ച കൈ ഒപ്പുകടലാസിൽ വെച്ച് ശ്രദ്ധാപൂർവം വൃത്തിയോടെ എഴുതി. അടച്ച സ്വീകരണമുറിയിൽ ചൂട് അസഹ്യമായി. എഴുത്തിൽ ഒരു തുള്ളി വിയർപ്പ് വീണു. കേണൽ അത് ഒപ്പുകടലാസുകൊണ്ട് എടുത്തുമാറ്റി. എന്നിട്ട് കലങ്ങിപ്പോയ അക്ഷരങ്ങൾ മായ്ക്കാൻ ശ്രമിച്ചു. ക്ഷമ നശിക്കാതെ അയാൾ ഒരു നക്ഷത്രചി ം വരച്ച് മാർജിനിൽ ‘ആർജ്ജിത അവകാശങ്ങൾ’ എന്നെഴുതി. എന്നിട്ട് മുഴുവൻ ഖണ്ഡികയും വായിച്ചു.

‘എന്നാണ് എന്നെ പട്ടികയിൽ ചേർത്തത്?’

സ്ത്രീ ജപം തടസ്സപ്പെടുത്താതെ പറഞ്ഞു.

‘ആഗസ്റ്റ് 12, 1949’

അടുത്ത നിമിഷം മഴപെയ്യാൻ തുടങ്ങി. കേണൽ ഒരു പേജ് മനോറിലെ പബ്ലിക് സ്കൂളിൽ നിന്നും പഠിച്ച അൽപ്പം ബാലിശമായ കുത്തിവരകൾ കൊണ്ട് നിറച്ചു. എന്നിട്ട് രണ്ടാമത്തെ പേജിൽ മദ്ധ്യം വരെ എഴുതി ഒപ്പിട്ടു.

എഴുത്ത് അയാൾ ഭാര്യയ്ക്ക് വായിച്ചുകൊടുത്തു. ഓരോ വാചകങ്ങളും അവൾ തലകുലുക്കി സമ്മതിച്ചു. വായിച്ചുതീർന്നപ്പോൾ കേണൽ കവർ ഒട്ടിച്ച് വിളക്കു കെടുത്തി.

‘ആരോടെങ്കിലും ടൈപ്പ് ചെയ്തുതരാൻ പറയാമായിരുന്നു.’

‘വേണ്ട. ഔദാര്യം ചോദിച്ചു നടന്ന് എനിക്ക് മടുത്തു.’

അര മണിക്കൂറോളം അയാൾ ഓല മേഞ്ഞ മേൽക്കൂരയിൽ മഴയുടെ ആരവം കേട്ടു കിടന്നു. പട്ടണയം പ്രളയത്തിൽ മുങ്ങി. കർഫ്യൂ മുഴങ്ങിയപ്പോഴേയ്ക്കും വീടിൽ എവിടെയോ ചോർച്ച തുടങ്ങി. 'ഇതു പണ്ടേ ചെയ്യേണ്ടതായിരുന്നു. സ്ത്രീ പറഞ്ഞു. 'കാര്യങ്ങൾ സ്വയം ചെയ്യുകയാണ് എപ്പോഴും നല്ലത്.'

ഇപ്പോഴും വൈകിയിട്ടൊന്നുമില്ല. ചോർച്ച ശ്രദ്ധിച്ചുകൊണ്ട് കേണൽ പറഞ്ഞു. 'വീടിൻെറ ഗഡു അടയ്ക്കാറാവുമ്പോഴേയ്ക്കും ഇതെല്ലാം ശരിയാവുമായിരിക്കും.'

'രണ്ടു കൊല്ലത്തിനുള്ളിൽ.' സ്ത്രീ പറഞ്ഞു.

സ്വീകരണമുറിയിലെ ചോർച്ച കണ്ടുപിടിക്കാൻ അയാൾ വിളക്കു കൊളുത്തി.

കോഴിയുടെ പാട്ട അതിനടിയിൽ വെച്ച്, ഒഴിഞ്ഞ ലോഹപ്പാട്ടയിൽ വെള്ളം വീഴുന്ന ശബ്ദത്തിൻെറ അകമ്പടിയോടെ അയാൾ കിടപ്പുമുറിയിലേക്കു വന്നു.

'പണത്തിൻെറ പലിശ ലാഭിക്കാൻ ഒരു പക്ഷെ, അവർ ജനുവരിക്കു മുമ്പേ കണക്കു തീർത്തേക്കാനുള്ള സാദ്ധ്യതയുണ്ട്.' അയാൾ പറഞ്ഞു. 'അപ്പോഴേയ്ക്കും അഗസ്റ്റിൻെറ ആണ്ട് അവസാനിക്കും. അപ്പോൾ നമുക്ക് സിനിമക്കു പോകാം.'

അവൾ അടക്കിച്ചിരിച്ചു. 'എനിക്ക് കാർട്ടൂണുകൾ പോലും തീരെ ഓർമ്മയില്ല,' അവൾ പറഞ്ഞു.

കേണൽ കൊതുകുവലയിലൂടെ അവളെ നോക്കാൻ ശ്രമിച്ചു.

'എന്നാണ് നീ അവസാനമായി സിനിമയ്ക്കു പോയത്?'

'1931ൽ' അവൾ പറഞ്ഞു. 'മരിച്ച മനുഷ്യൻെറ മരണപത്രം ആയിരുന്നു കളിച്ചിരുന്നത്.'

'അതിൽ സംഘട്ടനമുണ്ടോ?'

'ഞങ്ങൾക്ക് അറിയാൻ കഴിഞ്ഞില്ല. ഭൂതം പെൺകുട്ടിയുടെ മാല മോഷ്ടിക്കാൻ ശ്രമിക്കുമ്പോഴേക്കും പേമാരി തുടങ്ങി.'

മഴയുടെ സംഗീതം അവരെ ഉറക്കി. കേണലിന് വയറ്റിൽ അൽപ്പം അസ്വസ്ഥത തോന്നി. പക്ഷെ, അയാൾക്ക് ഭയം തോന്നിയില്ല. താൻ ഒരു ഒക്ടോബർ കൂടി അതിജീവിക്കാൻ പോവുകയാണ്. അയാൾ സ്വയം കമ്പിളിപ്പുതപ്പുകൊണ്ട് പൊതിഞ്ഞു. ഒരു നിമിഷം അയാൾ ഭാര്യയുടെ ചരലുപോലെയുള്ള ശ്വാസോച്ഛ്വാസം കേട്ടു-വിദൂരതയിൽ, മറ്റൊരു സ്വപ്നത്തിലേക്ക് ഒഴുകിനീങ്ങിക്കൊണ്ട്. അപ്പോൾ അയാൾ സംസാരിക്കാൻ തുടങ്ങി, പൂർണ്ണ ബോധത്തോടുകൂടിത്തന്നെ.

സ്ത്രീ ഉണർന്നു.

'നിങ്ങൾ ആരോടാണ് സംസാരിക്കുന്നത്?'

'ആരോടുമല്ല.' കേണൽ പറഞ്ഞു. 'ഞാനാലോചിക്കുകയായിരുന്നു. മക്കോണ്ടോ സമ്മേളനത്തിൽ ഞങ്ങൾ കേണൽ ഒറേലിയാനോ ബുഎൻഡിയയോട് കീഴടങ്ങരുതെന്ന് പറഞ്ഞത് തികച്ചും ശരിയായിരുന്നു. അതാണ് എല്ലാം നശിപ്പിക്കാൻ തുടങ്ങിയത്.'

ആ ആഴ്ച്ച മുഴുവനും മഴ പെയ്തു. നവമ്പർ 2ന്, കേണലിൻെറ ഇഷ്ടത്തിന് വിരുദ്ധമായി, സ്ത്രീ അഗസ്റ്റിൻെറ ശവകുടീരത്തിലേക്ക് പുഷ്പങ്ങളുമായി പോയി. തിരിച്ചെത്തിയപ്പോൾ അവൾക്ക് ആസ്ത്മയുടെ മറ്റൊരാക്രമണമുണ്ടായി. അതൊരു ദുഷ്കരമായ ആഴ്ച്ചയായിരുന്നു. അതിജീവിക്കുമെന്ന വിശ്വാസമില്ലാതിരുന്ന ഒക്ടോബറിലെ നാലാഴ്ച്ചകളേക്കാൾ ദുർഘടം പിടിച്ച ആഴ്ച്ച. രോഗബാധിതയായ സ്ത്രീയെ കാണാൻ ഡോക്ടർ വന്നു. 'ഇതുപോലെയുള്ള വലിവ് കൊണ്ട് എനിക്ക് ഈ നഗരം മുഴുവൻ മറവു ചെയ്യാൻ കഴിയും' എന്ന് ഉച്ചത്തിൽ പറഞ്ഞുകൊണ്ട് അദ്ദേഹം പുറത്തേക്കു വന്നു.

എങ്കിലും അദ്ദേഹം കേണലിനെ തനിയെ വിളിച്ചു സംസാരിച്ച് പ്രത്യേക ഭക്ഷണക്രമം കുറിച്ചുകൊടുത്തു.

കേണലിൻെറ സ്ഥിതിയും അല്പം പിന്നോട്ടടിച്ചിരുന്നു. അയാൾ മണിക്കൂറുകളോളം വിയർത്ത് കുളിച്ച് കക്കൂസിൽ ചെലവഴിച്ചു. താൻ ജീർണ്ണിക്കുകയാണെന്നും കുടലിലെ പൂപ്പലുകൾ പൊട്ടിപ്പിളർന്നുകൊണ്ടിരിക്കുകയാണെന്നും അയാൾക്കു തോന്നി. 'ഇത് ശീതകാലമാണ്,' അയാൾ ക്ഷമാപൂർവ്വം തന്നോടുതന്നെ പറഞ്ഞു. 'മഴ ശമിച്ചാൽ എല്ലാം വ്യത്യസ്തമാവും.' അയാൾ അത് ശരിക്കും വിശ്വസിച്ചു. എഴുത്ത് വരുമ്പോൾ താൻ ജീവിച്ചിരിക്കുമെന്നു തന്നെ അയാൾ വിശ്വസിച്ചു.

ഇത്തവണ വീടിന്റെ ധനസ്ഥിതി അയാൾ തന്നെ കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു. അടുത്തുള്ള കടകളിൽ അയാൾക്ക് പല തവണ പല്ലിറുമ്മിക്കൊണ്ട് കടം ചോദിക്കേണ്ടി വന്നു. 'അടുത്താഴ്ച്ച വരെ മാത്രമേ വേണ്ടൂ' അതു സത്യമാണെന്നുറപ്പില്ലാതെ അയാൾ പറഞ്ഞു. 'കഴിഞ്ഞ വെള്ളിയാഴ്ച്ച വരേണ്ട പണമായിരുന്നു അത്.'

ആസ്ത്മയുടെ ആക്രമണം അവസാനിച്ചപ്പോൾ സ്ത്രീ ഭീതിയോടെ അയാളെ പരിശോധിച്ചു.

'നിങ്ങൾ വെറും എല്ലും തോലുമായിരിക്കുന്നു,' അവൾ പറഞ്ഞു.

'ഞാൻ എന്റെ കാര്യം നോക്കുന്നുണ്ട്, അതിനാൽ എനിക്ക് എന്നെത്തന്നെ വിൽക്കാനാവും,' കേണൽ പറഞ്ഞു. 'എന്നെ ഒരു ക്ളാരിനെറ്റ് ഫാക്ടറിയിൽ ജോലിക്കെടുത്തിട്ടുണ്ട്.'

എന്നാൽ യഥാർത്ഥത്തിൽ എഴുത്തിനു വേണ്ടിയുള്ള കാത്തിരുപ്പ് അയാളെ ഒട്ടും പരിപോഷിപ്പിച്ചില്ല. ഉറക്കമില്ലായ്മ കൊണ്ട് ശരീരം തളരുകയും അസ്ഥികൾ വേദനിക്കുകയും ചെയ്തുകൊണ്ട് അയാൾക്ക് ഒരേ സമയം തൻേറയും കോഴിയുടെയും കാര്യം നോക്കാനാവുമായിരുന്നില്ല. നവമ്പറിന്റെ രണ്ടാം പകുതിയിൽ, ധാന്യമില്ലാതെ, രണ്ടു ദിവസത്തിനുള്ളിൽ കോഴി ചാവുമെന്ന് അയാൾക്ക് തോന്നി. ജൂലായിൽ ഒരു പിടി അമരക്കായ ചിമ്മിനിയിൽ സൂക്ഷിച്ചിരുന്ന കാര്യം അപ്പോഴാണ് അയാൾ ഓർത്തത്. അയാൾ അതിന്റെ തൊണ്ടു കളഞ്ഞ് ഉണങ്ങിയ മണികൾ കോഴിക്ക് ഇട്ടുകൊടുത്തു.

'ഇവിടെ വരൂ,' അവൾ പറഞ്ഞു.

'ഒരു മിനുട്ട്.' കോഴിയുടെ പ്രതികരണം ശ്രദ്ധിച്ചുകൊണ്ട് കേണൽ പറഞ്ഞു, 'പിച്ചക്കാർക്ക് ഇഷ്ടം നോക്കാൻ പറ്റില്ല.'

അയാൾ നോക്കുമ്പോൾ ഭാര്യ കിടയ്ക്കയിൽ എഴുന്നേറ്റിരിക്കാൻ ശ്രമിക്കുകയായിരുന്നു. അവളുടെ രോഗാതുരമായ ശരീരത്തിൽ നിന്നും പച്ചമരുന്നുകളുടെ മണം വമിക്കുന്നുണ്ടായിരുന്നു. അവൾ ഓരോരോ വാക്കുകളായി അളന്നുമുറിച്ച കൃത്യതയോടെ പറഞ്ഞു: 'ആ കോഴിയെ ഇപ്പോൾത്തന്നെ ഒഴിവാക്കുക!'

കേണൽ ഈ നിമിഷം മുൻകൂട്ടി കണ്ടതാണ്. സ്വന്തം മകൻ വെടിയേറ്റു വീണ സായാ ം മുതൽ അയാൾ ഇതു പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. എങ്കിലും അയാൾ അതിനെ കൂടെ നിർത്താൻ തന്നെ തീരുമാനിച്ചു. ആലോചിക്കാൻ ഇനിയും സമയമുണ്ട്.

'ഇപ്പോൾ ഇതിനെ വിറ്റിട്ട് ഒരു കാര്യവുമില്ല,' അയാൾ പറഞ്ഞു. 'രണ്ടു മാസത്തിനുള്ളിൽ പോര് ഉണ്ടാവും. അപ്പോൾ നല്ല വിലയ്ക്ക് വിൽക്കാൻ കഴിയും.'

'ഇത് പണത്തിന്റെ പ്രശ്നമല്ല,' സ്ത്രീ പറഞ്ഞു. 'പയ്യന്മാർ വരുമ്പോൾ അവരോട് അതിനെ കൊണ്ടുപോയി അവരുടെ ഇഷ്ടം പോലെ ചെയ്യാൻ പറയുക.'

'ഇത് അഗസ്റ്റിനു വേണ്ടിയാണ്,' കേണൽ മുൻകൂട്ടി തയ്യാറാക്കിയ വാദം മുന്നോട്ടു വെച്ചു. 'കോഴി ജയിച്ചു എന്ന വിവരം പറയാൻ വന്നപ്പോഴത്തെ അവന്റെ ഭാവം ഓർമ്മിക്ക്.'

സ്ത്രീ വാസ്തവത്തിൽ മകനെപ്പറ്റി ആലോചിച്ചിരുന്നു.

'ആ നശിച്ച കോഴികൾ അവന്റെ അധ:പതനമായിരുന്നു.' അവൾ ഒച്ചവെച്ചു. 'ജനുവരി മൂന്നാം തീയതി അവൻ വീട്ടിലിരിന്നിരുന്നുവെങ്കിൽ ആ ദുർമുഹൂർത്തം വരില്ലായിരുന്നു.' ശോഷിച്ച ചൂണ്ടുവിരൽ വാതിലിനു നേരെ ചൂണ്ടി അവൾ ആക്രോശിച്ചു. 'കോഴിയെ കക്ഷത്തിൽ വെച്ചുകൊണ്ടുള്ള അവന്റെ പോക്ക് കണ്മുന്നിൽ കാണുന്നതുപോലെ തോന്നുന്നു. കോഴിപ്പോര് നടക്കുന്നിടത്ത് പോയി ആപത്തിൽ ചെന്നുചാടരുതെന്ന് ഞാനവന് മുന്നറിയിപ്പു നൽകിയതാണ്. അപ്പോൾ അവൻ ചിരിച്ചുകൊണ്ട് പറഞ്ഞു, "മിണ്ടാതിരിക്കൂ, ഇന്ന് വൈകുന്നേരം നമ്മൾ പണം വാരും."'

അവൾ തളർന്ന് പിന്നിലേക്കു ചാഞ്ഞു. കേണൽ അവളെ മെല്ലെ തലയിണയുടെ ഭാഗത്തേക്ക് തള്ളി. അയാളുടെ കണ്ണുകൾ അതുപോലെതന്നെയുള്ള മറ്റു കണ്ണുകളിൽ പതിഞ്ഞു.

'അനങ്ങാതെ കിടക്കാൻ നോക്ക്.' അവളുടെ ശ്വാസത്തിന്റെ ചൂളം വിളി സ്വന്തം ശ്വാസകോശങ്ങളിൽ അനുഭവിച്ചുകൊണ്ട് അയാൾ പറഞ്ഞു.

സ്ത്രീ ഒരു താത്ക്കാലിക ആലസ്യത്തിലേക്ക് വഴുതിവീണു. അവൾ കണ്ണുകളടച്ചു. വീണ്ടും കണ്ണു തുറന്നപ്പോൾ ശ്വാസോഛ്വാസം മയപ്പെട്ടിരുന്നു.

'നാം പെട്ടിരിക്കുന്ന ദുരവസ്ഥ മൂലമാണിത്,' അവൾ പറഞ്ഞു. 'ഒരു കോഴിക്ക് കൊടുക്കാൻ വേണ്ടി സ്വന്തം വായിൽ നിന്ന് ഭക്ഷണം തിരിച്ചെടുക്കുന്നത് പാപമാണ്.'
കേണൽ വിരിപ്പുകൊണ്ട് വിയർപ്പു തുടച്ചു.
'മൂന്നു മാസംകൊണ്ട് ആരും മരിക്കാറില്ല.'
'അത്രയും കാലം നാം എന്തു ഭക്ഷിക്കും?' അവൾ ചോദിച്ചു.
'എനിക്കറിയില്ല,' കേണൽ പറഞ്ഞു. 'എന്നാൽ പട്ടിണി കൊണ്ടാണ് നാം മരിക്കുന്നതെങ്കിൽ ഇതിനു മുമ്പു തന്നെ മരിക്കുമായിരുന്നു.'
ഒഴിഞ്ഞ ടിന്നിന്നരികെ കോഴി ഉത്സാഹത്തിലായിരുന്നു. കേണലിനെ കണ്ടപ്പോൾ അവൻ ഏതാണ്ട് മനുഷ്യനെപ്പോലെത്തന്നെ കാറുന്ന ശബ്ദത്തിൽ ആത്മഗതം മൊഴിയുകയും തല നിവർത്തിപ്പിടിക്കുകയും ചെയ്തു.
കേണൽ പങ്കു ചേരുന്നപോലെ ഒരു ചിരി സമ്മാനിച്ചു. 'ജീവിതം കഠിനമാണ്, ചങ്ങാതീ'
കേണൽ തെരുവിലേക്കിറങ്ങി. ഒന്നിനെപ്പറ്റിയും ചിന്തിക്കാതെ, തൻെറ പ്രശ്നത്തിന് ഒരു പരിഹാരവുമില്ലെന്ന് സ്വയം ബോദ്ധ്യപ്പെടുത്താൻ പോലും ശ്രമിക്കാതെ ഉച്ചവിശ്രമവേളയിൽ പട്ടണത്തിൽ അലഞ്ഞുനടന്നു. എന്നോ മറന്നുപോയ തെരുവുകളിലൂടെ അയാൾ നടന്നു, ഒടുവിൽ താൻ തളർന്നിരിക്കുന്നു എന്ന് ബോദ്ധ്യമാവുന്നതു വരെ. അപ്പോൾ അയാൾ വീട്ടിലേക്കു മടങ്ങി. അയാൾ വരുന്നതു കേട്ട് സ്ത്രീ കിടപ്പുമുറിയിലേക്കു വിളിച്ചു.
'എന്താ?'
അയാളെ നോക്കാതെ അവൾ പറഞ്ഞു: 'നമുക്ക് ക്ളോക്ക് വിൽക്കാം'
കേണൽ അതിനെപ്പറ്റി ആലോചിച്ചിരുന്നു.
'അൽവാരോ നാൽപ്പതു പെസോ കയ്യോടെ തരുമെന്നെനിക്കുറപ്പാണ്,' സ്ത്രീ പറഞ്ഞു. 'എത്ര വേഗമാണ് അയാൾ തയ്യൽ യന്ത്രം വാങ്ങിയത്'
അഗസ്റ്റിൻെറ കൂടെ പണിയെടുത്തിരുന്ന തയ്യൽക്കാരനെപ്പറ്റിയായിരുന്നു അവൾ സൂചിപ്പിച്ചത്.
'നാളെ രാവിലെ അയാളോട് സംസാരിച്ചു നോക്കാം.' കേണൽ സമ്മതിച്ചു.
'"നാളെ സംസാരിക്കാം" എന്നൊന്നും വേണ്ട.' അവൾ ശാഠ്യം പിടിച്ചു. 'ഈ നിമിഷം ക്ളോക്ക് അയാളുടെ അടുത്ത് കൊണ്ടുപോകൂ എന്നിട്ട് അത് കൗണ്ടറിൽ വെച്ച് പറയൂ അൽവാരോ, ഈ ക്ളോക്ക് നിങ്ങൾ വാങ്ങുവാനായി ഞാൻ കൊണ്ടുവന്നതാണ്.' അയാൾക്ക് ഉടൻ തന്നെ കാര്യം മനസ്സിലാവും.'
കേണലിന് ലജ്ജ തോന്നി.
'അത് വിശുദ്ധ ശവകുടീരവുമായി കറങ്ങിനടക്കുന്നതുപോലെയാണ്.' അയാൾ പറഞ്ഞു. 'ഇങ്ങനെയൊരു കാഴ്ച്ചവ്സ്തുവുമായി അവരെന്നെ കണ്ടാൽ റാഫേൽ എസ്കലോണ അയാളുടെ പാട്ടുകളിലൊന്നിൽ എന്നെയും ഉൾപ്പെടുത്തും.'
എന്നാൽ ഇത്തവണയും ഭാര്യ അയാളെ കാര്യം ബോദ്ധ്യപ്പെടുത്തി. അവൾ തന്നെ ക്ളോക്കെടുത്ത് പത്രം കൊണ്ട് പൊതിഞ്ഞ് അയാളുടെ കയ്യിൽ കൊടുത്തു.
'നാൽപ്പത് പെസോ ഇല്ലാതെ ഇങ്ങോട്ട് വരണ്ട.' അവൾ പറഞ്ഞു.
കേണൽ പൊതി കക്ഷത്തിൽ വെച്ച് തയ്യൽക്കടയിലേക്കു നടന്നു.
വാതിൽക്കൽ അഗസ്റ്റിൻെറ കൂട്ടുകാർ ഇരിക്കുന്നത് അയാൾ കണ്ടു.
ഒരാൾ അയാൾക്ക് ഇരിക്കാൻ ഇടം കൊടുത്തു. 'നന്ദി', അയാൾ പറഞ്ഞു. 'എനിക്കിരിക്കാൻ നേരമില്ല.' അൽവാരോ പുറത്തേക്കു വന്നു.
ഒരു നനഞ്ഞ ട്രൗസറിൻെറ ഭാഗം ഹാളിൽ, രണ്ടു കൊളുത്തുകളിൽ കെട്ടിയിരുന്ന അയയിൽ തൂക്കിയിട്ടിരുന്നു. അവൻ മെലിഞ്ഞ് കരുത്തുറ്റ ശരീരവും വന്യമായ കണ്ണുകളുമുള്ള ഒരു ചെറുപ്പക്കാരനായിരുന്നു . അവനും കേണലിനെ ഇരിക്കാൻ ക്ഷണിച്ചു. കേണലിന് ആശ്വാസം തോന്നി. അയാൾ സ്റ്റൂൾ വാതിലിൻെറ കട്ടിലപ്പടിയിൽ ചാരി അതിന്മേൽ ഇരുന്ന് വിൽപ്പനക്കാര്യം പറയാൻ അൽവാരോ തനിച്ചാവാനായി കാത്തിരുന്നു. പെട്ടെന്ന് താൻ ഭാവരഹിതമായ കുറെ മുഖങ്ങളാൽ ചുറ്റപ്പെട്ടിരിക്കുന്നു എന്ന് അയാൾക്ക് മനസ്സിലായി.

'ഞാൻ തടസ്സപ്പെടുത്തുകയാണോ?'
അല്ലെന്ന് അവർ പറഞ്ഞു. അവരിലൊരാൾ അയാളുടെ അടുത്തേയ്ക്ക് ചാഞ്ഞു. കേൾക്കാൻ പ്രയാസമായ അടക്കിയ ശബ്ദത്തിൽ അയാൾ പറഞ്ഞു:
'അഗസ്റ്റിൻ എഴുതിയിരുന്നു.'
കേണൽ വിജനമായ തെരുവ് വീക്ഷിച്ചു.
'എന്താണവൻ പറഞ്ഞത്?'
'എല്ലായ്പോഴും പറയാറുള്ളത് തന്നെ.'
അവർ അയാൾക്ക് രഹസ്യ ലഘുലേഖ നൽകി. കേണൽ അത് കാലുറയുടെ കീശയിലിട്ട് നിശ്ശബ്ദമായി പൊതിയിൽ മെല്ലെ കൊട്ടിക്കൊണ്ടിരുന്നു, ആരോ അത് ശ്രദ്ധിച്ചു എന്ന് മനസ്സിലാവുന്നതു വരെ. അയാൾ പെട്ടെന്ന് നിർത്തി.
'കേണൽ, കയ്യിലെന്താണ്?'
കേണൽ, ഹെർനൻെറ പച്ച കണ്ണുകളുടെ തുളഞ്ഞുകയറുന്ന നോട്ടം അവഗണിച്ചു.
'ഒന്നുമില്ല' അയാൾ നുണ പറഞ്ഞു. 'ഞാൻ ക്ളോക്ക് ജർമൻകാരൻെറ അടുത്ത് നന്നാക്കാൻ കൊണ്ടുപോവുകയാണ്.'
'മണ്ടത്തരം കാട്ടാതിരിക്കൂ, കേണൽ' പൊതി എടുക്കാൻ ശ്രമിച്ചുകൊണ്ട് ഹെർനൻ പറഞ്ഞു. 'ഞാനൊന്നു നോക്കട്ടെ.'
കേണൽ പിന്നോക്കം വലിഞ്ഞു. അയാൾ ഒന്നും മിണ്ടിയില്ല, പക്ഷെ, അയാളുടെ കണ്ണുകൾ ചുവന്നു. മറ്റുള്ളവർ നിർബ്ബന്ധിച്ചു.
'അവൻ നോക്കട്ടെ, കേണൽ. അവന് യന്ത്രങ്ങളെപ്പറ്റിയെല്ലാം അറിയാം.'
'അവനെ ബുദ്ധിമുട്ടിക്കണ്ട എന്നു വച്ചിട്ടാണ്.'
'എന്തു ബുദ്ധിമുട്ട്? ഒരു ബുദ്ധിമുട്ടുമില്ല.' ഹെർനൻ വാദിച്ചു. അവൻ ക്ളോക്ക് പിടിച്ചുവാങ്ങി. 'ജർമൻകാരൻ നിങ്ങളുടെ കയ്യിൽ നിന്നും പത്തു പെസൊ വാങ്ങും, ക്ളോക്ക് ഇതുപോലെത്തന്നെയിരിക്കുകയും ചെയ്യും.' ഹെർനൻ ക്ളോക്കും കൊണ്ട് തയ്യൽകടയിലേക്കു പോയി. അൽവാരോ തുന്നിക്കൊണ്ടിരിക്കുകയായിരുന്നു. പിന്നിൽ, ഒരു ആണിയിൽ തൂക്കിയ ഗിറ്റാറിൻെറ താഴെ, ഒരു പെൺകുട്ടി ബട്ടൺ തുന്നുകയായിരുന്നു. ഗിറ്റാറിന്മേൽ ഒരു അറിയിപ്പ് ഒട്ടിച്ചു വെച്ചിരുന്നു. *'രാഷ്ട്രീയം പറയുന്നത് നിരോധിച്ചിരിക്കുന്നു'.* പുറത്ത് കേണലിന് തൻെറ ശരീരം ഭാരമേറിയതുപോലെ തോന്നി. അയാൾ കാൽ സ്റ്റൂളിൻെറ പടിയിൽ വെച്ചു.
'മുടിഞ്ഞ സാധനം'
കേണൽ ഞെട്ടിപ്പോയി. 'ശപിക്കേണ്ട ആവശ്യമില്ല.' അയാൾ പറഞ്ഞു.
അൽഫോൺസോ കേണലിൻെറ ഷൂ പരിശോധിക്കാൻ കണ്ണട മൂക്കിൽ ശരിയാക്കി വെച്ചു. 'നിങ്ങളുടെ ഷൂസാണ് അതിനു കാരണം.' അവൻ പറഞ്ഞു. 'മുടിഞ്ഞ പുത്തൻ ഷൂവാണല്ലോ നിങ്ങളുടെ കാലിന്മേൽ'
'അത് ശപിക്കാതെ പറയാമല്ലോ' എന്നു പറഞ്ഞ് കേണൽ കട്ടിത്തോലുകൊണ്ടുള്ള ഷൂസിൻെറ അടിവശം ഉയർത്തിക്കാട്ടി.
'ഈ വിചിത്രവസ്തു നാൽപ്പതു കൊല്ലം പഴക്കമുള്ളതാണ്. എന്നാൽ, ആദ്യമായാണ് ഒരാൾ അതിനെ ശപിക്കുന്നതു കേൾക്കുന്നത്.'
'എല്ലാം ശരിയായി,' ക്ളോക്ക് അടിക്കാൻ തുടങ്ങുന്നതിനൊപ്പം ഹെർനൻ അകത്തുനിന്നും വിളിച്ചുപറഞ്ഞു. അടുത്ത വീട്ടിൽ താമസിക്കുന്ന സ്ത്രീ മറയിൽ ഇടിച്ചുകൊണ്ട് ഉച്ചത്തിൽ പറഞ്ഞു., 'ആ ഗിറ്റാർ വിടുക. അഗസ്റ്റിൻെറ ചരമവർഷം കഴിഞ്ഞിട്ടില്ല.'
'അത് ക്ളോക്കാണ്' ആരോ വിളിച്ചു കൂവി.
ഹെർനൻ പൊതിയുമായി പുറത്തു വന്നു.
'അതിനൊരു കുഴപ്പവുമുണ്ടായിരുന്നില്ല. ഞാൻ വേണമെങ്കിൽ വീട്ടിൽ വന്ന് കൃത്യമായി തൂക്കിത്തരാം.'
കേണൽ അതു നിരസിച്ചു.
'ഞാൻ എന്താണ് തരേണ്ടത്?'
'അതിനെപ്പറ്റി വിഷമിക്കേണ്ട, കേണൽ' ഹെർനൻ കൂട്ടത്തിൽ തൻെറ സ്ഥാനത്തിരുന്നുകൊണ്ട് മറുപടി പറഞ്ഞു, 'ജനുവരിയിൽ കോഴി അതിന് പ്രതിഫലം നൽകിക്കൊള്ളും.'

കേണൽ താൻ കാത്തിരുന്ന അവസരം മുന്നിൽ കണ്ടു.
‘നമുക്കൊരു കച്ചവടമുറപ്പിക്കാം’ അയാൾ പറഞ്ഞു.
‘എന്ത്?’
‘ഞാൻ നിങ്ങൾക്കെൻെറ പൂവനെ തരാം’ അയാൾ ചുറ്റുമുള്ള മുഖങ്ങളിലൂടെ കണ്ണോടിച്ചു. ‘നിങ്ങൾക്കെല്ലാവർക്കുമായി ഞാനെൻെറ പൂവനെ തരാം.’
ഹെർനൻ അയാളെ അന്തം വിട്ടു നോക്കി.
‘എനിക്കിപ്പോൾ ഇതിനൊന്നുമുള്ള പ്രായമല്ല’ കേണൽ തുടർന്നു. അവരെ ബോദ്ധ്യപ്പെടുത്തുന്ന തരത്തിൽ അയാൾ ശബ്ദത്തിന് ഗൗരവം നൽകി. ‘എനിക്കു പറ്റാവുന്നതിലധികം ഭാരമുള്ള കാര്യമാണിത്. ദിവസങ്ങളായി അതു ചത്തുകൊണ്ടിരിക്കുകയാണെന്ന് എനിക്കു തോന്നാൻ തുടങ്ങിയിരിക്കുന്നു.’
‘അതിനെപ്പറ്റി പരിഭ്രമിക്കേണ്ട, കേണൽ,’ അൽഫോൺസൊ പറഞ്ഞു. ‘കോഴി പൂട പൊഴിക്കുന്നു എന്നതാണ് പ്രശ്നം. അതിന് തൂവലിൽ പനിയുണ്ട്.’
‘അടുത്ത മാസമാവുമ്പോഴേയ്ക്കും ഭേദമായിക്കൊള്ളും’ ഹെർനൻ പറഞ്ഞു.
‘എന്തുതന്നെയായാലും എനിയ്ക്കവനെ വേണ്ട.’ കേണൽ പറഞ്ഞു.
ഹെർനൻെറ കണ്ണുകൾ കേണലിൻെറ കണ്ണുകളിലേക്ക് ചുഴിഞ്ഞു നോക്കി.
‘കാര്യങ്ങളുടെ കിടപ്പ് മനസ്സിലാക്കൂ, കേണൽ’, അവൻ നിർബ്ബന്ധിച്ചു, ‘അഗസ്റ്റിൻെറ കോഴിയെ കളത്തിലിറക്കുന്നത് നിങ്ങളായിരിക്കണമെന്നതാണ് മുഖ്യമായ കാര്യം’
കേണൽ ആലോചിച്ചു. ‘ഞാൻ മനസ്സിലാക്കുന്നു,’ അയാൾ പറഞ്ഞു, ‘അതുകൊണ്ടാണ് ഞാനവനെ ഇതുവരെ നിർത്തിയത്.’ അയാൾ പല്ലിറുമ്മി. വീണ്ടും തുടരാമെന്നു തന്നെ കരുതി. ‘ഇനിയും രണ്ടുമാസം കൂടിയുണ്ടല്ലോ എന്നതാണ് പ്രശ്നം.’
കാര്യം പിടികിട്ടിയത് ഹെർനനായിരുന്നു.
‘അതുകൊണ്ടു മാത്രമാണെങ്കിൽ ഒരു പ്രശ്നവുമില്ല,’ അയാൾ തൻെറ പദ്ധതി മുന്നോട്ടുവെച്ചു. മറ്റെയാൾ അതംഗീകരിച്ചു.
സന്ധ്യക്ക് കേണൽ കക്ഷത്തിലിരിക്കുന്ന പൊതിയുമായി കേണൽ വീട്ടിലേക്ക് പ്രവേശിച്ചപ്പോൾ അയാളുടെ ഭാര്യ കയർത്തു.
‘ഒന്നുമില്ലേ?‘
‘ഒന്നുമില്ല’ കേണൽ പറഞ്ഞു. ‘ഇനി അതു പ്രശ്നമല്ല. കോഴിയെ തീറ്റുന്ന കാര്യം ആ ചെറുപ്പക്കാർ ഏറ്റെടുത്തു.’

‘നിൽക്കൂ, ഞാനൊരു കുട തരാം, സുഹൃത്തേ’
സബാസ് ഓഫീസിലെ ചുമരലമാറ തുറന്നു. അകത്ത് ആകെ അലങ്കോലമായിരുന്നു:കൂട്ടിയിട്ടിരുന്ന സവാരി ബൂട്ടുകൾ, കടിഞ്ഞാണുകൾ, കാൽപ്പടികൾ, ഒരു അലുമിനിയും പാട്ട നിറയെ കുതിമുള്ളുകൾ. മുകൾഭാഗത്തുനിന്നും അഞ്ചാറു കുടകൾ, സ്ത്രീകളുടെ കുടകൾ എന്നിവ തൂക്കിയിട്ടിരുന്നു. കേണലിന് എന്തോ അത്യാഹിതത്തിൻെറ അവശിഷ്ടങ്ങൾ പോലെ തോന്നി.
‘നന്ദി, സുഹൃത്തേ,’ ജനലിന്മേൽ ചാരിക്കൊണ്ട് കേണൽ പറഞ്ഞു. ‘മഴ മാറിയിട്ടു പോകാമെന്നാണ് ഞാൻ വിചാരിച്ചത്.’ സബാസ് അലമാര അടച്ചില്ല. അയാൾ ഡസ്കിൽ പങ്കയുടെ പരിധിയിലായി ഇരുന്നു. എന്നിട്ട് പഞ്ഞിയിൽ പൊതിഞ്ഞ സിറിഞ്ച് വലിപ്പിൽ നിന്നും എടുത്തു.
കേണൽ ചാരനിറമാർന്ന ബദാം വൃക്ഷങ്ങൾ വീക്ഷിച്ചു. അതൊരു ശൂന്യമായ സായാ മായിരുന്നു.
‘ഈ ജനലിൽ നിന്നു നോക്കുമ്പോൾ മഴ വ്യത്യസ്തമാണ്,’ അയാൾ പറഞ്ഞു. ‘അത് മറ്റൊരു പട്ടണത്തിൽ പെയ്യുന്നതുപോലെ തോന്നുന്നു.’
‘മഴ എവിടെ നിന്നു നോക്കിയാലും മഴ തന്നെ,’ സബാസ് മറുപടി പറഞ്ഞു. അയാൾ സിറിഞ്ച് ഡസ്കിൻെറ ഗ്ലാസ് പ്രതലത്തിൽ തിളപ്പിക്കാൻ വെച്ചു. ‘ഈ പട്ടണം നാറുന്നു.’
കേണൽ തോൾ കുലുക്കിക്കൊണ്ട് വിയോജിപ്പ് പ്രകടിപ്പിച്ചു. അയാൾ ഓഫീസിൻെറ മദ്ധ്യത്തിലേക്കു നടന്നു. തിളക്കമാർന്ന തുണി പൊതിഞ്ഞ ഫർണ്ണീച്ചറുകളുള്ള പച്ച തറയോടിട്ട മുറി. പിന്നിൽ അടുക്കും

ചിട്ടയുമില്ലാതെ കൂട്ടിയിട്ടിരിക്കുന്ന ഉപ്പിൻചാക്കുകളും തേനീച്ചക്കൂടുകളും സവാരിജീനികളും. സബാസിന്റെ നിസ്സംഗമായ ദൃഷ്ടികൾ അയാളെ പിന്തുടർന്നു.

'നിങ്ങളുടെ സ്ഥാനത്ത് ഞാനായിരുന്നെങ്കിൽ അങ്ങനെ ചിന്തിക്കുമായിരുന്നില്ല,' കേണൽ പറഞ്ഞു.

ഡസ്കിനു മുന്നിൽ കുനിഞ്ഞു നിൽക്കുന്ന മനുഷ്യനിൽ ശാന്തമായ ദൃഷ്ടി പതിപ്പിച്ചുകൊണ്ട് കേണൽ ചമ്രം പടിഞ്ഞിരുന്നു. തടിച്ച് അയഞ്ഞുതൂങ്ങുന്ന പേശികളുള്ള ആ കുറിയ മനുഷ്യന്റെ കണ്ണുകളിൽ ഒരു മരത്തവളയുടെ ദു:ഖം നിഴലിച്ചിരുന്നു.

'ഒരു ഡോക്ടറെക്കൊണ്ടു പരിശോധിപ്പിക്കൂ, ചങ്ങാതീ,' സബാസ് പറഞ്ഞു. 'ശവസംസ്കാരത്തിനു ശേഷം നിങ്ങൾ വളരെ ദു:ഖിതനാണ്'

കേണൽ തലയുയർത്തി.

'എനിക്ക് ഒരസുഖവുമില്ല.'

സബാസ് സിറിഞ്ച് തിളയ്ക്കാനായി കാത്തുനിന്നു. 'എനിക്കും അതു തന്നെ പറയാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു.' അയാൾ പരാതിപ്പെട്ടു. 'നിങ്ങൾ ഭാഗ്യവാനാണ് കാരണം നിങ്ങൾക്ക് ഇരുമ്പിന്റെ ആമാശയമുണ്ട്.' അയാൾ തന്റെ കറുത്ത വടുകളുള്ള രോമാവൃതമായ പുറംകൈകൾ വീക്ഷിച്ചുകൊണ്ടു നിന്നു. വിവാഹമോതിരത്തിനൊപ്പം അയാൾ കറുത്ത കല്ലു വെച്ച ഒരു മോതിരവും അണിഞ്ഞിരുന്നു.

'അതു ശരിയാണ്,' കേണൽ സമ്മതിച്ചു.

ഓഫീസിനെ വീടിന്റെ ബാക്കി ഭാഗവുമായി ബന്ധിപ്പിക്കുന്ന വാതിലിലൂടെ സബാസ് ഭാര്യയെ വിളിച്ചു. എന്നിട്ട് അയാൾ തന്റെ ശ്രമകരമായ ഭക്ഷണക്രമം വിവരിക്കാൻ തുടങ്ങി. അയാൾ ഷർട്ടിന്റെ കീശയിൽ നിന്നും ഒരു കുപ്പിയെടുത്ത് അതിൽ നിന്നും ഒരു പയറുമണിയുടെ വലിപ്പമുള്ള ഒരു വെള്ള ഗുളികയെടുത്ത് ഡസ്കിന്മേൽ വെച്ചു.

'എല്ലായിടത്തും ഇതു കൊണ്ടുനടക്കുന്നത് ഒരു പീഡനം തന്നെയാണ്,' അയാൾ പറഞ്ഞു. 'കീശയിൽ മരണവുമായി നടക്കുന്നതുപോലെയാണ് അത്.'

കേണൽ ഡസ്കിന്റെ അടുത്തു ചെന്ന് ഗുളിക കയ്യിലെടുത്ത് പരിശോധിച്ചു, സബാസ് രുചിച്ചുനോക്കാൻ ക്ഷണിക്കുന്നതു വരെ.

'കാപ്പിക്ക് മധുരത്തിനു വേണ്ടിയാണ് അത്,' അയാൾ വിശദീകരിച്ചു. 'അത് പഞ്ചസാരയില്ലാത്ത പഞ്ചസാരയാണ്'

'തീർച്ചയായും,' ഉമിനീരിൽ ശോകം നിറഞ്ഞ മധുരം നുണഞ്ഞുകൊണ്ട് കേണൽ പറഞ്ഞു. 'അത് മണികളില്ലാത്ത മണിമുഴക്കം പോലെയാണ്.'

ഭാര്യ മരുന്നു കുത്തിവെച്ചതിനുശേഷം സബാസ് കൈമുട്ടുകൾ ഡസ്കിൽ വെച്ച് കൈകളിൽ മുഖം താങ്ങിക്കൊണ്ട് ഇരുന്നു. കേണലിന് തന്റെ ശരീരം എന്തുചെയ്യണമെന്ന് അറിയില്ലായിരുന്നു. സ്ത്രീ ഫാനിന്റെ പ്ലഗ്ഗൂരി ഇരുമ്പലമാരയുടെ മുകളിൽ വെച്ച് മറ്റേ അലമാരയുടെ അടുത്തേക്ക് നീങ്ങി.

'കുടകൾക്ക് മരണവുമായി എന്തോ ബന്ധമുണ്ട്' അവൾ പറഞ്ഞു.

കേണൽ അതു ശ്രദ്ധിച്ചില്ല. അയാൾ തപാൽ നോക്കാനായി നാലുമണിക്ക് വീട്ടിൽ നിന്നിറങ്ങിയതായിരുന്നു. പക്ഷെ, മഴ കാരണം അയാൾക്ക് സബാസിന്റെ ഓഫീസിൽ അഭയം തേടേണ്ടിവന്നു. യന്ത്രബോട്ടുകൾ ചൂളം വിളിക്കുമ്പോഴും മഴ തകർത്തു പെയ്യുകയായിരുന്നു.

'എല്ലാവരും പറയുന്നു, മരണം ഒരു സ്ത്രീയാണെന്ന്,' സ്ത്രീ തുടർന്നു. അവൾ ഭർത്താവിനേക്കാൾ ഉയരമുള്ള തടിച്ച ഒരു സ്ത്രീയായിരുന്നു. അവളുടെ മേൽച്ചുണ്ടിൽ രോമമുള്ള ഒരു അരിമ്പാറയുണ്ടായിരുന്നു. അവളുടെ സംഭാഷണരീതി പങ്കയുടെ മൂളലിനെ ഓർമ്മിപ്പിച്ചു. 'എന്നാൽ. ഞാൻ അതൊരു സ്ത്രീയാണെന്നു കരുതുന്നില്ല.' അവൾ അലമാര അടച്ച് വീണ്ടും കേണലിന്റെ കണ്ണുകളിലേക്കു നോക്കി.

'എനിക്കു തോന്നുന്നത് അത് നഖങ്ങളുള്ള ഒരു മൃഗമാണന്നാണ്.'

'അതു ശരിയാവാം,' കേണൽ സമ്മതിച്ചു. 'ചിലപ്പോൾ വിചിത്രമായ കാര്യങ്ങൾ സംഭവിക്കാറുണ്ട്.'

അയാൾ പോസ്ററ്മാസ്റ്റർ മഴക്കോട്ടണിഞ്ഞ് യന്ത്രബോട്ടിലേക്ക് കയറുന്നതിനെപ്പറ്റി ഓർത്തു. വക്കീലിനെ മാറ്റിയിട്ട് ഒരു മാസം കഴിഞ്ഞിരിക്കുന്നു. ഒരു മറുപടി പ്രതീക്ഷിക്കാനുള്ള അവകാശം അയാൾക്കുണ്ട്.

അയാൾ എന്തോ മനോരാജ്യത്തിലാണെന്ന് ശ്രദ്ധയിൽ പെടുന്നതുവരെ സബാസിന്റെ ഭാര്യ മരണത്തെപ്പറ്റി പറഞ്ഞുകൊണ്ടിരുന്നു.
'സ്നേഹിതാ, നിങ്ങൾക്കെന്തോ മന:പ്രയാസമുണ്ടെന്നു തോന്നുന്നു.'
കേണൽ നിവർന്നിരുന്നു.
'അതു ശരിയാണ് സുഹൃത്തേ,' അയാൾ നുണ പറഞ്ഞു. 'ഞാനോലോചിക്കുകയായിരുന്നു, ഇപ്പോൾ അഞ്ചു മണിയായി, കോഴിക്ക് കുത്തിവെച്ചിട്ടില്ല'
അവൾ ആശയക്കുഴപ്പത്തിലായി.
'കോഴിക്ക് കുത്തിവെപ്പോ, മനുഷ്യരെപ്പോലെ?' അവൾ ഉച്ചത്തിൽ പറഞ്ഞു. 'അത് ദൈവദോഷമാണ്.'
സബാസിന് ഇതിലും കൂടുതൽ സഹിക്കാൻ കഴിഞ്ഞില്ല. അയാൾ ദേഷ്യം കൊണ്ടു തുടുത്ത മുഖമുയർത്തി.
'ഒരു മിനുട്ട് നേരത്തേക്ക് വായടയ്ക്ക്,' അയാൾ ഭാര്യയെ ശാസിച്ചു. അവൾ കൈകൾ വായ അടയ്ക്കാൻ കൈ ഉയർത്തുക തന്നെ ചെയ്തു.
'നീ അര മണിക്കൂറായി വിഡ്ഢിത്തങ്ങൾ പറഞ്ഞ് എന്റെ സുഹൃത്തിനെ ശല്യപ്പെടുത്തുന്നു.'
'ഒരിക്കലുമില്ല,' കേണൽ എതിർത്തു.
സ്ത്രീ വാതിൽ കൊട്ടിയടച്ചു. സബാസ് ലാവൻറർ നനച്ച തൂവാലകൊണ്ട് കഴുത്തു തുടച്ചു. കേണൽ ജനലിനടുത്തേക്കു നീങ്ങി. മഴ വിടാതെ പെയ്യുന്നുണ്ടായിരുന്നു. നീണ്ട കാലുകളുള്ള ഒരു കോഴി വിജനമായ കവല മുറിച്ചു കടന്നു.
'കോഴിക്ക് കുത്തിവെപ്പ് നടത്തുന്നു എന്നത് സത്യമാണോ?'
'സത്യമാണ്,' കേണൽ പറഞ്ഞു. 'അടുത്താഴ്ച്ചയാണ് അവന്റെ പരിശീലനം തുടങ്ങുന്നത്.'
'ഇത് ശരിക്കും ഭ്രാന്താണ്,' സബാസ് പറഞ്ഞു. 'ഇത്തരം കാര്യങ്ങൾ നിങ്ങൾക്കു പറ്റിയതല്ല'
'ഞാൻ സമ്മതിക്കുന്നു,' കേണൽ പറഞ്ഞു. 'പക്ഷെ, അത് അവന്റെ കഴുത്തു ഞെരിക്കുന്നതിനുള്ള കാരണമല്ല.'
'ഇത് വെറും മന്തൻ പിടിവാശിയാണ്,' ജനലിന്റെ നേരെ തിരിഞ്ഞുകൊണ്ട് സബാസ് പറഞ്ഞു. ഉലയിൽ നിന്നുള്ള കാറ്റുപോലെ അയാൾ നെടുവീർപ്പിടുന്നത് കേണൽ കേട്ടു. സുഹൃത്തിന്റെ കണ്ണുകൾ അയാളിൽ സഹതാപമുണർത്തി.
'ഒന്നിനും വൈകിപ്പോയിട്ടില്ല,' കേണൽ പറഞ്ഞു.
'യുക്തി കൈവിടാതിരിക്കൂ' സബാസ് തുടർന്നു. 'ഇതൊരു ഇരുമുനയുള്ള കച്ചവടമാണ്. ഒരു വശത്ത് നിങ്ങൾ ഈ തലവേദന ഒഴിവാക്കുന്നു, മറുവശത്ത് തൊള്ളായിരം പെസോ നിങ്ങൾക്ക് പോക്കറ്റിലിടുകയും ചെയ്യാം.'
'തൊള്ളായിരം പെസോ!' അയാൾ ഉൽഘോഷിച്ചു.
'തൊള്ളായിരം പെസോ!' കേണൽ ആ സംഖ്യ സങ്കൽപ്പിച്ചു.
'അത്രയും വലിയ ഒരു നിധി അവർ ആ കോഴിക്ക് നൽകുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ?'
'കരുതുകയല്ല, എനിക്ക് പൂർണ്ണ ഉറപ്പുണ്ട്,' സബാസ് പറഞ്ഞു.
വിപ്ലവനിധി തിരിച്ചുകൊടുത്തതിനുശേഷം അയാളുടെ തലയിലുദിച്ച ഏറ്റവും വലിയ സംഖ്യയാണത്.

സബാസിന്റെ ഓഫീസിൽ നിന്നും പോരുമ്പോൾ അയാൾക്ക് കുടലിൽ ശക്തമായ ഒരു പിടുത്തം അനുഭവപ്പെട്ടു. പക്ഷെ, ഇപ്പോഴത്തേത് കാലാവസ്ഥ മൂലമല്ലെന്ന് അയാൾക്കറിയാമായിരുന്നു. തപാലാപ്പീസിൽ അയാൾ നേരെ പോസ്റ്റ്മാസ്റ്ററെ സമീപിച്ചു.
'ഞാനൊരു അടിയന്തര എഴുത്ത് പ്രതീക്ഷിക്കുന്നുണ്ട്,' അയാൾ പറഞ്ഞു. 'അതൊരു വിമാനത്തപാലായിരിക്കും.'
പോസ്റ്റ്മാസ്റ്റർ എഴുത്തുകളുടെ കള്ളികളിൽ തിരഞ്ഞു. എല്ലാം വായിച്ചു കഴിഞ്ഞപ്പോൾ അവ അതാതിന്റെ സ്ഥാനത്ത് തിരിച്ചുവെച്ചു. എന്നാൽ അദ്ദേഹം ഒന്നും മിണ്ടിയില്ല. കയ്യിലെ പൊടിതട്ടി കേണലിനെ അർത്ഥഗർഭമായി ഒന്നു നോക്കുക മാത്രം ചെയ്തു.
'തീർച്ചയായും, അത് ഇന്ന് വരേണ്ടതായിരുന്നു, ' കേണൽ പറഞ്ഞു.
പോസ്റ്റ്മാസ്റ്റർ നിസ്സഹായമായി തോൾ കുലുക്കി.
'തീർച്ചയായും വരുന്നത് മരണം മാത്രമാണ്, കേണൽ'

ഭാര്യ ഒരു പാത്രം ചോളക്കഞ്ഞി കൊണ്ടുവന്നു. ഓരോ സ്പൂണിനിടയിലും ചിന്തിക്കാൻ ധാരാളം സമയം നൽകിക്കൊണ്ട് അയാൾ നിശ്ശബ്ദം ഭക്ഷിച്ചു. എതിർവശത്തിരുന്നിരുന്ന ഭാര്യ അയാളുടെ മുഖത്ത് എന്തോ ഭാവമാറ്റം ശ്രദ്ധിച്ചു.

'എന്താണ് കാര്യം?' അവൾ ചോദിച്ചു.

'പെൻഷനുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ കാര്യം ആലോചിക്കുകയായിരുന്നു ഞാൻ,' കേണൽ കള്ളം പറഞ്ഞു. 'അമ്പതു കൊല്ലത്തിനു ശേഷം നമ്മൾ ആറടി മണ്ണിനടിയിലായിരിക്കും. അപ്പോൾ ആ പാവം മനുഷ്യൻ എല്ലാ വെള്ളിയാഴ്ചയും തന്റെ പെൻഷൻ വരുന്നതും കാത്ത് സ്വയം നശിക്കുകയായിരിക്കും.'

'ഇതൊരു ദുർലക്ഷണമാണ്,' സ്ത്രീ പറഞ്ഞു. 'ഇതിനർത്ഥം നിങ്ങൾ ഇതിനകം തന്നെ കീഴടങ്ങുകയാണെന്നാണ്. അവൾ കഞ്ഞി കഴിച്ചുകൊണ്ടിരുന്നു. ഒരു നിമിഷത്തിനു ശേഷം ഭർത്താവ് അപ്പോഴും അകലെയെവിടെയോ ആണെന്ന് അവൾ മനസ്സിലാക്കി.

'ഇപ്പോൾ നിങ്ങൾ ചെയ്യേണ്ടത് കഞ്ഞി ആസ്വദിക്കുകയാണ്.'

'വളരെ നന്നായിരിക്കുന്നു,' കേണൽ പറഞ്ഞു. 'ഇതെവിടെനിന്നു വന്നു?''

'കോഴിയിൽ നിന്ന്,'' സ്ത്രീ മറുപടി പറഞ്ഞു.

'പയ്യന്മാർ വളരെയേറെ ധാന്യം കൊണ്ടുവന്നിരുന്നതിനാൽ അവൻ അത് നമുക്കു കൂടി പങ്കുവെക്കാമെന്ന് തീരുമാനിച്ചു. ഇതാണ് ജീവിതം.'

'അതു ശരിയാണ്,' കേണൽ നെടുവീർപ്പിട്ടു. 'കണ്ടുപിടിക്കപ്പെട്ടതിൽ വെച്ച് ഏറ്റവും നല്ല വസ്തു ജീവിതമാണ്.'

അയാൾ സ്റ്റൗവിന്റെ കാലിൽ കെട്ടിയിട്ടിരുന്ന കോഴിയെ നോക്കി. ഇത്തവണ അവൻ ഒരു വ്യത്യസ്ത ജീവിയാണെന്ന് അയാൾക്ക് തോന്നി. സ്ത്രീയും അവനെ നോക്കി.

'ഇന്നു വൈകുന്നേരം എനിക്ക് കുട്ടികളെ വടിയെടുത്ത് ഓടിക്കേണ്ടി വന്നു.' അവൾ പറഞ്ഞു. 'അവർ ഒരു തള്ളക്കോഴിയെ പൂവനുമായി ഇണചേർക്കാൻ കൊണ്ടുവന്നു.'

'അത് ഇതാദ്യമായല്ല,' കേണൽ പറഞ്ഞു. ഇതു തന്നെയാണ് അവർ പണ്ട് നഗരങ്ങൾ കേണൽ ഒറേലിയാനൊ ബുവെൻഡിയയോടും ചെയ്തത്. അവർ കൊച്ചു പെൺകുട്ടികളെ അയാളുടെ അടുത്തേക്ക് ഇണചേരാൻ കൊണ്ടുവന്നു.'

ആ തമാശ അവളിൽ ഒരു ഉണർവ്വുണ്ടാക്കി. മനുഷ്യരുടെ സംഭാഷണം പോലെ കോഴി പുറപ്പെടുവിച്ച ഒരു ശബ്ദം ഹാളിൽ മുഴങ്ങി. 'ചിലപ്പോൾ എനിക്കു തോന്നാറുണ്ട് അവൻ സംസാരിക്കാൻ തുടങ്ങുമെന്ന്,' അവൾ പറഞ്ഞു. കേണലും അവനെ നോക്കി.

'അവന് അവന്റെ ഭാരത്തിന്റെയത്ര സ്വർണ്ണത്തിന്റെ വിലയുണ്ട്.' അയാൾ പറഞ്ഞു. ഒരു സ്പൂൺ കഞ്ഞി അകത്താക്കുന്നതിനിടയിൽ അയാൾ ചില കണക്കുകൂട്ടലുകൾ നടത്തി. 'മൂന്നു കൊല്ലത്തേക്ക് അവൻ നമ്മെ തീറ്റിപ്പോറ്റും.'

'പ്രത്യാശ ഭക്ഷിക്കാൻ പറ്റില്ല.' സ്ത്രീ പറഞ്ഞു.

'പ്രത്യാശ ഭക്ഷിക്കാൻ പറ്റില്ല, പക്ഷെ, അതു നമ്മെ നിലനിർത്തും,' കേണൽ മറുപടി പറഞ്ഞു. 'അത് എന്റെ സുഹൃത്ത് സബാസിന്റെ അത്ഭുത ഗുളികകളെപ്പോലെയാണ്.'

മനസ്സിൽ നിന്നും രൂപങ്ങൾ മായ്ക്കാൻ ശ്രമിച്ചുകൊണ്ട് ആ രാത്രി അയാൾ നന്നായി ഉറങ്ങിയില്ല. പിറ്റേ ദിവസം ഉച്ചഭക്ഷണത്തിന് ഭാര്യ രണ്ടു പ്ലെയ്റ്റ് കഞ്ഞി വിളമ്പി വെച്ചിരുന്നു. അവൾ തല കുനിച്ച് ഒന്നും മിണ്ടാതെയിരുന്ന് കഴിച്ചു. കേണലിന് അവളുടെ വിഷാദഭാവം മനസ്സിൽ അറിയാൻ കഴിഞ്ഞു.

'എന്താണ് കാര്യം?'

'ഒന്നുമില്ല,' സ്ത്രീ പറഞ്ഞു. ഇത്തവണ കള്ളം പറയാനുള്ള ഊഴം അവളുടെയാണെന്ന് കേണലിനു തോന്നി. അയാൾ അവളെ സമാശ്വസിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ അവൾ അതേ നില തുടർന്നു.

'അസാധരണമായി ഒന്നുമില്ല,'' അവൾ പറഞ്ഞു. 'ഞാൻ ആലോചിക്കുകയായിരുന്നു. ആ മനുഷ്യൻ മരിച്ചിട്ട് രണ്ടു മാസമായി. എന്നിട്ടും ഇതുവരെ ഞാൻ ആ കുടുംബത്തെ ഒന്നു കാണാൻ പോയില്ല.'

അന്നു രാത്രി അവൾ അവരെ കാണാൻ പോയി. കേണലും മരിച്ച മനുഷ്യന്റെ വീട്ടിലേക്ക് അവളെ അനുഗമിച്ചു. എന്നിട്ട് ഉച്ചഭാഷിണിയിൽ നിന്നും വരുന്ന സംഗീതത്താൽ ആകർഷിക്കപ്പെട്ട് അയാൾ സിനിമാ

കൊട്ടകയിലേക്കു തിരിച്ചു. തൻെറ ഓഫീസിൻെറ വാതിൽക്കലിരുന്ന് ആഞ്ചലച്ചൻ, പന്ത്രണ്ടു തവണത്തെ തൻെറ മുന്നറിയിപ്പുകൾ വകവെക്കാതെ കളികാണാൻ വരുന്നത് ആരൊക്കെയാണെന്നറിയാൻ കൊട്ടകയുടെ പ്രവേശന കവാടം നിരീക്ഷിക്കുകയായിരുന്നു. പ്രകാശപൂരവും കർണ്ണകഠോരമായ സംഗീതവും കുട്ടികളുടെ ബഹളവും ആ പ്രദേശത്തിനു ചുറ്റും പ്രതിരോധമുയർത്തി. കുട്ടികളിലൊരുവൻ മരത്തിൻെറ തോക്കു ചൂണ്ടി കേണലിനെ ഭീഷണിപ്പെടുത്തി.

'കോഴിയുടെ പുതിയ വിവരമെന്താണ്, കേണൽ?' അവൻ അധികാരസ്വരത്തിൽ ചോദിച്ചു.

കേണൽ കൈകളുയർത്തി.

'ഇപ്പോഴും അവനിവിടെയൊക്കെയുണ്ട്.'

കൊട്ടകയുടെ മുൻവശം മുഴുവനും 'പാതിരാകന്യക'യുടെ ഒരു ബഹുവർണ്ണ പരസ്യചിത്രം കൊണ്ടു മൂടിയിരുന്നു. കാലുകളിലൊന്ന് നിതംബം വരെ നഗ്നമാക്കപ്പെട്ട നിശാവസ്ത്രമണിഞ്ഞ സ്ത്രീയുടെ പടമായിരുന്നു അത്. ദൂരെ ഇടിയും മിന്നലും ആരംഭിക്കുന്നതുവരെ കേണൽ ആ പരിസരത്ത് കറങ്ങിനടന്നു. എന്നിട്ട് അയാൾ ഭാര്യയുടെ അടുത്തേക്ക് തിരിച്ചു.

അവൾ മരിച്ച ആളുടെ വീട്ടിലുണ്ടായിരുന്നില്ല. സ്വന്തം വീട്ടിലും ഉണ്ടായിരുന്നില്ല. നിശാനിയമം തുടങ്ങാൻ അധിക സമയമില്ലെന്ന് അയാൾ കണക്കുകൂട്ടി. ക്ളോക്ക് നിന്നിരുന്നു. കാറ്റും കോളും പട്ടണത്തിലേക്കടുക്കുന്നത് മനസ്സിൽ കണ്ടുകൊണ്ട് അയാൾ കാത്തു. വീണ്ടും പുറത്തേക്ക് പോകാനൊരുങ്ങുമ്പോഴേയ്ക്കും ഭാര്യ എത്തി.

അയാൾ കോഴിയെ കിടപ്പുമുറിയിലേക്കു മാറ്റി. ഭാര്യ വേഷം മാറ്റി, കുടിക്കാൻ വെള്ളമെടുക്കാൻ സ്വീകരണമുറിയിലേക്കു പോകുമ്പോഴേക്കും കേണൽ ക്ളോക്കിന് താക്കോൽ കൊടുത്ത് സമയം ശരിയാക്കാൻ കർഫ്യു മുഴങ്ങുന്നതും കാത്തിരിപ്പായി.

'നീയെവിടെയായിരുന്നു?' കേണൽ ചോദിച്ചു.

'കവലയിൽ,' സ്ത്രീ മറുപടി പറഞ്ഞു.

ഭർത്താവിൻെറ നേരെ നോക്കാതെ അവൾ ഗ്ലാസ് തിണ്ണയിൽ വെച്ച് കിടപ്പുമുറിയിലേക്ക് തിരിച്ചെത്തി.

'ഇത്ര വേഗം മഴ പെയ്യുമെന്ന് ആരും വിചാരിച്ചില്ല.'

കേണൽ അഭിപ്രായമൊന്നും പറഞ്ഞില്ല.

കർഫ്യു മുഴങ്ങിയപ്പോൾ അയാൾ ക്ളോക്ക് പതിനൊന്നു മണിയാക്കി വെച്ച് കൂട് അടച്ച് കസേര അതിൻെറ സ്ഥാനത്തു വെച്ചു. അപ്പോൾ അയാൾ ഭാര്യ കൊന്ത ജപിക്കുന്നതു കണ്ടു.

'നീ എൻെറ ചോദ്യത്തിനുത്തരം പറഞ്ഞില്ല.'

'എന്ത്?'

'നീ എവിടെയായിരുന്നു?'

'ഞാൻ അവിടെ വർത്തമാനം പറഞ്ഞു നിന്നു,' അവൾ പറഞ്ഞു. 'ഞാൻ വീടിനു പുറത്തുപോയിട്ട് വളരെ കാലമായി'

കേണൽ തൂക്കുമഞ്ചം തൂക്കിയിട്ടു. വീടു പൂട്ടി മുറി പുകച്ച് അണുവിമുക്തമാക്കി. എന്നിട്ട് വിളക്ക് നിലത്തു വെച്ച് കിടന്നു.

'എനിക്കു മനസ്സിലായി,' അയാൾ ദു:ഖത്തോടെ പറഞ്ഞു. 'കഷ്ടകാലത്തിൻെറ ഏറ്റവും ചീത്ത വശം അതു നമ്മെ നുണ പറയിപ്പിക്കുന്നു എന്നതാണ്.'

അവൾ ദീർഘമായി നെടുവീർപ്പിട്ടു.

'ഞാൻ ആഞ്ചലച്ചൻെറ അടുത്തായിരുന്നു,' അവൾ പറഞ്ഞു. 'നമ്മുടെ വിവാഹമോതിരങ്ങളുടെ ഈടിൽ പണം കടം ചോദിക്കാൻ പോയതായിരുന്നു.'

'എന്നിട്ട് അദ്ദേഹം എന്തുപറഞ്ഞു?'

'പാവനമായ വസ്തുക്കൾ കൈമാറ്റം ചെയ്യുന്നത് പാപമാണെന്നു പറഞ്ഞു.'

അവൾ കൊതുകുവലയുടെ അകത്തുനിന്നും സംസാരിച്ചുകൊണ്ടിരുന്നു.

'രണ്ടു ദിവസം മുമ്പ് ഞാൻ ക്ളോക്ക് വിൽക്കാൻ ശ്രമിച്ചു,' അവൾ പറഞ്ഞു. 'ആർക്കും താത്പര്യമില്ല. കാരണം ഇപ്പോൾ തിളങ്ങുന്ന അക്കങ്ങളുള്ള ആധുനിക ക്ളോക്കുകൾ ഗഡു വ്യവസ്ഥയിൽ വാങ്ങാൻ കിട്ടും. അവയിൽ രാത്രിയിലും സമയം കാണാൻ പറ്റും.'
നാൽപ്പതുവർഷക്കാലം ഒപ്പം പങ്കുവെച്ച ജീവിതവും ദാരിദ്ര്യവും ദുരിതങ്ങളും ഒന്നും തനിക്ക് സ്വന്തം ഭാര്യയെ മനസ്സിലാക്കാൻ പോരാതെ വന്നു എന്ന് അയാൾക്ക് സ്വയം സമ്മതിക്കേണ്ടിവന്നു. അവളുടെ സ്നേഹത്തിനും എന്തോ വാർദ്ധക്യമേറ്റിട്ടുണ്ടെന്ന് അയാൾക്കു തോന്നി.
'അവർക്ക് ആ ചിത്രവും വേണ്ട,' അവൾ പറഞ്ഞു. 'മിക്കവാറും എല്ലാവർക്കും അതേ ചിത്രം തന്നെ സ്വന്തമായുണ്ട്. ഞാൻ ആ തുർക്കികളുടെ അടുത്തേക്കു പോലും പോയി.'
കേണലിന് വല്ലാത്ത തിക്തത അനുഭവപ്പെട്ടു.
'അപ്പോൾ നാം ഇപ്പോൾ പട്ടിണി കിടക്കുകയാണെന്ന് എല്ലാവർക്കും മനസ്സിലായി.'
'ഞാനാകെ തളർന്നു,' സ്ത്രീ പറഞ്ഞു. 'പുരുഷന്മാർക്ക് വീട്ടിലെ പ്രശ്നങ്ങൾ മനസ്സിലാവില്ല. ഞാൻ പല തവണ കല്ലുകളിട്ട് വെള്ളം തിളപ്പിച്ചിട്ടുണ്ട്, ദിവസങ്ങളോളം നമ്മുടെ അടുപ്പ് പുകയാറില്ലെന്ന് അയൽക്കാർ അറിയാതിരിക്കാൻ വേണ്ടി.'
കേണലിന് അപമാനിക്കപ്പെട്ടപോലെ തോന്നി.
'അത് ശരിക്കും ഒരു അപമാനം തന്നെയാണ്,' അയാൾ പറഞ്ഞു.
സ്ത്രീ കൊതുകുവലയിൽ നിന്ന് പുറത്തു കടന്ന് തൂക്കുമഞ്ചത്തിന്റെ അടുത്തേക്കു ചെന്നു. 'ഞാൻ ഈ വീട്ടിൽ ജാഡയും നാട്യങ്ങളും ഉപേക്ഷിക്കാൻ ഒരുങ്ങിയിരിക്കയാണ്' അവൾ പറഞ്ഞു. അവളുടെ ശബ്ദം രോഷം കൊണ്ട് ഇരുണ്ടിരുന്നു. 'എനിക്ക് ഈ അന്തസ്സും നിസ്സംഗതയും മടുത്തു.'
കേണൽ ഒരു പേശി പോലും അനക്കിയില്ല.
'എല്ലാ തെരഞ്ഞെടുപ്പിനും ശേഷം അവർ വാഗ്ദാനം ചെയ്യുന്ന കൊച്ചു വർണ്ണക്കിളികളെ കാത്ത് ഇരുപതു വർഷം. എന്നിട്ട് നമുക്ക് കിട്ടിയത് പുത്രന്റെ മരണം,' അവൾ തുടർന്നു. 'പുത്രന്റെ മരണമല്ലാതെ മറ്റൊന്നുമില്ല.'
ഇത്തരം കുറ്റപ്പെടുത്തലുകൾ കേണലിന് തഴക്കമായിരുന്നു.
'നമ്മൾ നമ്മുടെ കർത്തവ്യം നിർവഹിച്ചു.'
'സെനറ്റിൽ നിന്നും ഇരുപതു വർഷത്തോളം മാസം ആയിരം പെസൊ വീതം ഉണ്ടാക്കി അവർ അവരുടേയും.' സ്ത്രീ പ്രതിവചിച്ചു. 'സ്വന്തം പണം സൂക്ഷിക്കാൻ മതിയാവാത്ത രണ്ടു നില വീടുള്ള എന്റെ സുഹൃത്ത് സബാസുണ്ടിവിടെ. കഴുത്തിൽ ഒരു പാമ്പിനെ ചുറ്റി മരുന്നു വിറ്റുകൊണ്ട് ഈ പട്ടണത്തിൽ വന്ന ആൾ.'
'പക്ഷെ, അയാൾ പ്രമേഹം കൊണ്ട് മരിച്ചുകൊണ്ടിരിക്കുകയാണ്,' കേണൽ പറഞ്ഞു.
'നിങ്ങൾ പട്ടിണികൊണ്ടും,' സ്ത്രീ പറഞ്ഞു. അന്തസ്സ് തിന്നാൻ പറ്റില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം.'
ഇടിമിന്നൽ അവളെ തടസ്സപ്പെടുത്തി. അത് തെരുവിൽ പൊട്ടിത്തെറിക്കുകയും മുറിയിൽ പ്രവേശിച്ച് ചരൽക്കൂട്ടം പോലെ കട്ടിലിന്റെ അടിയിലേക്ക് ഉരുണ്ടുകയറുകയും ചെയ്തു. സ്ത്രീ കൊന്തയെടുക്കാൻ കൊതുകുവലയ്ക്കു നേരെ ചാടി.
കേണൽ പുഞ്ചിരിച്ചു.
'വായ അടയ്ക്കാതിരിക്കുന്നതിന് നിനക്ക് സംഭവിക്കുന്നതാണ് അത്,' അയാൾ പറഞ്ഞു. 'ഞാൻ എപ്പോഴും പറയാറുള്ളതാണ് ദൈവം എന്റെ ഭാഗത്തണെന്ന്.'
എന്നാൽ, വാസ്തവത്തിൽ, അയാൾ വിഷാദഗ്രസ്തനായിരുന്നു. ഒരു നിമിഷത്തിനുശേഷം അയാൾ വിളക്കണച്ച് മിന്നല്പിണരുകൾ കീറിമുറിച്ച ഇരുട്ടിൽ ചിന്തയിലമർന്നു. അയാൾ മാക്കോണ്ടോയെപ്പറ്റി ഓർത്തു. നീർലാൻഡിയയിലെ വാഗ്ദാനങ്ങൾ നിറവേറ്റപ്പെടുന്നതിനായി കേണൽ പത്തു വർഷം കാത്തു. ഉച്ചമയക്കത്തിന്റെ ആലസ്യത്തിൽ അയാൾ സ്ത്രീകളും പുരുഷന്മാരും മൃഗങ്ങളും ബോഗിയുടെ പുറത്തു പോലും തിങ്ങി നിറഞ്ഞ പൊടിപിടിച്ച ഒരു മഞ്ഞ വണ്ടി വന്നുനിൽക്കുന്നത് കണ്ടു. അത് വാഴപ്പഴജ്വരമായിരുന്നു. ഇരുപത്തിനാലു മണിക്കൂർ കൊണ്ട് അവർ പട്ടണമാകെ മാറ്റിമറിച്ചു.

'ഞാൻ സ്ഥലം വിടുകയാണ്,' കേണൽ അന്ന് പറഞ്ഞു. 'പഴത്തിൻെറ മണം എൻെറ ശരീരാന്തർഭാഗങ്ങൾ കാർന്നുതിന്നുകൊണ്ടിരിക്കുകയാണ്.' 1906 ജൂൺ 27 ബുധനാഴ്ച അയാൾ മടക്കവണ്ടിയിൽ മക്കാണ്ടോ വിട്ടു. നീർലാൻഡിയയിലെ കീഴടങ്ങലിനു ശേഷം തനിക്ക് ഒരു നിമിഷനേരത്തെ സമാധാനമുണ്ടായില്ലെന്ന് മനസ്സിലാക്കാൻ അയാൾക്ക് ഏതാണ്ട് അമ്പതു കൊല്ലം വേണ്ടിവന്നു.

അയാൾ കണ്ണു തുറന്നു.

'എന്നാൽ ഇനി അതിനെപ്പറ്റി ആലോചിക്കേണ്ട ആവശ്യമില്ല,'' അയാൾ പറഞ്ഞു.

'എന്ത്?'

'കോഴിയുടെ പ്രശ്നം,'' കേണൽ പറഞ്ഞു. 'നാളെ ഞാൻ അതിനെ എൻെറ സുഹൃത്ത് സബാസിന് തൊള്ളായിരം പെസോയ്ക്ക് വിൽക്കാൻ പോവുകയാണ്.'

വരിയുടയ്ക്കപ്പെട്ട മൃഗങ്ങളുടെ മോങ്ങലും സബാസിൻെറ ആക്രോശവും ഇടകലർന്ന് ഓഫീസ് ജനലിലൂടെ പുറത്തു വന്നു.

'പത്തു മിനുട്ടിനകം അയാൾ വന്നില്ലെങ്കിൽ ഞാൻ തിരിച്ചുപോകും' രണ്ടു മണിക്കൂർ നേരത്തെ കാത്തിരിപ്പിനുശേഷം കേണൽ സ്വയം പറഞ്ഞു. എങ്കിലും അയാൾ ഇരുപതു മിനുട്ടു കൂടി കാത്തു. അയാൾ പോകാൻ തുടങ്ങുമ്പോഴാണ് ഒരു കൂട്ടം പണിക്കാരുമായി സബാസ് ഓഫീസിൽ പ്രവേശിച്ചത്. കേണലിനെ ശ്രദ്ധിക്കാതെ അയാൾ അങ്ങോട്ടുമിങ്ങോട്ടും നടന്നു.

'നിങ്ങളെന്നെ കാത്തുനിൽക്കുകയാണോ, സ്നേഹിതാ'

അതേ, സ്നേഹിതാ,' കേണൽ പറഞ്ഞു. 'നിങ്ങൾ തിരക്കിലാണെങ്കിൽ ഞാൻ പിന്നീട് വരാം.'

വാതിലിനപ്പുറത്തുനിന്ന് സബാസ് അത് കേട്ടില്ല.

'ഞാൻ ഇപ്പോൾ വരാം,' അയാൾ പറഞ്ഞു.

ശ്വാസം മുട്ടിക്കുന്ന മദ്ധ്യാ മായിരുന്നു അത്. തെരുവിലെ പ്രകാശപൂരത്തിൽ ഓഫീസ് വെട്ടിത്തിളങ്ങി. ചൂടുകൊണ്ടുള്ള മന്ദതയിൽ കേണൽ അറിയാതെ കണ്ണുകളടയ്ക്കുകയും ഉടൻ തന്നെ ഭാര്യയെ സ്വപ്നം കാണാൻ തുടങ്ങുകയും ചെയ്തു. സബാസിൻെറ ഭാര്യ എത്തിവലിഞ്ഞ് നടന്നുകൊണ്ട് വന്നു.

'ഉറങ്ങിക്കോളൂ, സ്നേഹിതാ,' അവൾ പറഞ്ഞു. 'ഈ ഓഫീസ് ചൂടുകൊണ്ട് ഒരു നരകമായിരിക്കുന്നു. അതിനാൽ ഞാൻ ഈ ജനൽ കർട്ടനുകൾ താഴ്ത്താൻ പോവുകയാണ്.'

കേണൽ ശൂന്യമായ കണ്ണുകളോടെ അവളെ പിന്തുടർന്നു. ജനലുകളടച്ച് അതിൻെറ നിഴലിൽ നിന്നും അവൾ തുടർന്നു.

'നിങ്ങൾ എപ്പോഴും സ്വപ്നം കാണാറുണ്ടോ?'

'വല്ലപ്പോഴും,' ഉറങ്ങിപ്പോയതിൽ ലജ്ജിച്ചുകൊണ്ട് കേണൽ മറുപടി പറഞ്ഞു. 'മിക്കവാറും എല്ലായ്പ്പോഴും ചിലന്തിവലയിൽ കെട്ടുപിണഞ്ഞതായാണ് ഞാൻ സ്വപ്നം കാണാറ്.'

'എല്ലാ രാത്രിയും ഞാൻ പേടിസ്വപ്നം കാണാറുണ്ട്,' സ്ത്രീ പറഞ്ഞു. 'സ്വപ്നങ്ങളിൽ കണ്ടുമുട്ടുന്ന അജ്ഞാതമനുഷ്യർ ആരാണെന്നു കണ്ടുപിടിക്കുക എന്നതാണ് ഇപ്പോൾ എൻെറ തലയിൽ കടന്നുകൂടിയിരിക്കുന്നത്.'

അവൾ ഫാനിൻെറ പ്ലഗ് കുത്തി. 'കഴിഞ്ഞ ആഴ്ച്ച ഒരു സ്ത്രീ എൻെറ കട്ടിലിൻെറ തലയ്ക്കൽ പ്രത്യക്ഷപ്പെട്ടു,' അവൾ പറഞ്ഞു. 'അവൾ ആരാണെന്നു ചോദിക്കാൻ എനിക്കു കഴിഞ്ഞു. അപ്പോൾ അവൾ പറഞ്ഞു, ''പന്ത്രണ്ടു കൊല്ലം മുമ്പ് ഈ മുറിയിൽ വെച്ച് മരിച്ച സ്ത്രീയാണ് ഞാൻ'''

'പക്ഷെ ഈ വീട് പണിതിട്ട് കഷ്ടിച്ച് രണ്ടു വർഷമല്ലേ ആയുള്ളു?' കേണൽ പറഞ്ഞു.

'അതു ശരിയാണ്' സ്ത്രീ പറഞ്ഞു. 'അതിനർത്ഥം മരിച്ചവർക്കും തെറ്റുപറ്റാമെന്നു തന്നെ.'

പങ്കയുടെ മൂളൽ നിഴലിന് ഖരഭാവം നൽകി. കേണൽ ഉറക്കച്ചടവുകൊണ്ടും സ്വപ്നങ്ങളിൽ നിന്നു നേരെ പുനരവതാരത്തിലേക്കു കടന്ന സ്ത്രീയുടെ അലക്ഷ്യമായ സംസാരം കൊണ്ടും അക്ഷമനായി. വിട പറയാൻ ഒരു ഇട കിട്ടാൻ വേണ്ടി നോക്കിനിൽക്കുമ്പോഴാണ് സബാസ് മേസ്ത്രിയുമായി ഓഫീസിലേക്കു വന്നത്.

'ഞാൻ നിങ്ങളുടെ സൂപ്പ് നാലുതവണ ചൂടാക്കിക്കഴിഞ്ഞു,' സ്ത്രീ പറഞ്ഞു.

'വേണമെങ്കിൽ പത്തുതവണ ചൂടാക്കിക്കോ,' സബാസ് പറഞ്ഞു. 'പക്ഷെ ഇപ്പോൾ എന്നെ ശല്യപ്പെടുത്തരുത്.'
അയാൾ അലമാര തുറന്ന് ഒരു നോട്ടുകെട്ടും നിർദ്ദേശങ്ങളുടെ ഒരു കുറിപ്പും മേസ്ത്രിക്കു നൽകി. മേസ്ത്രി പണം എണ്ണാൻ ജനലിൻെറ കർട്ടനുയർത്തി. സബാസ് ഓഫീസിനു പിന്നിൽ കേണലിനെ കണ്ടു. പക്ഷെ, കണ്ട ഭാവം നടിച്ചില്ല. അയാൾ മേസ്ത്രിയുമായി സംസാരിച്ചുകൊണ്ടിരുന്നു. രണ്ടുപേരും വീണ്ടും ഓഫീസ് വിടാനൊരുങ്ങിയപ്പോൾ കേണൽ നിവർന്നു നിന്നു. വാതിൽ തുറക്കുന്നതിനു മുമ്പ് സബാസ് നിന്നു.
'ഞാനെന്തു സഹായമാണ് ചെയ്യേണ്ടത്, സുഹൃത്തേ?'
മേസ്ത്രി തന്നെ നോക്കുന്നത് കേണൽ കണ്ടു.
'ഒന്നുമില്ല, സുഹൃത്തേ,' അയാൾ പറഞ്ഞു. 'നിങ്ങളോടൊന്ന് സംസാരിക്കാമെന്നു കരുതി'
'എന്തുതന്നെയായാലും വേഗമാവട്ടെ,' സബാസ് പറഞ്ഞു. 'എനിക്ക് ഒരു മിനുട്ട് പോലും ഇടയില്ല.'
വാതിൽപിടിയിൽ കൈവെച്ചുകൊണ്ട് അയാൾ സംശയിച്ചു നിന്നു. കേണലിന് തൻെറ ജീവിതത്തിലെ ഏറ്റവും നീണ്ട അഞ്ചു സെക്കൻറുകൾ കടന്നുപോകുന്നതായി തോന്നി. അയാൾ പല്ലിറുമ്മി.
'കോഴിയുടെ കാര്യമാണ്,' അയാൾ മന്ത്രിച്ചു.
അപ്പോൾ സബാസ് വാതിൽ മുഴുവനും തുറന്നു. 'കോഴിയുടെ പ്രശ്നം,' മേസ്ത്രിയെ ഹാളിലേക്കു തള്ളി, ചിരിച്ചുകൊണ്ട് അയാൾ ആവർത്തിച്ചു. 'ആകാശം വീഴാൻ പോകുന്നു, അപ്പോഴാണ് എൻെറ സ്നേഹിതൻ കോഴിയെപ്പറ്റി വേവലാതിപ്പെടുന്നത്!' എന്നിട്ട് കേണലിനു നേരെ തിരിഞ്ഞ് പറഞ്ഞു: 'ശരി സുഹൃത്തേ, ഞാനിപ്പോൾ വരാം.'
ഹാളിന്നറ്റത്ത് അവരുടെ കാലൊച്ചകൾ കേൾക്കാതാവുന്നതുവരെ കേണൽ ഓഫീസിൻെറ മദ്ധ്യത്തിൽ നിശ്ചലനായി നിന്നു. അതിനു ശേഷം അയാൾ ഞായറാഴ്ച്ചയിലെ ഉച്ചമയക്കത്തിൽ മരവിച്ചു കിടക്കുന്ന നഗരത്തിൽ കറങ്ങിനടക്കാനായി പുറത്തിറങ്ങി. തയ്യൽക്കടയിൽ ആരുമുണ്ടായിരുന്നില്ല. ഡോക്ടറുടെ ഓഫീസ് അടച്ചിരിക്കുകയായിരുന്നു. സിറിയക്കാരുടെ കടകളിൽ നിരത്തിയിരുന്ന സാധനങ്ങൾ നോക്കാൻ ആരുമുണ്ടായിരുന്നില്ല. നദി ഒരു ഉരുക്കു തകിടു പോലെയായിരുന്നു. നദിയുടെ കരയിൽ, വെയിലിൽ നിന്നും മുഖം ഒരു തൊപ്പികൊണ്ട് മറച്ച്, നിരത്തിയിട്ടിരുന്ന നാലു എണ്ണവീപ്പകൾക്കു മുകളിൽ ഒരാൾ ഉറങ്ങിക്കിടന്നിരുന്നു. പട്ടണത്തിൽ ചലിക്കുന്ന ഒരേയൊരു വസ്തു താൻ മാത്രമാണെന്ന ബോദ്ധ്യത്തോടെ അയാൾ വീട്ടിലേക്കു തിരിച്ചു.
വിഭവസമൃദ്ധമായ ഭക്ഷണവുമായി ഭാര്യ അയാളെ കാത്തിരിക്കുകയായിരുന്നു.
'ഞാനിത് കടമായി വാങ്ങിയതാണ്, നാളെ മറ്റെന്തിനേക്കാളും മുമ്പെ ഇതിൻെറ വില നൽകാമെന്നും പറഞ്ഞ്.' അവൾ വിശദീകരിച്ചു.
ഭക്ഷണത്തിനിടയിൽ കേണൽ കഴിഞ്ഞ മൂന്നു മണിക്കൂർ നേരത്തെ സംഭവങ്ങൾ വിവരിച്ചു. അവൾ അക്ഷമയോടെ അതെല്ലാം കേട്ടു.
'നിങ്ങൾക്ക് വ്യക്തിപ്രഭാവമില്ലെന്നതാണ് പ്രശ്നം' ഒടുവിൽ അവൾ പറഞ്ഞു. 'നിങ്ങൾ പിച്ചക്കാരനെപ്പോലെയാണ് പെരുമാറുന്നത്. അതേസമയം നിങ്ങൾ ചെയ്യേണ്ടത്, അന്തസ്സായി, തലയുയർത്തിപ്പിടിച്ച് സ്നേഹിതനെ അടുത്തു വിളിച്ച്, ''സ്നേഹിതാ, ഞാനെൻെറ കോഴിയെ നിങ്ങൾക്കു വിൽക്കാൻ തീരുമാനിച്ചിരിക്കുന്നു'' എന്നു പറയുകയാണ് വേണ്ടത്.'
'നീ പറയുമ്പോലെയാണെങ്കിൽ ജീവിതം എത്ര അനായാസമാണ്!'
അവൾ ഊർജ്ജസ്വലമായ ഒരു ഭാവം കൈക്കൊണ്ടു. ആ പ്രഭാതത്തിൽ അവൾ വീടെല്ലാം അടുക്കിയൊതുക്കി. ഭർത്താവിൻെറ പഴയ ഷൂസുകളും നനയാത്ത മേലുടുപ്പും അണിഞ്ഞ് ചെവികളുടെ ഭാഗത്ത് രണ്ടു കെട്ടുകളുള്ള ഒരു തുണിക്കഷണം തലക്കു ചുറ്റും കെട്ടി വിചിത്രമായ വേഷത്തിലായിരുന്നു അവൾ.
'നിങ്ങൾക്ക് അൽപ്പം പോലും കച്ചവടബോധം ഇല്ല,' അവൾ പറഞ്ഞു. 'നിങ്ങൾ എന്തെങ്കിലും വിൽക്കാൻ പോവുമ്പോൾ വാങ്ങാൻ പോകുന്ന ആളുടെ മുഖഭാവമായിരിക്കണം.'
കേണലിന് അവളുടെ ഈ കോലം രസകരമായി തോന്നി.
'നീ ഇതുപോലെത്തന്നെ നടന്നോ,' ചിരിച്ചുകൊണ്ട് അയാൾ ഇടയിൽക്കയറി പറഞ്ഞു. 'നിന്നെ കണ്ടാൽ ''ക്വേക്കർ ഓട്സി''ൻെറ ആളെപ്പോലെത്തന്നെയുണ്ട്.'

അവൾ തലയിലെ തുണിക്കഷണം അഴിച്ചുമാറ്റി.

'ഞാൻ ഗൗരവമായിട്ടു തന്നെയാണ് സംസാരിക്കുന്നത്,' അവൾ പറഞ്ഞു. 'ഞാൻ ഇപ്പോൾ തന്നെ കോഴിയെ നമ്മുടെ സുഹൃത്തിൻെറ അടുത്തേക്ക് കൊണ്ടുപോവുകയാണ്. അര മണിക്കൂറിനകം തൊള്ളായിരം പെസോയുമായി തിരിച്ചെത്തുമെന്ന് ഞാൻ നിങ്ങൾക്കിഷ്ടമുള്ളതിന് പന്തയം വെക്കാൻ തയ്യാറാണ്.'

'നിൻെറ തലയിൽ വട്ടപ്പൂജ്യങ്ങളാണുള്ളത്,' കേണൽ പറഞ്ഞു. 'ഇപ്പോൾ തന്നെ നീ കോഴിയെ വെച്ച് പന്തയം വെക്കാൻ തുടങ്ങിയിരിക്കുന്നു.'

അവളെ പിന്തിരിപ്പിക്കാൻ അയാൾക്ക് വളരെ പണിപ്പെടേണ്ടിവന്നു.

അവൾ പ്രഭാതം ചെലവഴിച്ചത് മനസ്സിൽ വെള്ളിയാഴ്ചദുരിതമില്ലാത്ത അടുത്ത മൂന്നു വർഷത്തെ ബജറ്റ് തയ്യാറാക്കിക്കൊണ്ടായിരുന്നു. അവൾ അവർക്കു വേണ്ട അത്യാവശ്യസാധനങ്ങളുടെ ഒരു പട്ടിക തയ്യാറാക്കി. കേണലിന് ഒരു പുതിയ ജോഡി ഷൂസും അവൾ മറന്നില്ല. കണ്ണാടിക്കു വേണ്ടി കിടപ്പുമുറിയിൽ ഒരു സ്ഥലം ഒഴിച്ചിട്ടു.

തൻെറ ഭാവിപരിപാടികൾക്ക് നേരിട്ട പെട്ടെന്നുള്ള ഇച്ഛാഭംഗം അവളിൽ വിദ്വേഷവും നാണക്കേടും കൂടിക്കലർന്ന, ആശയക്കുഴപ്പത്തിൻേറതായ ഒരു വികാരമുണർത്തി.

അവൾ ചെറുതായി ഒന്നു മയങ്ങി. എഴുന്നേൽക്കുമ്പോൾ കേണൽ നടുമിറ്റത്തിരിക്കുകയായിരുന്നു.

'നിങ്ങളിപ്പോൾ എന്താണ് ചെയ്യുന്നത്?' അവൾ ചോദിച്ചു.

'ഞാൻ ചിന്തിക്കുകയായിരുന്നു,' കേണൽ പറഞ്ഞു.

'അപ്പോൾ പ്രശ്നം തീർന്നല്ലോ. അമ്പതു കൊല്ലങ്ങൾക്കു ശേഷം നമുക്കാ പണം കിട്ടുമെന്നുറപ്പിക്കാം.'

എന്നാൽ, വാസ്തവത്തിൽ, അന്നു വൈകുന്നേരം തന്നെ കോഴിയെ വിൽക്കാമെന്ന് കേണൽ തീരുമാനിച്ചിരുന്നു. അയാൾ ഓഫീസിൽ പങ്കയ്ക്കു മുന്നിൽ എല്ലാ ദിവസവും പതിവുള്ള കുത്തിവെയ്പ്പിന് തയ്യാറെടുക്കുന്ന സബാസിനെപ്പറ്റി ചിന്തിച്ചു. മറുപടി അയാൾ തയ്യാറാക്കി വെച്ചിരുന്നു.

'കോഴിയേയും എടുത്തോളൂ,' പുറത്തേക്കു പോകുമ്പോൾ ഭാര്യ അയാളെ ഉപദേശിച്ചു. 'അവനെ ജീവനോടെ കാണുന്നത് അയാളിൽ അത്ഭുതം പ്രവർത്തിക്കും.'

കേണൽ എതിർത്തു. അവൾ ഉൽക്കടമായ ഉൽക്കണ്ഠയോടെ ഉമ്മറവാതിൽ വരെ അയാളെ അനുഗമിച്ചു.

'ഓഫീസിൽ ഒരു സൈന്യം തന്നെ ഉണ്ടെങ്കിലും സാരമില്ല,' അവൾ പറഞ്ഞു. 'അയാളുടെ കൈ കടന്നു പിടിക്കുക; തൊള്ളായിരം പെസൊ തരുന്നതുവരെ അനങ്ങാനനുവദിക്കരുത്.'

'നമ്മളയാളെ തടഞ്ഞു വെച്ച് പണം തട്ടാൻ ശ്രമിക്കുകയാണെന്നവർ കരുതും.'

അവൾ ശ്രദ്ധിച്ചില്ല.

'നിങ്ങളാണ് കോഴിയുടെ ഉടമസ്ഥൻ എന്ന് ഓർമ്മിക്കുക,' അവൾ വിടാതെ തുടർന്നു. നിങ്ങൾ അയാൾക്കാണ് ഔദാര്യം ചെയ്യുന്നത് എന്നോർമ്മിക്കുക.'

'ശരി.'

സബാസ് ഡോക്ടറോടൊപ്പം കിടപ്പുമുറിയിലായിരുന്നു. 'ഇപ്പോഴാണ് നിങ്ങൾക്കുള്ള അവസരം, സുഹൃത്തേ,' അയാളുടെ ഭാര്യ കേണലിനോടു പറഞ്ഞു. 'ഡോക്ടർ അദ്ദേഹത്തെ തോട്ടത്തിലേക്കു കൊണ്ടുപോകാൻ ഒരുങ്ങുകയാണ്. പിന്നെ വ്യാഴാഴ്ച്ചക്കു ശേഷമേ തിരിച്ചുവരുകയുള്ളു.' കേണൽ രണ്ടു എതിർശക്തികളുമായുള്ള സംഘർഷത്തിലായിരുന്നു. കോഴിയെ വിൽക്കാൻ തീരുമാനിച്ചിരുന്നെങ്കിലും താൻ ഒരു മണിക്കൂർ വൈകിയെത്തി സബാസിനെ കാണാൻ പറ്റാതെ വന്നിരുന്നെങ്കിൽ എന്ന് അയാൾ ആശിച്ചു.

'ഞാൻ കാക്കാം,' അയാൾ പറഞ്ഞു.

പക്ഷെ, സ്ത്രീ നിർബ്ബന്ധിച്ചു. അവൾ അയാളെ കിടപ്പുമുറിയിലേക്കു നയിച്ചു. അവിടെ അവളുടെ ഭർത്താവ് അടിവസ്ത്രം മാത്രമണിഞ്ഞ് വിവർണ്ണമായ കണ്ണുകൾ ഡോക്ടറിൽ ഉറപ്പിച്ച് സിംഹാസനം പോലുള്ള കട്ടിലിൽ ഇരിക്കുകയായിരുന്നു.

ഡോക്ടർ രോഗിയുടെ മൂത്രം ഗ്ലാസ്സ് ട്യൂബിൽ ചൂടാക്കി, അതു മണപ്പിച്ച് സംതൃപ്തി വന്നപോലെ സബാസിനു നേരെ ആംഗ്യം കാണിക്കുന്നതുവരെ കേണൽ കാത്തുനിന്നു.

'നമുക്കിയാളെ വെടിവെച്ചുകൊല്ലേണ്ടി വരും,' കേണലിൻെറ നേരെ തിരിഞ്ഞുകൊണ്ട് ഡോക്ടർ പറഞ്ഞു. 'പ്രമേഹം വളരെ പതുക്കെയാണ് ധനികരെ വകവരുത്തുന്നത്.'

'ഈ നശിച്ച ഇൻസുലിൻ കുത്തിവെയ്പ്പുകൾകൊണ്ട് നിങ്ങൾക്കാവുന്നതെല്ലാം ചെയ്തുവല്ലോ,' അയഞ്ഞുതൂങ്ങുന്ന പൃഷ്ഠം ഞെട്ടിത്തെറിച്ചുകൊണ്ട് സബാസ് പറഞ്ഞു. 'പക്ഷെ, ഞാനൊരു കടിച്ചാൽ പൊട്ടാത്ത സാധനമാണ്.' എന്നിട്ട് കേണലിനോട് പറഞ്ഞു:

'വരൂ, സ്നേഹിതാ. ഈ വൈകുന്നേരം നിങ്ങളെ അന്വേഷിച്ച് നടന്നിട്ട് നിങ്ങളുടെ തൊപ്പിപോലും കണ്ടില്ല.'
'ഞാൻ തൊപ്പി ധരിക്കാറില്ല, അതുകൊണ്ട്, ആർക്കുവേണ്ടിയും തൊപ്പി മാറ്റേണ്ട ആവശ്യവുമില്ല.'
സബാസ് വസ്ത്രം ധരിക്കാൻ തുടങ്ങി. ഡോക്ടർ രക്തസാമ്പിളുള്ള ഗ്ലാസ് ട്യൂബ് ജാക്കറ്റിൻെറ പോക്കറ്റിലിട്ടു. എന്നിട്ട് ബാഗിലുള്ള സാധങ്ങൾ അടുക്കി വെച്ചു.

'നിങ്ങളുടെ സ്ഥാനത്ത് ഞാനായിരുന്നെങ്കിൽ, എൻെറ സുഹൃത്തിന് ഞാൻ ഒരു ലക്ഷം പെസോയുടെ ഒരു ബില്ല് അയച്ചുകൊടുക്കും. അങ്ങനെയായാൽ അയാൾ ഇത്ര വേവലാതിപ്പെടില്ല.'
'ഞാനത് നിർദ്ദേശിച്ചു കഴിഞ്ഞു, പത്തുലക്ഷമാണെന്നു മാത്രം,' ഡോക്ടർ പറഞ്ഞു. 'ദാരിദ്ര്യമാണ് പ്രമേഹത്തിനുള്ള ഏറ്റവും നല്ല മരുന്ന്.'
'നിങ്ങളുടെ ഔഷധവിധിക്കു നന്ദി.' തൻെറ ഭീമാകരമായ വയർ കാലുറയ്ക്കകത്തേക്ക് തിരുകിക്കയറ്റാൻ ശ്രമിച്ചുകൊണ്ട് സബാസ് പറഞ്ഞു. 'ഞാനതു സമ്മതിക്കുകയില്ല, ഒരു ധനികനാവുക എന്ന ദുരന്തത്തിൽ നിന്നും നിങ്ങളെ രക്ഷിക്കാൻ വേണ്ടി.'
ഡോക്ടർ ബാഗിൻെറ ക്രോമിയം പൂശിയ പൂട്ടിൽ തൻെറ പല്ലുകൾ പ്രതിഫലിച്ചു കണ്ടു. അക്ഷമ കാണിക്കാതെ അദ്ദേഹം ക്ളോക്കിലേക്കു നോക്കി. സബാസ് ബൂട്ടുകളിടുന്നതിനിടയിൽ പെട്ടെന്ന് കേണലിനു നേരെ തിരിഞ്ഞു.
'കോഴിയുടെ വർത്തമാനമെന്താണ്?'
ഡോക്ടറും തൻെറ ഉത്തരം പ്രതീക്ഷിക്കുകയാണെന്ന് കേണലിനു തോന്നി. അയാൾ പല്ലിറുമ്മി.
'ഒന്നുമില്ല, സ്നേഹിതാ, അയാൾ മന്ത്രിച്ചു. 'ഞാനതിനെ നിങ്ങൾക്കു വിൽക്കാൻ വന്നിരിക്കയാണ്.'
സബാസ് ബൂട്ടുകൾ അണിയുന്നത് അവസാനിപ്പിച്ചു.
'നല്ലത്, സ്നേഹിതാ,' അയാൾ ഒരു വികാരവുമില്ലാതെ പറഞ്ഞു.
'നിങ്ങൾക്കു തോന്നിയിരിക്കാവുന്ന ഏറ്റവും നല്ല ബുദ്ധി അതാണ്.'
'എൻെറ പ്രായം ഇത്തരം സങ്കീർണ്ണതകൾക്കൊന്നും പറ്റിയതല്ല,' ഡോക്ടറുടെ അലംഘനീയമായ ഭാവത്തിനു മുന്നിൽ സ്വയം ന്യായീകരിക്കാൻ കേണൽ പറഞ്ഞു. 'എനിക്ക് ഇന്നത്തേക്കാൾ ഇരുപതു വയസ്സ് ചെറുപ്പമായിരുന്നെങ്കിൽ സ്ഥിതി മറ്റൊന്നാവുമായിരുന്നു.'
'നിങ്ങൾക്ക് എല്ലായ്പ്പോഴും ഇരുപത് വയസ്സ് ചെറുപ്പമായിരിക്കും,' ഡോക്ടർ പ്രതിവചിച്ചു.
കേണൽ ശ്വാസം വീണ്ടെടുത്തു. സബാസ് എന്തെങ്കിലും തുടർന്നു പറയാനായി കേണൽ കാത്തു. പക്ഷെ, അയാൾ ഒന്നും പറഞ്ഞില്ല. സബാസ് സിപ്പുകളോടുകൂടിയ തോൽ ജാക്കറ്റണിഞ്ഞ് കിടപ്പുമുറിയിൽ നിന്നും പോകാനൊരുങ്ങി.
'വേണമെങ്കിൽ നമുക്ക് അടുത്താഴ്ച്ച ഇതിനെപ്പറ്റി കൂടുതൽ സംസാരിക്കാം, സ്നേഹിതാ' കേണൽ പറഞ്ഞു.
'ഞാൻ അതുതന്നെയാണ് പറയാൻ തുടങ്ങിയത്,' സബാസ് പറഞ്ഞു. 'എൻെറ പക്കൽ ഒരു കക്ഷിയുണ്ട്. അയാൾ നിങ്ങൾക്ക് നാനൂറു പെസോ തന്നേയ്ക്കും. പക്ഷെ, അടുത്ത വ്യാഴാഴ്ച്ച വരെ കാത്തിരിക്കണം.'
'എത്ര?' ഡോക്ടർ ചോദിച്ചു.
'നാനൂറു പെസൊ.'
'ആരോ പറയുന്നതു കേട്ടു, അവന് അതിനേക്കാൾ എത്രയോ കൂടുതൽ വിലമതിക്കുമെന്ന്.' ഡോക്ടർ പറഞ്ഞു.
'നിങ്ങൾ തൊള്ളായിരം പെസൊ എന്നൊക്കെയാണല്ലോ പറഞ്ഞിരുന്നത്,' ഡോക്ടറുടെ അമ്പരപ്പിൻെറ പിന്തുണയോടെ കേണൽ പറഞ്ഞു. 'ഈ പ്രവിശ്യയിലാകെ ഏറ്റവും നല്ല കോഴിയാണ് അവൻ.'
സബാസ് ഡോക്ടറോട് അതിനുത്തരം പറഞ്ഞു.
'മറ്റൊരു സമയത്തായിരുന്നെങ്കിൽ ആരും ആയിരം കൊടുക്കുമായിരുന്നു,' അയാൾ വിശദീകരിച്ചു. 'പക്ഷെ, ഇപ്പോൾ ആരും കോഴിയെ കളത്തിലിറക്കാൻ ധൈര്യപ്പെടുന്നില്ല. വെടിയേറ്റായിരിക്കാം അവൻ കളത്തിൽ

നിന്നും പുറത്തു വരുന്നത് എന്ന വിപൽസാദ്ധ്യത എല്ലായ്പോഴുമുണ്ട്.' നിരാശ അഭിനയിച്ചുകൊണ്ട് അയാൾ കേണലിനു നേരെ തിരിഞ്ഞു.

'അതാണ് ഞാൻ നിങ്ങളോട് പറയാൻ വിചാരിച്ചിരുന്നത്, സ്നേഹിതാ.'

കേണൽ തലയാട്ടി.

'ശരി,' അയാൾ പറഞ്ഞു.

അയാൾ ഹാളിലൂടെ സബാസിനെ പിന്തുടർന്നു. സബാസിൻെറ ഭാര്യ 'എന്തെന്നറിയാത്ത, പെട്ടെന്ന് വരുന്ന ചില പ്രശ്നങ്ങൾക്കുള്ള പ്രതിവിധി ചോദിച്ചുകൊണ്ട് തടഞ്ഞതു കാരണം ഡോക്ടർ സ്വീകരണമുറിയിൽ തന്നെ നിന്നു. കേണൽ ഡോക്ടറെ കാത്ത് ഓഫീസിൽ നിന്നു. സബാസ് അലമാറ തുറന്ന് എല്ലാ കീശയിലും പണം കുത്തി നിറച്ചു. എന്നിട്ട് നാലു നോട്ടുകൾ കേണലിനു നേരെ നീട്ടി.

അറുപത് പെസൊയുണ്ട്, സുഹൃത്തേ,' അയാൾ പറഞ്ഞു. 'കോഴിയെ വിൽക്കുമ്പോൾ കണക്കു തീർക്കാം' കേണൽ ഡോക്ടറുടെ കൂടെ സായാ ത്തിലെ തണുപ്പിൽ പുനരുജ്ജീവിക്കാൻ തുടങ്ങിയ നദിക്കരയിലെ കടകളുടെ മുന്നിലൂടെ നടന്നു. കരിമ്പു നിറച്ച ഒരു പത്തേമാരി ഒഴുക്കിനൊപ്പം നീങ്ങുന്നുണ്ടായിരുന്നു. ഡോക്ടർ, വിചിത്രമായി, മനസ്സ് കൊട്ടിയടച്ചപോലെ കേണലിനു തോന്നി.

'അപ്പോൾ, താങ്കൾക്ക് സുഖമല്ലേ, ഡോക്ടർ?'

ഡോക്ടർ തോൾ കുലുക്കി

'പതിവുപോലെ,' അദ്ദേഹം പറഞ്ഞു. 'എനിക്ക് ഡോക്ടറുടെ ആവശ്യമുണ്ടെന്നു തോന്നുന്നു.'

'ശൈത്യകാലം കാരണമാണ്,' കേണൽ പറഞ്ഞു. 'അതെൻെറ ശരീരാന്തർഭാഗങ്ങൾ കാർന്നു തിന്നുന്നു.'

ഡോക്ടർ തൊഴിൽപരമായ താത്പര്യം തൊട്ടുതീണ്ടാത്ത കണ്ണുകളോടെ അയാളെ വീക്ഷിച്ചു. തുടർന്ന് കടകളുടെ വാതിൽക്കലിരിക്കുന്ന സിറിയക്കാരെ അഭിവാദ്യം ചെയ്തു. ഡോക്ടറുടെ ഓഫീസിൻെറ വാതിൽക്കൽ വെച്ച് കേണൽ, കോഴിയുടെ വിൽപ്പനയെക്കുറിച്ചുള്ള തൻെറ അഭിപ്രായം വ്യക്തമാക്കി.

'എനിക്ക് മറ്റൊന്നും ചെയ്യാൻ കഴിയുമായിരുന്നില്ല.' അയാൾ വിശദീകരിച്ചു. 'ആ ജീവി മനുഷ്യമാംസമാണ് ഭക്ഷിക്കുന്നത്.'

'മനുഷ്യമാംസം ഭക്ഷിക്കുന്ന ഒരേയൊരു മൃഗം സബാസ് ആണ്,' ഡോക്ടർ പറഞ്ഞു. 'അയാൾ കോഴിയെ തൊള്ളായിരം പെസോയ്ക്ക് മറിച്ചുവിൽക്കും എന്നെനിക്കുറപ്പാണ്.'

'താങ്കൾ അങ്ങനെയാണോ കരുതുന്നത്?'

'എനിക്കുറപ്പാണ്,' ഡോക്ടർ പറഞ്ഞു. 'മേയറുമായുള്ള അയാളുടെ പ്രസിദ്ധമായ ദേശസ്നേഹഭരിതമായ ഉടമ്പടിപോലെ മധുരമായ ഒരു ഇടപാടാണ് ഇത്.'

കേണൽ അതു വിശ്വസിക്കാൻ വിസമ്മതിച്ചു. 'എൻെറ സുഹൃത്ത് ആ ഉടമ്പടി ചെയ്തത് അയാളുടെ മുഖം രക്ഷിക്കാൻ വേണ്ടിയാണ്,' അയാൾ പറഞ്ഞു. 'അങ്ങനെ മാത്രമേ അയാൾക്ക് പട്ടണത്തിൽ താമസിക്കാൻ പറ്റുകയുള്ളു.'

'അങ്ങനെ മാത്രമേ അയാൾക്ക്, മേയർ പുറന്തള്ളിയ സ്വന്തം കൂട്ടാളികളുടെ സ്വത്ത് പകുതി വിലയ്ക്ക് വാങ്ങാൻ കഴിയുമായിരുന്നുള്ളു.' ഡോക്ടർ മറുപടി പറഞ്ഞു.

താക്കോൽ കീശയിൽ കാണാത്തതു കാരണം അദ്ദേഹം വാതിലിൽ മുട്ടി. എന്നിട്ട് അദ്ദേഹം കേണലിൻെറ അവിശ്വാസത്തെ നേരിട്ടു.

'ഇത്ര ശുദ്ധനാവാതിരിക്കൂ,' അദ്ദേഹം പറഞ്ഞു. 'സബാസിന് സ്വന്തം മുഖത്തേക്കാളേറെ വലുത് പണമാണ്.'

അന്നു രാത്രി കേണലിൻെറ ഭാര്യ ഷോപ്പിങ്ങിനു പോയി. ഡോക്ടറുടെ വെളിപ്പെടുത്തലുകളെപ്പറ്റി ചിന്തിച്ച് കേണൽ അവളെ അനുഗമിച്ചു.

'ഉടൻ തന്നെ പയ്യന്മാരെ കണ്ടുപിടിച്ച് കോഴിയെ വിറ്റു എന്നറിയിക്കുക,' അവൾ പറഞ്ഞു. 'അവർക്ക് വെറുതെ പ്രതീക്ഷ നൽകരുത്.'

'എൻെറ സുഹൃത്ത് സബാസ് തിരിച്ചുവരുന്നതുവരെ കോഴി വിൽക്കപ്പെടുകയില്ല.' കേണൽ മറുപടി പറഞ്ഞു.

പൂൾ ഹാളിൽ അയാൾ അൽവാരൊ റൂലറ്റ് കളിക്കുന്നതു കണ്ടു. ഞായറാഴ്ച്ച രാത്രിയിൽ അവിടം ചൂടുകൊണ്ട് എരിപൊരികൊള്ളുകയായിരുന്നു. റേഡിയോയിൽ നിന്നുള്ള ഉച്ചസ്ഥായിയിലുള്ള

പ്രകമ്പനങ്ങൾ മൂലം ചൂടിൻെറ തീക്ഷ്ണത കൂടിയതുപോലെ തോന്നിച്ചു. കേണൽ ഒരു വലിയ തുണിയിൽ വരച്ചിരുന്ന വർണ്ണാഭമായ അക്കങ്ങളിൽ നോക്കി രസിച്ചു. മേശയുടെ മദ്ധ്യത്തിൽ, ഒരു പെട്ടിയുടെ മീതെ വെച്ചിരുന്ന എണ്ണവിളക്കിൻെറ പ്രകാശത്തിൽ അവ വെട്ടിത്തിളങ്ങി. അൽവാരോ 'ഇരുപത്തിമൂന്നിൽ' വെച്ച് തോൽക്കാനുറച്ചു. അയാളുടെ പിന്നിൽ നിന്നും കളി പിന്തുടർന്നിരുന്ന കേണൽ ഒമ്പത് കറക്കത്തിൽ നാലുതവണ 'പതിനൊന്ന്' പ്രത്യക്ഷപ്പെട്ടത് ശ്രദ്ധിച്ചു.

'പതിനൊന്നിൽ വെച്ചു കളിക്ക്,' കേണൽ അൽവാരൊ യുടെ കാതിൽ മന്ത്രിച്ചു. ' അതാണ് ഏറ്റവുമധികം തവണ വരുന്നത്.'

അൽവാരോ മേശ പരിശോധിച്ചു. അടുത്ത ചുറ്റിന് അയാൾ പന്തയം വെച്ചില്ല. കാലുറയുടെ കീശയിൽ നിന്നും അയാൾ കുറച്ച് പണവും ഒരു കടലാസും എടുത്തു. കടലാസ് അയാൾ കേണലിനു കൊടുത്തു.

'ഇത് അഗസ്റ്റിനിൽ നിന്നാണ്,' അയാൾ പറഞ്ഞു.

കേണൽ രഹസ്യ കുറിപ്പ് കീശയിൽ വെച്ചു. അൽവാരൊ 'പതിനൊന്നിൽ' കനത്ത തുക വെച്ചു.

'ചെറിയ തുകയിൽ തുടങ്ങ്,' കേണൽ പറഞ്ഞു.

'അതൊരു നല്ല വെളിപാടായിരിക്കാം,' അൽവാരൊ പറഞ്ഞു. അടുത്തുള്ള കളിക്കാരുടെ ഒരു സംഘം കൂറ്റൻ ബഹുവർണ്ണ ചക്രം തിരിയാൻ തുടങ്ങിയതിനുശേഷം തങ്ങൾ വെച്ച പണം തിരിച്ചെടുത്ത് 'പതിനൊന്നിൽ' വെച്ചു. കേണലിന് സമ്മർദ്ദം അനുഭവപ്പെട്ടു. ആദ്യമായി അദ്ദേഹത്തിന് ചൂതാട്ടത്തിൻെറ വശ്യതയും സംഘർഷവും തിക്തതയും അനുഭവപ്പെട്ടു.

ഭാഗ്യസംഖ്യ 'അഞ്ച്' ആയിരുന്നു.

'ഞാൻ ഖേദിക്കുന്നു,' കേണൽ പറഞ്ഞു. അടക്കാനാവാത്ത കുറ്റബോധത്തോടും ആത്മനിന്ദയോടും കൂടി അയാൾ മരം കൊണ്ടുള്ള കൊച്ചു തവി അൽവാരൊയുടെ പണം വലിച്ചെടുക്കുന്നതു നോക്കി നിന്നു.

'എന്നെ സംബന്ധിക്കാത്ത കാര്യങ്ങളിൽ തലയിടുന്നതിന് എനിക്കിതു തന്നെ കിട്ടണം'

അൽവാരൊ അയാളെ നോക്കാതെ ചിരിച്ചു.

'വിഷമിക്കേണ്ട, കേണൽ. സ്നേഹത്തിൽ വിശ്വാസമർപ്പിക്കുക.'

മാംബോ സംഗീതം മുഴക്കുന്ന കാഹളങ്ങൾ പെട്ടെന്ന് തടസ്സപ്പെട്ടു. കൈകൾ വായുവിലുയർത്തി ചൂതാട്ടക്കാർ ചിതറിയോടി. തൻെറ പുറകിൽ റൈഫിളിൻെറ കൊത്തി വലിച്ചുവെക്കുന്ന ഒരു തണുത്ത, വരണ്ട ശബ്ദം കേണൽ കേട്ടു. താൻ ഒരു പോലീസ് നടപടിയിൽ കീശയിൽ ഒരു രഹസ്യരേഖയുമായി മാരകമായ വിധത്തിൽ പിടിക്കപ്പെട്ടിരിക്കുന്നു എന്ന് കേണലിന് ബോദ്ധ്യമായി. അയാൾ കൈ പൊക്കാതെ പകുതി തിരിഞ്ഞു. അപ്പോൾ ജീവിതത്തിലാദ്യമായി, തൊട്ടുമുമ്പിൽ തൻെറ മകനെ വെടിവെച്ചു കൊന്ന വ്യക്തിയെ കണ്ടു. കേണലിൻെറ വയറിനു നേരെ തോക്കു ചൂണ്ടിക്കൊണ്ട് നേരെ മുമ്പിൽ ആ മനുഷ്യൻ നിന്നു. വെയിലേറ്റു മങ്ങിയ ശരീരത്തോടുകൂടിയ, ഇന്ത്യനെപ്പോലെ തോന്നിക്കുന്ന ഒരു കുറിയ മനുഷ്യനായിരുന്നു അയാൾ. അയാളുടെ ശ്വാസോച്ഛ്വാസത്തിന് കുട്ടികളുടേതുപോലുള്ള മണമായിരുന്നു. കേണൽ പല്ലിറുമ്മി, വിരലുകൾ കൊണ്ട് തോക്കിൻെറ കുഴൽ മെല്ലെ തള്ളിമാറ്റി.

'ക്ഷമിക്കുക,' അയാൾ പറഞ്ഞു.

അയാൾ വവ്വാലിൻേറതുപോലുള്ള രണ്ടു കൊച്ചു വട്ടക്കണ്ണുകളെ അഭിമുഖീകരിച്ചു. ഒരു നിമിഷം ആ കണ്ണുകൾ തന്നെ വിഴുങ്ങുകയും, ചവച്ചരച്ച്, ദഹിപ്പിച്ച് ഉടൻ പുറത്തുകളയുകയും ചെയ്തപോലെ അയാൾക്കു തോന്നി.

'നിങ്ങൾക്കു പോകാം, കേണൽ.'

അത് ഡിസംബറാണെന്നു പറയാൻ അയാൾക്ക് ജനൽ തുറക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. അടുക്കളയിൽ കോഴിക്ക് പ്രാതലിനുള്ള പഴം നുറുക്കുമ്പോൾ അയാൾക്ക് അത് തൻെറ അസ്ഥികളിൽ അറിയാമായിരുന്നു. അപ്പോൾ അയാൾ വാതിൽ തുറക്കുകയും നടുമിറ്റത്തിൻെറ കാഴ്ച അയാളുടെ തോന്നൽ സ്ഥിരീകരിക്കുകയും ചെയ്തു. പുല്ലും മരങ്ങളും നിറഞ്ഞ നടുമിറ്റം അതിമനോഹരമായിരുന്നു. മറപ്പുരയുടെ ചെറിയ മുറി ശുദ്ധമായ വായുവിൽ തറയിൽ നിന്നും ഒരു മില്ലീമീറ്റർ പൊങ്ങിനിൽക്കുന്നതുപോലെ തോന്നിച്ചു.

അയാളുടെ ഭാര്യ ഒമ്പതു മണിവരെ കിടക്കയിൽ തന്നെ കിടന്നു. അവൾ അടുക്കളയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ കേണൽ വീട് വൃത്തിയാക്കിയതിനു ശേഷം കോഴിക്കു ചുറ്റും വട്ടത്തിൽ കൂടിനിന്ന കുട്ടികളോട് സംസാരിക്കുകയായിരുന്നു. സ്റ്റൗവിനടുത്തെത്താൻ അവൾക്ക് ചുറ്റിവളയേണ്ടി വന്നു.

'മാറിൻ വഴിയിൽ നിന്ന്,' അവൾ ബഹളം വെച്ചു. അവൾ കോഴിയുടെ നേരെ തുറിച്ചുനോക്കി. 'എന്നാണ് ഈ ദുശ്ശകുനമായ പക്ഷിയെ ഒഴിവാക്കാൻ പറ്റുക എന്നെനിക്കറിയില്ല.'

കേണൽ കോഴിയുടെ കാര്യത്തിലുള്ള ഭാര്യയുടെ വിദ്വേഷത്തെക്കുറിച്ച് ചിന്തിച്ചു. കോഴിയെ സംബന്ധിച്ച യാതൊന്നും ഈ വെറുപ്പ് അർഹിക്കുന്നില്ല. അവൻ പരിശീലനത്തിനു തയ്യാറായിക്കഴിഞ്ഞു. അവൻെറ കഴുത്തും പൂടയോടുകൂടിയ കാലുകളും ഈർച്ചവാളുപോലുള്ള പൂവും: അവൻ അൽപ്പം മെലിഞ്ഞിട്ടുണ്ട്, പിന്നെ ഒരു അരക്ഷിത ഭാവവും ഉണ്ട്.

'ജനലിലൂടെ പുറത്ത് നോക്ക്, എന്നിട്ട് കോഴിയുടെ കാര്യം മറക്ക്,' കുട്ടികൾ പോയപ്പോൾ കേണൽ പറഞ്ഞു. 'ഇത്തരം പ്രഭാതങ്ങളിൽ ഒരു പടമെടുത്തു വെയ്ക്കണമെന്ന് തോന്നിപ്പോകുന്നു.'

അവൾ ജനലിലൂടെ പുറത്തേക്കു നോക്കി. എന്നാൽ, അവളുടെ മുഖത്ത് ഒരു വികാരവുമുണ്ടായിരുന്നില്ല.

'എനിക്ക് പനിനീർ ചെടികൾ നടണമെന്നുണ്ട്,' സ്റ്റൗവിനടുത്തേക്കു മടങ്ങവേ അവൾ പറഞ്ഞു. കേണൽ താടി വടിക്കാൻ കണ്ണാടി കൊളുത്തിൽ തൂക്കി.

'നിനക്ക് പനിനീർ ചെടികൾ നടണമെന്നുണ്ടെങ്കിൽ, അതു ചെയ്യുക,' അയാൾ പറഞ്ഞു.

അയാൾ തൻെറ ചലനങ്ങൾ കണ്ണാടിയിലേതുപോലെയാക്കാൻ ശ്രമിച്ചു.

'പന്നികൾ അവ തിന്നൊടുക്കുന്നു,' അവൾ പറഞ്ഞു.

'അത്രയും നല്ലത്,' കേണൽ പറഞ്ഞു. 'പനിനീർ ചെടികൾ തിന്നു തടിച്ച പന്നികൾക്ക് നല്ല രുചിയായിരിക്കും.'

അയാൾ കണ്ണാടിയിൽ ഭാര്യയെ നോക്കി. അവൾക്ക് അതെ ഭാവം തന്നെയാണെന്ന് അയാൾ ശ്രദ്ധിച്ചു. തീയിൻെറ വെളിച്ചത്തിൽ അവളുടെ മുഖം സ്റ്റൗവിൻെറ അതേ വസ്തുകൊണ്ടു തന്നെ നിർമ്മിച്ചപോലെ തോന്നിച്ചു. അറിയാതെ, കണ്ണുകൾ അവളിലുറപ്പിച്ചുകൊണ്ട് കേണൽ കൊല്ലങ്ങളായി ചെയ്യാറുള്ളതുപോലെ കൈകൊണ്ട് തടവിക്കൊണ്ട് ക്ഷൗരം തുടർന്നു. സ്ത്രീ നീണ്ട നിശ്ശബ്ദതയോടെ ചിന്തയിലാണ്ടു.

'പക്ഷെ, എനിക്കവ നടണമെന്നില്ല,' അവൾ പറഞ്ഞു.

'നല്ലത്,' കേണൽ പറഞ്ഞു. 'എന്നാൽ നടണ്ട.'

അയാൾക്ക് സുഖം തോന്നി. ഡിസംബർ അയാളുടെ കുടലിലെ ചെടികളെ ഉണക്കിക്കളഞ്ഞിരുന്നു. അന്നു രാവിലെ പുതിയ ഷൂസുകളിടാൻ ശ്രമിച്ച് അയാൾ നിരാശനായി. പല തവണ ശ്രമിച്ചതിനുശേഷം അത് പാഴ്വേലയാണെന്ന് ബോദ്ധ്യമായി അയാൾ തൻെറ പാറ്റൻറ് ലെതർ ഷൂസുകളണിഞ്ഞു. ഭാര്യ മാറ്റം ശ്രദ്ധിച്ചു.

'പുതിയവ ധരിച്ചില്ലെങ്കിൽ അവ ഒരിക്കലും മയപ്പെടുകയില്ല,' അവൾ പറഞ്ഞു.

'ആ ഷൂസുകൾ വികലാംഗർക്കുള്ളതാണ്,' കേണൽ പ്രതിഷേധിച്ചു. 'അവർ ഒരു മാസം ഉപയോഗിച്ച ഷൂസുകളാണ് വിൽക്കേണ്ടത്.'

അന്ന് വൈകുന്നേരം എഴുത്ത് വരും എന്ന ഒരു വെളിപാടുകൊണ്ട് ഉത്തേജിതനായി അയാൾ തെരുവിലേക്കിറങ്ങി. യന്ത്രബോട്ടുകൾ വരാനുള്ള നേരമാവാത്തതിനാൽ അയാൾ സബാസിൻെറ ഓഫീസിൽ അയാളെ കാത്തു. എന്നാൽ അയാൾ തിങ്കളാഴ്ചയേ വരികയുള്ളു എന്ന് അവർ പറഞ്ഞു. ഇങ്ങനെയൊരു തിരിച്ചടി മുൻകൂട്ടി കണ്ടില്ലെങ്കിലും അയാൾ ക്ഷമ കൈവിട്ടില്ല. 'ഇന്നല്ലെങ്കിൽ നാളെ അയാൾക്ക് വന്നേ പറ്റൂ!' അയാൾ സ്വയം പറഞ്ഞു. എന്നിട്ട് തുറമുഖത്തേക്ക് തിരിച്ചു. അതിമനോഹരമായ നിമിഷമായിരുന്നു അത്, അകളങ്കിതമായ സ്വച്ഛതയുടെ നിമിഷം.

'വർഷം മുഴുവൻ ഡിസംബറായിരിക്കണം,' സിറിയക്കാരൻ മോസസിൻെറ കടയിലിരുന്നുകൊണ്ട് അയാൾ പിറുപിറുത്തു. 'അവൻ പളുങ്കുകൊണ്ട് നിർമ്മിക്കപ്പെട്ടതാണ് എന്ന് തോന്നിപ്പോകുന്നു.'

സിറിയക്കാരൻ മോസസിന് ആ ആശയം, മിക്കവാറും മറന്നുപോയ അറബിയിലേക്ക് വിവർത്തനം ചെയ്യാൻ കഷ്ടപ്പെടേണ്ടി വന്നു.

ചെവി മറയ്ക്കുന്ന മിനുത്തു വലിഞ്ഞ ചർമ്മമുള്ള അയാൾ സൗമ്യനായ ഒരു പൗരസ്ത്യനായിരുന്നു. അയാളുടെ വിലക്ഷണമായ ചലനങ്ങൾ വെള്ളത്തിൽ മുങ്ങിപ്പൊങ്ങുന്ന ആളുടേതുപോലെയായിരുന്നു. വാസ്തവത്തിൽ, അയാൾ അപ്പോൾ തന്നെ വെള്ളത്തിൽ നിന്നും രക്ഷിക്കപ്പെട്ട പോലെ തോന്നിച്ചു. 'പണ്ട് അങ്ങനെയായിരുന്നു,' അയാൾ പറഞ്ഞു. 'ഇപ്പോഴും അങ്ങനെയാണെങ്കിൽ എനിക്ക് എണ്ണൂറ്റിതൊണ്ണൂറ്റിയേഴ് വയസ്സായിരിക്കണം. നിങ്ങൾക്കോ?'

'എഴുപത്തിയഞ്ച്,' കണ്ണുകൾ പോസ്റ്റ്മാസ്റ്ററെ പിന്തുടർന്നുകൊണ്ട് കേണൽ പറഞ്ഞു. അപ്പോൾ മാത്രമാണ് സർക്കസ് അയാളുടെ കണ്ണിൽ പെട്ടത്. തപാൽ ബോട്ടിൻെറ മേൽക്കൂരയിൽ ബഹുവർണ്ണ വസ്തുക്കൾക്കിടയിൽ കഷണങ്ങൾ വെട്ടിത്തുന്നിയ കൂടാരം കണ്ടു. അയാളുടെ നോട്ടം മറ്റു ബോട്ടുകളിൽ അടുക്കിയിരുന്ന കൂടുകളിലെ വന്യമൃഗങ്ങളെ തേടിപ്പോയതിനാൽ ഒരു നിമിഷം പോസ്റ്റ്മാസ്റ്റർ ദൃഷ്ടിയിൽ നിന്നും മറഞ്ഞു. അയാൾക്ക് മൃഗങ്ങളെ കാണാൻ കഴിഞ്ഞില്ല.

'അതൊരു സർക്കസ് ആണ്,' അയാൾ പറഞ്ഞു. 'കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ ആദ്യമായി വരുന്നത്.' സിറിയക്കാരൻ മോസസ് വാർത്ത സ്ഥിരീകരിച്ചു. അറബിക്കും സ്പാനിഷും കലർന്ന മിശ്രഭാഷയിൽ ഭാര്യയോട് സംസാരിച്ചു. അവൾ കടയുടെ പിൻവശത്തു നിന്നും മറുപടി പറഞ്ഞു. അയാൾ തന്നോടുതന്നെ എന്തോ പറഞ്ഞ് കേണലിനോട് തൻെറ ഉത്ക്കണ്ഠ പങ്കുവച്ചു.

'പൂച്ചയെ ഒളിപ്പിക്കുക, കേണൽ. പയ്യന്മാർ മോഷ്ടിച്ച് സർക്കസ്സുകാർക്ക് വിൽക്കും.'

കേണൽ പോസ്റ്റ്മാസ്റ്ററെ പിന്തുടരാൻ തയ്യാറെടുക്കുകയായിരുന്നു.

അതിന് ഇതൊരു വന്യമൃഗപ്രദർശനമല്ലല്ലോ,' അയാൾ പറഞ്ഞു.

'അതുകൊണ്ട് കാര്യമില്ല,' സിറിയക്കാരൻ പറഞ്ഞു. 'ഞാണിന്മേൽ കളിക്കാർ എല്ലൊടിയാതിരിക്കാൻ പൂച്ചയെയാണ് തിന്നുന്നത്.'

അയാൾ പുഴക്കരയിലെ കടകളുടെ മുന്നിലൂടെ കവല വരെ പോസ്റ്റ്മാസ്റ്ററെ പിന്തുടർന്നു. അവിടെ നിന്നുയർന്ന കോഴിപ്പോരിൻെറ ഉച്ചത്തിലുള്ള ബഹളം അയാളെ ആശ്ചര്യപ്പെടുത്തി. ഒരു വഴിയാത്രക്കാരൻ അയാളുടെ കോഴിയെപ്പറ്റി എന്തോ ചോദിച്ചു. അപ്പോഴാണ്  അത് പരീക്ഷണമത്സരത്തിന് നിശ്ചയിച്ചിരുന്ന ദിവസമാണെന്ന് അയാൾക്ക് ഓർമ്മ വന്നത്.

അയാൾ പോസ്റ്റോഫീസും കടന്നുപോയി. ഒരു നിമിഷത്തിനു ശേഷം അയാൾ അങ്കക്കളത്തിലെ ബഹളായമാനമായ അന്തരീക്ഷത്തിൽ മുങ്ങിപ്പോയി. കളത്തിൻെറ മദ്ധ്യത്തിൽ അയാൾ തൻെറ കോഴിയെ കണ്ടു–കാലിൽ മുള്ളുകൾ തുണികൊണ്ടു കെട്ടി, ഭീതികൊണ്ടെന്നപോലെ കാലുകൾ വിറച്ചുകൊണ്ട് ഒറ്റയ്ക്ക്, നിസ്സഹായനായി. അവൻെറ എതിരാളി, ദുഃഖം നിഴലിക്കുന്ന ചാരനിറത്തിലുള്ള ഒരു കോഴിയായിരുന്നു.

കേണലിന് ഒരു വികാരവും തോന്നിയില്ല. തുടർച്ചയായി ഒരേ പോലെയുള്ള നിരവധി ആക്രമണങ്ങൾ അരങ്ങേറി. ഉത്സാഹത്തിമർപ്പിൻെറ മദ്ധ്യത്തിൽ നിമിഷങ്ങൾ മാത്രം നീണ്ടുനിന്ന തൂവലുകളും കാലുകളും കഴുത്തും ഇടഞ്ഞുകൊണ്ടുള്ള ഏറ്റുമുട്ടലുകളുണ്ടായി. അതിർത്തി കെട്ടിയിരുന്ന പലകകളുടെ നേരെ എറിയപ്പെട്ട എതിരാളി മലക്കം മറിഞ്ഞ് വീണ്ടും ആക്രമണത്തിൽ തിരിച്ചെത്തി.

അയാളുടെ കോഴി ആക്രമിച്ചില്ല. അവൻ എല്ലാ അക്രമണങ്ങളും ചെറുത്തു തോൽപ്പിച്ച് യഥാസ്ഥാനത്തു വന്നു നിന്നു. ഇപ്പോൾ അവൻെറ കാലുകൾ വിറയ്ക്കുന്നില്ല.

ഹെർനൻ വേലിക്കെട്ട് ചാടിക്കടന്ന് അവനെ രണ്ടു കൈകൾ കൊണ്ടും പൊക്കിയെടുത്ത് തട്ടുകളിലിരിക്കുന്ന കാണികൾക്കു നേരെ കാണിച്ചു. ഭ്രാന്തമായ കയ്യടികളുടേയും ആക്രോശങ്ങളുടേയും ഒരു വിസ്ഫോടനം മുഴങ്ങി. കേണൽ പോരിൻെറ തീവ്രതയും ജയഭേരിയുടെ അമിതാവേശവും തമ്മിലുള്ള പൊരുത്തക്കേട് ശ്രദ്ധിച്ചു. അത്, കോഴികൾ സ്വയമേവ, ബോധപൂർവ്വം അനുവദിച്ച ഒരു പ്രഹസനമായി കേണലിനു തോന്നി. നേരിയ നീരസം കലർന്ന ജിജ്ഞാസയാൽ പ്രേരിതനായി അയാൾ വൃത്താകൃതിയിലുള്ള അങ്കക്കളം വീക്ഷിച്ചു. ആവേശാഭരിതരായ ജനക്കൂട്ടം ഇരിപ്പിടങ്ങൾ കളത്തിനു നേരെ ചുഴറ്റിയെറിഞ്ഞു. കേണൽ ചൂടു കയറിയ ആകാംക്ഷാഭരിതമായ, ജീവൻ തുടിക്കുന്ന മുഖങ്ങളുടെ ബഹളം നിരീക്ഷിച്ചു. അവർ പുതിയ ജനങ്ങളായിരുന്നു. പട്ടണത്തിലെ പുതിയ ജനങ്ങൾ. ഭയാശങ്കയോടെ  അയാൾ ഓർമ്മയുടെ വക്കിൽ മായ്ച്ചുകളയപ്പെട്ട ഒരു നിമിഷത്തിൽ പുനർജ്ജീവിച്ചു. ഉടൻ അയാൾ വേലിക്കെട്ട് ചാടിക്കടന്ന്

തിങ്ങിനിറഞ്ഞ ആൾക്കൂട്ടത്തിലൂടെ തിരുകിക്കയറി അങ്കക്കളത്തിലെത്തി ഹെർനൻെറ ശാന്തമായ കണ്ണുകളെ നേരിട്ടു. അവർ ഇമ വെട്ടാതെ അന്യോന്യം നോക്കിനിന്നു.

'നല്ല സായാ ം, കേണൽ.'

കേണൽ അവൻെറ കയ്യിൽ നിന്നും കോഴിയെ എടുത്തുമാറ്റി. 'നല്ല സായാ ം.' അയാൾ പിറുപിറുത്തു. അയാൾ കൂടുതലൊന്നും മിണ്ടിയില്ല. ആ ജീവിയുടെ ചൂടാർന്ന, തീവ്രമായ മിടിപ്പ് അയാളെ നടുക്കി. അത്രയേറെ ജീവൻ തുടിക്കുന്ന ഒരു വസ്തു താൻ ഒരിക്കലും കയ്യിലെടുത്തിട്ടില്ലെന്ന് അയാൾക്കു തോന്നി.

'നിങ്ങൾ വീട്ടിലുണ്ടായിരുന്നില്ല,' അയാൾ അങ്കലാപ്പോടെ പറഞ്ഞു.

പുതിയ ജയഭേരി അയാളെ തടസ്സപ്പെടുത്തി. തനിക്ക് ഭീഷണിയുണ്ടെന്ന് കേണലിനു തോന്നി. ആരേയും ശ്രദ്ധിക്കാതെ, ആർപ്പുവിളികളിൽ നടുങ്ങിക്കൊണ്ട്, കക്ഷത്തിൽ കോഴിയുമായി അയാൾ തെരുവിലേക്കു കടന്നു.

പട്ടണം ഒന്നടങ്കം-മിക്കവാറും താഴേക്കിടയിലുള്ള ജനങ്ങൾ-അവരെ പിന്തുടരുന്ന സ്കൂൾ കുട്ടികളോടൊപ്പം അയാൾ പോകുന്നതു കാണാൻ പുറത്തേക്കു വന്നു. കവലയുടെ ഒരു മൂലയിൽ ആജാനബാഹുവായ ഒരു നീഗ്രോ കഴുത്തിൽ ചുറ്റിയ പാമ്പുമായി മേശപ്പുറത്തു കയറി നിന്ന് ലൈസൻസില്ലാതെ മരുന്നു വിൽക്കുന്നുണ്ടായിരുന്നു. തുറമുഖത്തുനിന്ന് മടങ്ങുന്ന ഒരു വലിയ ജനക്കൂട്ടം അയാളുടെ വാചകക്കസർത്ത് കേൾക്കാൻ നിന്നിരുന്നു. എന്നാൽ കേണൽ കോഴിയുമായി കടന്നുപോയപ്പോൾ അവരുടെ ശ്രദ്ധ അയാളിലേക്കു തിരിഞ്ഞു. വീട്ടിലേക്കുള്ള വഴി മുമ്പൊരിക്കലും അത്രയും നീണ്ടതായിരുന്നില്ല.

അയാൾക്ക് ദു:ഖമുണ്ടായിരുന്നില്ല. പത്തുകൊല്ലത്തെ ചരിത്രം തകർത്ത ആ പട്ടണം കുറേക്കാലം ഒരു തരം മയക്കത്തിൽ കിടക്കുകയായിരുന്നു. ആ സായാ ത്തിൽ-എഴുത്തൊന്നുമില്ലാത്ത മറ്റൊരു വെള്ളിയാഴ്ച്ച-ജനം ഉയർത്തെഴുന്നേറ്റു. കേണൽ മറ്റൊരു യുഗത്തെപ്പറ്റി ഓർത്തു. ഭാര്യയും മകനുമൊത്ത് ഒരു കുടക്കീഴിൽ, മഴ പെയ്തിട്ടും തുടർന്ന ഒരു പ്രദർശനം കാണുന്ന രംഗം അയാൾ മനസ്സിൽ കണ്ടു. അതീവ നിഷ്ഠയോടെ വേഷഭൂഷാദികളണിഞ്ഞ് തൻെറ വീടിൻെറ നടുമിറ്റത്ത് അലയടിക്കുന്ന സംഗീതത്തിൻെറ താളത്തിനൊത്ത് സ്വയം വീശിക്കൊണ്ടിരുന്ന കക്ഷിനേതാക്കളെ അയാളോർത്തു. പെരുമ്പറയുടെ അസഹ്യമായ മുഴക്കം കുടലുകളിൽ അയാൾ വീണ്ടും അനുഭവിച്ചു.

തുറമുഖത്തിനു സമാന്തരമായ തെരുവിലൂടെ അയാൾ നടന്നു. അവിടേയും അയാൾ പണ്ടത്തെ 'തെരഞ്ഞെടുപ്പു ഞായാറാഴ്ച്ച'യിലെ ഇളകിമറിയുന്ന ജനക്കൂട്ടത്തെ കണ്ടു. അവർ സർക്കസ് സാമഗ്രികൾ ഇറക്കുന്നത് വീക്ഷിക്കുകയായിരുന്നു. കൂടാരത്തിനുള്ളിൽ നിന്നും ഒരു സ്ത്രീ കോഴിയെപ്പറ്റി എന്തോ വിളിച്ചുപറഞ്ഞു. തന്നിൽത്തന്നെ മുഴുകിക്കൊണ്ട്, അങ്കക്കളത്തിലെ ആരവങ്ങളുടെ അവശിഷ്ടങ്ങൾ പിന്തുടരുന്നതുപോലെ ചിതറിയ ശബ്ദങ്ങൾ ശ്രവിച്ചുകൊണ്ട് അയാൾ വീട്ടിലേക്ക് യാത്ര തുടർന്നു.

വാതിൽക്കൽ അയാൾ കുട്ടികളോട് സംസാരിച്ചു:

'എല്ലാവരും വീട്ടിൽ പോകുവിൻ,' അയാൾ പറഞ്ഞു. 'ആരെങ്കിലും അകത്തു വരികയാണെങ്കിൽ അവൻ അടികൊണ്ട് പോകേണ്ടി വരും.'

അയാൾ വാതിൽ കൊട്ടിയടച്ച് നേരെ അടുക്കളയിലേക്ക് നടന്നു. ഭാര്യ കൺഠമിടറിക്കൊണ്ട് കിടപ്പുമുറിയിൽ നിന്നും വന്നു.

'അവർ അതിനെ ബലം പ്രയോഗിച്ച് കൊണ്ടുപോവുകയാണുണ്ടായത്,' അവൾ തേങ്ങിക്കൊണ്ട് പറഞ്ഞു. 'ഞാൻ ജീവനോടിരിക്കുമ്പോൾ കോഴി ഇവിടെ നിന്നു പോവില്ലെന്ന് ഞാൻ പറഞ്ഞു.'

കേണൽ കോഴിയെ സ്റ്റൗവിൻെറ കാലിൽ കെട്ടിയിട്ടു. ഭാര്യയുടെ വിക്ഷുബ്ധമായ ശബ്ദം പിന്തുടർന്നുകൊണ്ട് അയാൾ പാത്രത്തിലെ വെള്ളം മാറ്റി.

'നമ്മുടെ മൃതശരീരത്തിനു മീതെക്കൂടെയായാലും അവർ അതിനെ എടുക്കുമെന്ന് അവർ പറഞ്ഞു,' അവൾ പറഞ്ഞു. 'കോഴി നമുക്കു മാത്രം അവകാശപ്പെട്ടതല്ല, മറിച്ച് മുഴുവൻ പട്ടണത്തിൻേറതുമാണെന്ന് അവർ പറഞ്ഞു.'

കോഴിയുടെ കാര്യം നോക്കിയതിനു ശേഷം മാത്രമേ കേണൽ ഭാര്യയുടെ കോടിയ മുഖത്തേക്ക് നോക്കിയുള്ളു. അത് തന്നിൽ നീരസമോ സഹതാപമോ ഉണ്ടാക്കിയില്ലെന്ന് അയാൾ ഒട്ടും അത്ഭുതമില്ലാതെ തന്നെ തിരിച്ചറിഞ്ഞു.

'അവർ ശരിയായ കാര്യം തന്നെയാണ് ചെയ്തത്.' അയാൾ ശാന്തനായി പറഞ്ഞു. എന്നിട്ട് കീശയിലേക്കു നോക്കിക്കൊണ്ട് അഗാധമായ മാധുര്യത്തോടെ കൂട്ടിച്ചേർത്തു:
'കോഴി വില്പനക്കുള്ളതല്ല.'
അവൾ അയാളെ കിടപ്പുമുറിയിലേക്ക് അനുഗമിച്ചു. അയാൾ തികച്ചും ഒരു മനുഷ്യനായി, എന്നാൽ ഒരു വെള്ളിത്തിരയിലെന്നപോലെ സ്പർശിക്കാനാവത്തതു പോലെ അവൾക്കു തോന്നി. കേണൽ അലമാരയിൽ നിന്നും നോട്ടുകളുടെ ഒരു കെട്ട് എടുത്ത്, അതിനോട് തൻെറ പോക്കറ്റിലുണ്ടായിരുന്നതും ചേർത്ത് മൊത്തം എണ്ണിനോക്കി തിരിച്ച് അലമാരയിൽ തന്നെ വെച്ചു. എൻെറ സ്നേഹിതൻ സബാസിനു മടക്കിക്കൊടുക്കാൻ ഇരുപത്തിയൊമ്പത് പെസോയുണ്ട്,' അയാൾ പറഞ്ഞു. 'ബാക്കി അയാൾക്ക് പെൻഷൻ എത്തിയതിനുശേഷം ലഭിക്കും.'
'അപ്പോൾ അത് എത്തിയില്ലെങ്കിലോ?' സ്ത്രീ ചോദിച്ചു.
'അത് എത്തും.'
'അഥവാ എത്തിയില്ലെങ്കിലോ?'
'ശരി, അങ്ങനെയെങ്കിൽ അയാൾക്ക് പണം ലഭിക്കുന്നതല്ല.'
തൻെറ പുതിയ ഷൂസുകൾ കട്ടിലിനടിയിൽ കിടക്കുന്നത് അയാൾ കണ്ടു. അലമാരയുടെ അടുത്തേക്ക് തിരിച്ചുപോയി പെട്ടിയെടുത്ത്, ഷൂസിൻെറ അടിഭാഗം ഒരു തുണികൊണ്ട് തുടച്ച് വൃത്തിയാക്കി, ഞായറാഴ്ച രാത്രി ഭാര്യ കൊണ്ടുവന്നതുപോലെ പെട്ടിയിൽ വെച്ചു. അവൾ അനങ്ങിയില്ല.
'ഷൂസ് തിരിച്ചുപോകുന്നു,' കേണൽ പറഞ്ഞു. 'അങ്ങനെ പതിമൂന്നു പെസൊ കൂടി എൻെറ സുഹൃത്തിന്'
'അവർ അതു തിരിച്ചെടുക്കുകയില്ല,' അവൾ പറഞ്ഞു.
'അവർ അതു തിരിച്ചെടുത്തേ പറ്റൂ,' കേണൽ പറഞ്ഞു. 'ഞാനത് രണ്ടു തവണ മാത്രമേ ധരിച്ചിട്ടുള്ളു.'
'തുർക്കികൾക്ക് അത്തരം കാര്യങ്ങൾ മനസ്സിലാവില്ല,' സ്ത്രീ പറഞ്ഞു.
'അവർ മനസ്സിലാക്കണം'
'അഥവാ, മനസ്സിലാക്കിയില്ലെങ്കിലോ?'
'ഇല്ലെങ്കിൽ ഇല്ല.'
അവർ ഭക്ഷണം കഴിക്കാതെ കിടന്നു. കേണൽ വിളക്കു കെടുത്താൻ വേണ്ടി, ഭാര്യ കൊന്ത ജപിക്കുന്നത് മുഴുമിക്കാനായി കാത്തു.
പക്ഷെ, അയാൾക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. അയാൾ ചലചിത്രങ്ങളുടെ തരംതിരിവ് അറിയിക്കുന്ന മണികൾ കേട്ടു, ഏതാണ്ട് ഉടൻ തന്നെ–മൂന്നു മണിക്കൂറുകൾക്കു ശേഷം–നിശാനിയമത്തിൻേറയും. രാത്രിയിലെ കുളിരിൽ ഭാര്യയുടെ ചരലുപോലെയുള്ള ശ്വാസോച്ഛ്വാസം കൂടുതൽ കഠിനമായി. ഭാര്യ, അനുരഞ്ജനസ്വരത്തിൽ, ശാന്തമായി പറയുമ്പോഴും കേണൽ കണ്ണു തുറന്നിരിക്കയായിരുന്നു:
'നിങ്ങൾ ഉണർന്നിരിക്കയാണ്'
'അതെ.'
'യുക്തിയുടെ സ്വരം കേൾക്കാൻ ശ്രമിക്കൂ,' സ്ത്രീ പറഞ്ഞു. 'നാളെ എൻെറ സുഹൃത്ത് സബാസിനോട് സംസാരിക്കൂ.'
അയാൾ തിങ്കളാഴ്ചയ്ക്കു മുമ്പ് തിരിച്ചു വരില്ല.'
'നല്ലത്,' സ്ത്രീ പറഞ്ഞു. 'അപ്പോൾ, പറയാൻ പോകുന്ന കാര്യത്തെപ്പറ്റി ചിന്തിക്കാൻ മൂന്നു ദിവസം കിട്ടും.'
'ചിന്തിക്കാനൊന്നുമില്ല,' കേണൽ പറഞ്ഞു.
ഒക്േടാബറിലെ ഒട്ടുന്ന വായുവിൻെറ സ്ഥാനത്ത് സുഖകരമായ ഒരു കുളിർമ്മ പരന്നിരിക്കുന്നു. കുളക്കോഴികളുടെ സമയപ്പട്ടികയിൽ നിന്ന് അയാൾ വീണ്ടും ഡിസംബറിനെ തിരിച്ചറിഞ്ഞു. രണ്ടടിക്കുമ്പോഴും അയാൾക്ക് ഉറങ്ങാൻ കഴിഞ്ഞിരുന്നില്ല. ഭാര്യയും ഉണർന്നിരിക്കുകയാണെന്ന് അയാളറിഞ്ഞു. അയാൾ തൂക്കു മഞ്ചത്തിൽ സ്ഥാനം മാറ്റാൻ ശ്രമിച്ചു.
'നിങ്ങൾക്ക് ഉറങ്ങാൻ കഴിയില്ല,' സ്ത്രീ പറഞ്ഞു.
'ഇല്ല.'
അവൾ ഒരു നിമിഷം ചിന്തിച്ചു.

‘നമ്മൾ അതിനുള്ള അവസ്ഥയിലല്ലല്ലോ,’ അവൾ പറഞ്ഞു. ‘ഒരൊറ്റത്തുകയായി നാനൂറു പെസൊ എത്ര വലുതാണെന്നൊന്നാലോചിച്ചു നോക്കൂ.’

‘പെൻഷൻ വരാൻ ഇനി അധികകാലം വേണ്ടിവരില്ല,’ കേണൽ പറഞ്ഞു.

‘പതിനഞ്ചു കൊല്ലമായി നിങ്ങളിതു പറഞ്ഞുകൊണ്ടിരിക്കുന്നു.’

‘അതുകൊണ്ടുതന്നെ,’ കേണൽ പറഞ്ഞു, ‘ഇനിയും അധികം വൈകാൻ സാദ്ധ്യതയില്ല.’

അവൾ നിശ്ശബ്ദയായി.

എന്നാൽ അവൾ വീണ്ടും സംസാരിക്കാൻ തുടങ്ങിയപ്പോൾ, അതിനിടയിൽ കുറേ സമയം കടന്നുപോയതായി കേണലിനു തോന്നിയില്ല.

‘ആ പണം ഒരിക്കലും വരില്ല എന്നാണ് എൻെറയൊരു തോന്നൽ,’ സ്ത്രീ പറഞ്ഞു.

‘വരും.’

‘ഇനി അതു വന്നില്ലെങ്കിലോ?’

അയാൾക്ക് അതിനു മറുപടി പറയാനുള്ള ശബ്ദം കണ്ടെത്താനായില്ല. കോഴിയുടെ ആദ്യത്തെ കൂകൽ അയാളിൽ യാഥാർത്ഥ്യബോധമുണർത്തിയെങ്കിലും അയാൾ വീണ്ടും കനത്ത, സുരക്ഷിതവും മനസ്താപരഹിതവുമായ നിദ്രയിലേക്കു പതിച്ചു. അയാൾ ഉണർന്നപ്പോൾ സൂര്യൻ വളരെ ഉയരത്തിലായിരുന്നു. ഭാര്യ അപ്പോഴും ഉറക്കത്തിലായിരുന്നു. കേണൽ പതിവു സമയത്തിൻെറ രണ്ടു മണിക്കൂർ പിന്നിലായി ചിട്ടയോടെ തൻെറ പ്രഭാതചര്യകൾ നിർവ്വഹിച്ച്, പ്രാതൽ കഴിക്കാൻ ഭാര്യയെ കാത്തിരുന്നു.

ഉണർന്നപ്പോൾ അവൾക്ക് മിണ്ടാട്ടമില്ലായിരുന്നു. അവർ സുപ്രഭാതം പറയുകയും നിശ്ശബ്ദമായി ഭക്ഷണം കഴിക്കാനിരിക്കുകയും ചെയ്തു. കേണൽ ഒരു കപ്പ് കട്ടൻ കാപ്പിയും പാൽക്കട്ടി കഷണവും ഒരു ചുരുൾ പലഹാരവും കഴിച്ചു. പ്രഭാതം മുഴുവനും അയാൾ തയ്യൽക്കടയിൽ ചെലവഴിച്ചു. ഒരു മണിക്ക് അയാൾ വീട്ടിൽ തിരിച്ചെത്തിയപ്പോൾ ഭാര്യ ബെഗൊണിയകൾക്കിടയിൽ വസ്ത്രങ്ങൾ കേടുപോക്കുകയായിരുന്നു.

‘ഇത് ഉച്ചഭക്ഷണസമയമാണ്,’ അയാൾ പറഞ്ഞു.

‘ഉച്ചഭക്ഷണമില്ല.’

അയാൾ തോൾ കുലുക്കി. കുട്ടികൾ അടുക്കളയിലേക്കു കടന്നുവരാതിരിക്കാൻ അയാൾ നടുമിറ്റത്തെ മതിലിലെ ദ്വാരങ്ങൾ അടയ്ക്കാൻ ശ്രമിച്ചു. തിരിച്ച് ഹാളിലേക്കു വരുമ്പോൾ മേശപ്പുറത്ത് ഭക്ഷണമുണ്ടായിരുന്നു.

ഭക്ഷണം കഴിക്കുന്ന സമയം മുഴുവൻ ഭാര്യ കരയാതിരിക്കാൻ പണിപ്പെടുകയാണെന്ന് കേണലിന് മനസ്സിലായി. ഇത് തീർച്ചയായും അയാളെ ഭയപ്പെടുത്തി. അയാൾക്ക് ഭാര്യയുടെ സ്വഭാവം നന്നായി അറിയാമായിരുന്നു; സ്വാഭാവികമായ മനക്കരുത്ത്, നാൽപ്പതുവർഷത്തെ തിക്താനുഭവങ്ങൾ കൂടുതൽ കരുത്തുറ്റതാക്കിയിരുന്നു. മകൻെറ മരണം അവളുടെ കണ്ണിൽ നിന്നും ഒരിറ്റു കണ്ണുനീർ പോലും വീഴ്ത്താൻ പര്യാപ്തമായില്ല.

അയാൾ ശാസനാഭാവത്തിൽ അവളുടെ കണ്ണുകളിലേക്ക് നോക്കി. അവൾ ചുണ്ടു കടിച്ചു, വസ്ത്രത്തിൻെറ കൈ കൊണ്ട് കണ്ണുകൾ തുടച്ചു, എന്നിട്ട് ഭക്ഷണം കഴിക്കൽ തുടർന്നു.

‘നിങ്ങൾക്ക് ഒരു ദാക്ഷിണ്യവുമില്ല,’ അവൾ പറഞ്ഞു.

കേണൽ മിണ്ടിയില്ല.

‘നിങ്ങൾ തന്നിഷ്ടക്കാരനും പിടിവാശിക്കാരനും ദാക്ഷിണ്യമില്ലാത്തവനുമാണ്,’ അവൾ ആവർത്തിച്ചു. അവൾ കത്തിയും മുള്ളും പ്ലേറ്റിൽ കുറുകെ വെച്ചു, ഉടൻ തന്നെ എന്തോ അന്ധവിശ്വാസം കൊണ്ടെന്നപോലെ അവയുടെ സ്ഥാനം ശരിയാക്കി. ‘ഒരു ജീവിതകാലം മുഴുവൻ അഴുക്കു ഭക്ഷിച്ചിട്ട് ഇപ്പോൾ ഒരു കോഴിയോടുള്ള പരിഗണനപോലും ഞാനർഹിക്കുന്നില്ല എന്നായി.’

‘അത് വ്യത്യസ്തമാണ്,’ കേണൽ പറഞ്ഞു.

‘ഒന്നു തന്നെ,’ സ്ത്രീ പ്രതിവചിച്ചു. ‘ഞാൻ മരിച്ചുകൊണ്ടിരിക്കയാണെന്ന് നിങ്ങൾ മനസ്സിലാക്കണം. ഇപ്പോൾ എനിക്കുള്ളത് രോഗമല്ല, മറിച്ച്, മന്ദഗതിയിലുള്ള മരണമാണ്.’

ഭക്ഷണമവസാനിക്കുന്നതുവരെ കേണൽ ഒന്നും മിണ്ടിയില്ല.

‘കോഴിയെ വിറ്റാൽ നിൻെറ വലിവ് മാറ്റാൻ കഴിയുമെന്ന് ഡോക്ടർ ഉറപ്പു തരികയാണെങ്കിൽ ഉടൻ തന്നെ ഞാനവനെ വിൽക്കും,‘ അയാൾ പറഞ്ഞു. ‘പക്ഷെ, ഇല്ലെങ്കിൽ ഇല്ല.’

അന്നു വൈകുന്നേരം അയാൾ കോഴിയെ അങ്കക്കളത്തിലേക്കു കൊണ്ടുപോയി. തിരിച്ചെത്തിയപ്പോൾ ഭാര്യ ഒരു ആക്രമണത്തിൻെറ വക്കത്തായിരുന്നു. അവൾ മുടി പിന്നിലേക്കിട്ട് കൈകൾ ഇരുവശത്തേക്കും നീട്ടി ശ്വസനേന്ദ്രിയങ്ങളുടെ ചൂളംവിളികൾക്കു മീതെ ശ്വാസം വലിക്കാനായി ശ്രമിച്ചുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും നടക്കുകയായിരുന്നു. സന്ധ്യ വരെ അവൾ അവിടെയുണ്ടായിരുന്നു. അതിനു ശേഷം അവൾ ഭർത്താവിനോട് ഒന്നും മിണ്ടാതെ പോയി കിടന്നു. കർഫ്യു കഴിഞ്ഞ് അൽപ്പസമയം വരെ അവൾ പ്രാർത്ഥനകൾ ചൊല്ലി. അതിനു ശേഷം കേണൽ വിളക്കു കെടുത്താനൊരുങ്ങി.

പക്ഷെ, അവൾ എതിർത്തു.

‘ഇരുട്ടിൽ മരിക്കാൻ എനിക്കിഷ്ടമില്ല,’ അവൾ പറഞ്ഞു.

കേണൽ വിളക്ക് നിലത്തു തന്നെ വെച്ചു.

അയാൾക്ക് തളർച്ച അനുഭവപ്പെട്ടു തുടങ്ങി. ഒറ്റയടിക്ക് നാൽപ്പത്തിനാലുദിവസം എല്ലാം മറന്ന് ഉറങ്ങി, ജനുവരി 20ാം തീയതി വൈകുന്നേരം മൂന്നു മണിക്ക് അങ്കക്കളത്തിൽ കോഴിയെ വിടാനുള്ള കൃത്യസമയത്ത് ഉണരാൻ കഴിഞ്ഞെങ്കിൽ എന്ന് അയാൾ ആശിച്ചു. പക്ഷെ, ഭാര്യയുടെ ഉറക്കമില്ലായ്മ തന്നെ ഭീഷണിപ്പെടുത്തുന്നതുപോലെ അയാൾക്കു തോന്നി.

‘ഒരേ കഥ തന്നെ, എല്ലായ്പ്പോഴും പോലെ,’ ഒരു നിമിഷത്തിനുശേഷം അവൾ പറഞ്ഞു. ‘മറ്റുള്ളവർക്കു ഭക്ഷിക്കാൻ വേണ്ടി നാം വിശപ്പ് സഹിക്കുന്നു. നാൽപ്പതു വർഷമായി ഇതേ കഥ തന്നെയായിരുന്നു.’

ഉണർന്നിരിക്കുകയാണോ എന്നു ചോദിക്കാനായി നിർത്തുന്നതുവരെ അയാൾ മൗനം പാലിച്ചു. അതെ എന്ന് അയാൾ മറുപടി പറഞ്ഞു. അനായാസമായി ഒഴുകുന്ന കീഴടങ്ങാത്ത സ്വരത്തിൽ അവൾ തുടർന്നു.

‘നമ്മുടെ കോഴിയെ വെച്ച് നമ്മളൊഴികെ എല്ലാവരും വിജയിക്കും. ഒരു ചില്ലിപോലും പന്തയം വെക്കാനില്ലാതെ നമ്മൾ മാത്രമേ ഉണ്ടാവുകയുള്ളു.’

‘ഇരുപതു ശതമാനം കോഴിയുടെ ഉടമസ്ഥന് അവകാശപ്പെട്ടതാണ്.’

‘തിരഞ്ഞെടുപ്പിൽ അവർക്കുവേണ്ടി നിങ്ങളുടെ നട്ടെല്ലൊടിച്ചപ്പോൾ നിങ്ങൾക്കും ഒരു സ്ഥാനം അവകാശപ്പെട്ടതായിരുന്നു,’ അവൾ പ്രതിവചിച്ചു. ‘അഭ്യന്തരയുദ്ധത്തിൽ നിങ്ങൾ സ്വന്തം ജീവൻ അപകടപ്പെടുത്തിയപ്പോൾ നിങ്ങൾക്ക് വിമുക്തഭടന്മാർക്കുള്ള പെൻഷൻ അവകാശപ്പെട്ടതായിരുന്നു. എന്നിട്ടിപ്പോൾ എല്ലാവർക്കും സ്വന്തം ഭാവി സുരക്ഷിതമാണ്. നിങ്ങൾ മാത്രം തികച്ചും ഒറ്റപ്പെട്ട് പട്ടിണികൊണ്ട് മരിക്കുന്നു.’

‘ഞാൻ ഒറ്റയ്ക്കല്ല,’ കേണൽ പറഞ്ഞു.

അയാൾ വിശദീകരിക്കാൻ ശ്രമിച്ചു. പക്ഷെ, ഉറക്കം അയാളെ കീഴ്പ്പെടുത്തി. ഭർത്താവ് ഉറങ്ങിപ്പോയി എന്നു മനസ്സിലാവുന്നതു വരെ അവൾ വിരസമായി സംസാരിച്ചുകൊണ്ടിരുന്നു. അപ്പോൾ അവൾ കൊതുകുവലയ്ക്കുള്ളിൽ നിന്നും പുറത്തു കടന്ന് ഇരുട്ടത്ത് സ്വീകരണമുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു. അവിടെ അവൾ വീണ്ടും സംസാരം തുടർന്നു. പുലർച്ചയ്ക്ക് കേണൽ അവളെ വിളിച്ചു.

പിന്നിൽ നിന്നും കെടാറായ വിളക്കിൻെറ വെളിച്ചത്തിൽ അവൾ ഒരു പ്രേതത്തെപ്പോലെ വാതിക്കൽ പ്രത്യക്ഷപ്പെട്ടു. കൊതുകുവലയിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് അവൾ വിളക്കു കെടുത്തി. അപ്പോഴും അവൾ സംസാരിച്ചുകൊണ്ടിരുന്നു.

‘നമ്മൾ ഒരു കാര്യം ചെയ്യാൻ പോവുകയാണ്,’ കേണൽ അവളെ തടസ്സപ്പെടുത്തി.

‘നമുക്കു ചെയ്യാവുന്ന ഒരേയൊരു കാര്യം കോഴിയെ വിൽക്കുക എന്നതു മാത്രമാണ്,’ സ്ത്രീ പറഞ്ഞു.

‘നമുക്ക് ക്ളോക്കും വിൽക്കാം.’

‘അവർ അതു വാങ്ങില്ല.’

‘നാളെ ഞാൻ അൽവാരോയെ കണ്ട് അയാൾ നാൽപ്പത് പെസൊ തരുമോ എന്ന് നോക്കാം.’

‘അയാൾ അതു തരില്ല.’

‘എന്നാൽ നമുക്ക് ചിത്രം വിൽക്കാം.’

വീണ്ടും സംസാരിക്കാൻ തുടങ്ങിയപ്പോഴേയ്ക്കും സ്ത്രീ വീണ്ടും കൊതുകുവലയ്ക്കു പുറത്തായിരുന്നു. പച്ചമരുന്നുകളുടെ ഗന്ധം നിറഞ്ഞ അവളുടെ ഉഛ്വാസവായു കേണൽ മണത്തറിഞ്ഞു.

'അവർ അതു വാങ്ങില്ല.' അവൾ പറഞ്ഞു.

'നമുക്ക് നോക്കാം,' കേണൽ, സ്വരത്തിൽ യാതൊരു മാറ്റവുമില്ലാതെ സൗമ്യമായി പറഞ്ഞു. 'ഇപ്പോൾ പോയി കിടന്നുറങ്ങ്. നാളെ ഒന്നും വിൽക്കാൻ പറ്റിയില്ലെങ്കിൽ മറ്റെന്തെങ്കിലും ആലോചിക്കാം.'

അയാൾ കണ്ണു തുറന്നു വെക്കാൻ ശ്രമിച്ചു, എന്നാൽ ഉറക്കം അയാളുടെ ദൃഢനിശ്ചയത്തെ തകർത്തു. അയാൾ സ്ഥലകാലമില്ലാത്ത ഒരു വസ്തുവിൻെറ അടിയിലേക്ക് പതിച്ചു. അവിടെ ഭാര്യയുടെ വാക്കുകൾക്ക് മറ്റൊരു പൊരുളാണുണ്ടായിരുന്നത്. പക്ഷെ ഒരു നിമിഷത്തിനു ശേഷം ആരോ തന്നെ തോളിൽ പിടിച്ചു കുലുക്കുന്നതുപോലെ അയാൾക്കു തോന്നി.

'മറുപടി പറയൂ.'

ആ വാക്കുകൾ താൻ കേട്ടത് ഉറക്കത്തിനു മുമ്പാണോ ഉറങ്ങിയതിനു ശേഷമാണോ എന്ന് കേണലിന് പിടികിട്ടിയില്ല.

പുലരി പൊട്ടിവിടരുകയായിരുന്നു. ഞായറാഴ്ചയുടെ ഹരിതാഭമായ വ്യക്തതയിൽ ജനാല തെളിഞ്ഞു നിന്നു. അയാൾക്ക് പനിക്കുന്നതുപോലെ തോന്നി. അയാളുടെ കണ്ണുകൾ ചുട്ടുപോള്ളുന്നുണ്ടായിരുന്നു. തലയ്ക്ക് തെളിച്ചം കിട്ടാൻ അയാൾക്ക് പണിപ്പെടേണ്ടിവന്നു.

'ഒന്നും വിൽക്കാൻ പറ്റിയില്ലെങ്കിൽ നമ്മളെന്തുചെയ്യും?' സ്ത്രീ ആവർത്തിച്ചു.

'അപ്പോഴേയ്ക്കും ജനുവരി ഇരുപത് ആകും,' ശരിക്കും ഉണർന്നുകൊണ്ട് കേണൽ പറഞ്ഞു. 'അന്നു വൈകുന്നേരം തന്നെ അവർ ഇരുപതു ശതമാനം തരും.'

'കോഴി വിജയിക്കുകയാണെങ്കിൽ' സ്ത്രീ പറഞ്ഞു. 'അവൻ തോൽക്കുകയാണെങ്കിലോ. കോഴി തോറ്റേക്കാം എന്നൊരു ചിന്ത നിങ്ങൾക്കുണ്ടായിട്ടില്ല.'

'തോൽക്കാനാവാത്ത ഒരു കോഴിയാണ് അത്.'

'എങ്കിലും തോൽക്കുകയാണെന്നു കരുതുക.'

'അതിനെപ്പറ്റി ആലോചിക്കാൻ ഇനിയും നാൽപ്പത്തിനാലു ദിവസമുണ്ട്.' കേണൽ പറഞ്ഞു.

സ്ത്രീക്ക് ക്ഷമ നശിച്ചു.

'അതുവരെ നമ്മൾ എന്തു ഭക്ഷിക്കും?' അവൾ ചോദിച്ചു. എന്നിട്ട് അവൾ കേണലിൻെറ ഫ്ളാനൽ നിശാവസ്ത്രത്തിൻെറ കോളർ കടന്നുപിടിച്ച് അയാളെ ശക്തമായി കുലുക്കി.

ഈ നിമിഷത്തിലെത്താൻ കേണലിന് എഴുപത്തഞ്ചു വർഷം-ഓരോരോ നിമിഷങ്ങളായി എഴുപത്തഞ്ചു വർഷം-വേണ്ടിവന്നു. അജയ്യനും നിർമ്മലനും എല്ലാം സ്പഷടമാക്കപ്പെട്ടപോലെയും ആണെന്ന തോന്നലോടെ കേണൽ മറുപടി പറഞ്ഞു:

'തീട്ടം.'

**വിവർത്തനം: പരമേശ്വരൻ**